# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**


Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 04** **ഏപ്രിൽ–2011** **ലക്കം 2**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


സർക്കുലർ.......................................................................... 03
നോമ്പുകാല സന്ദേശം .......................................... 07
മേയ് ദിന സന്ദേശം ........................................ 15
48-ാം ലോകദൈവവിളി പ്രാർത്ഥനാദിനം ............. 22
രൂപതാകച്ചേരി വാർത്തകൾ ................................... 28
വൈദിക സെനറ്റ് (Presbyteral Council) തെരഞ്ഞെടുപ്പ് 37
മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ
ഫോളോഅപ്പ് കമ്മിറ്റി ..................................................... 39
മതബോധനരംഗം ........................................................ 40
ബൈബിൾ അപ്പോസ്തലേറ്റ് ...................................... 42
ചെറുപുഷ്പമിഷൻലീഗ് ................................................ 46
കെ. സി. വൈ. എം. ..................................................... 52
കുടുംബപ്രേഷിതത്വം ................................................... 58
സിയോൻ വാർത്തകൾ ................................................ 62
വിൻസെന്റ് ഡി പോൾ സൊസൈറ്റി ....................... 65
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ....................... 69
ജെയിൽ മിനിസ്ട്രി .......................................... 72
റേഡിയോ മാറ്റൊലി ................................................... 73
മീഡിയാ കമ്മീഷൻ .................................................... 74
Mary Matha Arts and Science College ............................. 75
CEDOM (വിദ്യാഭ്യാസ മണ്ഡലം) ................................. 76
ദയാവധം ........................................................................ 79
അറിയിപ്പുകൾ ................................................................ 81
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................... 86
ബിഷപ്സ് പ്രോഗ്രാം ...................................................... 87

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

***Circular No. 3/2011***
***Prot. No.10551/2011***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

അനുദിനം വർദ്ധിച്ചുവരുന്ന ജീവിതചെലവ് കണക്കിലെടുത്ത് ബഹു. വൈദികർ, പള്ളിജീവനക്കാർ എന്നിവരുടെ അലവൻസും അതുപോലെ പടിസാധനവും വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം 2011 മാർച്ച് 10-ാം തീയതി ചേർന്ന രൂപതാ ആലോചനാ സമിതിയോഗത്തിൽ ചർച്ച ചെയ്ത് ആവശ്യമായ തീരുമാനങ്ങൾ എടുത്തു. അതനുസരിച്ച് ബഹു. വൈദികരുടെ അലവൻസ് 2011 ഏപ്രിൽ 1 മുതൽ 5000 രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. മഠത്തിൽ നിന്നും ഭക്ഷണം കഴിക്കുന്ന വൈദികർ ഭക്ഷണ ചെലവിലേയ്ക്കായി 2000 രൂപ ബഹു. സിസ്റ്റേഴ്സിന് നൽകേണ്ടതാണ്.

2011 ഏപ്രിൽ 1 മുതൽ അൾത്താര ശുശ്രൂഷികളുടെയും (കപ്യാർ) സെക്രട്ടറിമാരുടെയും (അക്കൗണ്ടന്റ്) ഇപ്പോൾ നിലവിലുള്ള അടിസ്ഥാന ശമ്പളത്തോടൊപ്പം ഓരോ ഗ്രേഡിലും 10 ഇൻക്രിമെന്റ് കൂടി വർദ്ധിപ്പിച്ച് അടിസ്ഥാന ശമ്പളം പുതുക്കി നിശ്ചയിക്കുന്നു.

**അൾത്താര ശുശ്രൂഷികൾ (കപ്യാർ)**

| ഗ്രേഡ് | പുതുക്കിയ അടിസ്ഥാന ശമ്പളം | ഇൻക്രിമെന്റ് |
|---|---|---|
| A | 2550 | 50 |
| B | 2040 | 40 |
| C | 1530 | 30 |
| D | 1050 | 20 |
| E | 560 | 10 |

### സെക്രട്ടറിമാർ (അക്കൗണ്ടന്റ്)

| ഗ്രേഡ് | പുതുക്കിയ അടിസ്ഥാന ശമ്പളം | ഇൻക്രിമെന്റ് |
|---|---|---|
| A | 1275 | 25 |
| B | 1020 | 20 |
| C | 765 | 15 |
| D | 510 | 10 |
| E | 435 | 10 |

വൈദികർ സ്ഥിരതാമസമുള്ളതും ദിവസവും വി.കുർബാനയുള്ളതുമായ E ഗ്രേഡിൽപ്പെട്ട പള്ളികളിൽ സ്ഥിരമായി അൾത്താര ശുശ്രൂഷിയുണ്ടെങ്കിൽ D ഗ്രേഡിലുള്ള അൾത്താര ശുശ്രൂഷികൾക്ക് കൊടുക്കേണ്ട ശമ്പളം കൊടുക്കേണ്ടതാണ്. ഇടവകയിൽ മുഴുവൻ സമയ സെക്രട്ടറിമാരുണ്ടെങ്കിൽ പള്ളിപ്രതിനിധിയോഗത്തിലോ പൊതുയോഗത്തിലോ തീരുമാനിച്ച് രൂപതാ കച്ചേരിയുടെ അനുവാദത്തോടെ ശമ്പളത്തിന്റെ തുക നിശ്ചയിക്കാവുന്നതാണ്. പൊതുവായി നിശ്ചയിക്കുന്ന സംഖ്യയിൽ കൂടുതലായ തുക നൽകേണ്ട പ്രത്യേക സാഹചര്യമുണ്ടെങ്കിൽ രൂപതാ കച്ചേരിയുടെ അനുവാദത്തോടെ നൽകുകയും കണക്കെഴുതുമ്പോൾ അധിക തുക പ്രത്യേക ആനുകൂല്യമായി ചേർക്കുകയും ചെയ്യേണ്ടതാണ്.

ബഹു. വൈദികർ തിരുനാളിനോടനുബന്ധിച്ചും മറ്റും നൊവേനയ്ക്കായി നിശ്ചിത തുക വാങ്ങിക്കുകയാണെങ്കിൽ ഓരോ തുകയ്ക്കും ഓരോ നൊവേന തന്നെ ചൊല്ലേണ്ടതാണ്. അങ്ങനെ ചൊല്ലാൻ സാധിക്കാത്തപക്ഷം അക്കാര്യം വ്യക്തമായി അവരെ അറിയിച്ച് പണം വാങ്ങാതിരിയ്ക്കണം. തിരുനാളിനോടനുബന്ധിച്ച് ഓരോ ദിവസത്തെയും ചിലവിനോ തിരുനാളിന്റെ പൊതുചിലവിനോ കാഴ്ചവയ്പായോ സംഭാവനയായോ പ്രസുദേന്തിമാരിൽ നിന്നും മറ്റും തുക സ്വീകരിക്കുന്നതിന് തടസ്സമില്ല. എന്നാൽ ഇങ്ങനെ സ്വീകരിക്കുമ്പോൾ ഇവർക്ക് ഓരോരുത്തർക്കും വേണ്ടി വി.കുർബാനയും നൊവേനയും അർപ്പിക്കുകയില്ലായെന്നും ഇവർക്കുവേണ്ടി വി. കുർബാനയിലും നൊവേനയിലും പ്രത്യേകമായി പ്രാർത്ഥിക്കുന്നതായിരിക്കുമെന്നും ദൈവജനത്തെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

ഇതോടൊപ്പം 2007 ലെ മാനന്തവാടി രൂപതാ നിയമാവലിയിൽ ദേവാലയ ശുശ്രൂഷികളുടെയും അക്കൗണ്ടന്റിന്റെയും ശമ്പളം എന്ന തലക്കെട്ടിൽ നമ്പർ 7 ഉം നമ്പർ 14 ഉം താഴെ പറയുന്ന വിധം ഭേദഗതി ചെയ്തിരിക്കുന്നു. ***റിട്ടയർ ചെയ്യുമ്പോൾ സേവനം ചെയ്ത വർഷ***

***ങ്ങൾക്ക് പ്രതിവർഷം അരമാസത്തെ ശമ്പളം (ഏറ്റവും ഒടുവിൽ ലഭിച്ച പ്രകാരം) ആനുകൂല്യമായി നൽകേണ്ടതാണ്.*** (ഇതിലേയ്ക്ക് *പരിഗണിക്കുന്ന പരമാവധി സർവ്വീസ് 25 വർഷമായിരിക്കും എന്ന വകുപ്പ് റദ്ദ് ചെയ്യുന്നു.* പകരം എത്ര വർഷം സേവനം ചെയ്തുവോ അത്രയും വർഷം കണക്കാക്കി ആനുകൂല്യം നൽകേണ്ടതാണ്.)

ദേവാലയ ശുശ്രൂഷിയ്ക്കും അക്കൗണ്ടന്റിനും 13-ാം മാസത്തെ ശമ്പളം കൊടുക്കുവാനും അത് സംയുക്തമായി ബഹു. വികാരിയുടെയും ദേവാലയ ശുശ്രൂഷിയുടെ/അക്കൗണ്ടന്റിന്റെയും അക്കൗണ്ടിൽ ബാങ്കിൽ നിക്ഷേപിക്കാനും എല്ലാവർഷവും ഏപ്രിൽ 1 മുതൽ ഇൻക്രിമെന്റ് നൽകുവാനും ക്രിസ്തുമസ്സിനും ഈസ്റ്ററിനും പ്രധാന തിരുനാളിനും ശമ്പളത്തിന്റെ 10 ശതമാനം ഫെസ്റ്റിവൽ അലവൻസായി നൽകുവാനും (സെക്രട്ടറിയ്ക്ക് ബാധകമല്ല) ബഹു. വൈദികർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പുതുക്കിയ പടിസാധനങ്ങൾ താഴെ ചേർക്കുന്നു. ഇതനുസരിച്ച് ഓരോ ദിവസവും നടത്തപ്പെടുന്ന തിരുക്കർമ്മങ്ങളുടെയും കണക്ക് പ്രത്യേകം സൂക്ഷിക്കുകയും മാസാവസാനം അത് കൊടുക്കേണ്ടവർക്ക് കൊടുത്ത് രസീത്, വൗച്ചർ വാങ്ങുകയും ചെയ്യാൻ ബഹു. വികാരിമാർ ശ്രദ്ധിക്കണം.

## പടിസാധനം 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നത്

| തിരുക്കർമ്മങ്ങൾ | പള്ളിക്ക് | കാർമ്മികന് | സഹകാർമ്മികന് | കപ്യാർക്ക് | പാട്ടുകാർക്ക് | ആകെ |
|---|---|---|---|---|---|---|
| ഒറ്റകുർബാന | | 50 | | | | 50 |
| പാട്ടുകുർബാന | | 60 | | 20 | 20 | 100 |
| ഗ്രിഗോറിയൻ ഒറ്റ കുർബാന | | 2500 | | | | 2500 |
| ഗ്രിഗോറിയൻ പാട്ടുകുർബാന | | 5000 | | | | 5000 |
| റാസ | | 60 | 40 X 3 | 30 | 40 | 250 |
| ചെറിയ ഒപ്പീസ് പള്ളിയിൽ | | 14 | | 06 | | 20 |
| ചെറിയ ഒപ്പീസ് സെമിത്തേരിയിൽ | | 20 | | 10 | | 30 |
| വലിയ ഒപ്പീസ് | | 40 | | 20 | 20 | 80 |
| ലദീഞ്ഞ് | | 30 | | 20 | 30 | 80 |
| സമർപ്പണം (അടിമ) | 20 | | | | | 20 |

| | | | | | | |
|---|---|---|---|---|---|---|
| ശ്രാദ്ധം, ഊട്ട് | | 70 | | 30 | | 100 |
| വീടു വെഞ്ചരിപ്പ് അപേക്ഷപ്രകാരം | | 70 | | 30 | | 100 |
| കൊടിയേറ്റ് | | 20 | | 10 | 20 | 50 |
| പ്രദക്ഷിണം സാധാരണ തിരുനാൾ | | 50 | | 20 | 30 | 100 |
| പ്രദക്ഷിണം പ്രധാന തിരുനാൾ | | 100 | | 40 | 60 | 200 |
| പ്രസംഗം | | 200 | | | | 200 |
| കഴുന്ന്, മുടി, പുഷ്പം | 20 | | | | | 20 |
| കഴുന്ന് etc. വീടുകളിൽ നിന്ന് കൊണ്ടു വരുന്നതിന് | | 70 | | 40 | 40 | 150 |
| നിത്യകുർബാന (ഒറ്റകുർബാന) 25 വർഷം | 1500 | | | | | 1500 |
| നിത്യകുർബാന (പാട്ട്) 25 വർഷം | 3000 | | | | | 3000 |
| നൊവേന | 60 | | | | | 60 |
| അന്നീദ | | 10 | | | | 10 |

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും മാർച്ച് 10-ാം തീയതി നൽകപ്പെട്ടത്.






**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

**NB:- ഈ സർക്കുലറിലെ പ്രസക്തഭാഗങ്ങൾ പള്ളിയിൽ അറിയിക്കേണ്ടതാണ്.**

# നോമ്പുകാലസന്ദേശം - 2011

## ബെനഡിക്ട് പതിനാറാമൻ മാർപാപ്പ

**"ജ്ഞാനസ്നാനം വഴി നിങ്ങൾ അവനോടൊപ്പം സംസ്കരിക്കപ്പെട്ടു. അതിൽ നിങ്ങൾ അവനോടുകൂടെ ഉയിർപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു" (cf. കൊളോ 2:12)**

പ്രിയ സഹോദരീ സഹോദരന്മാരേ,

ഉയിർപ്പുതിരുനാളാഘോഷത്തിലേയ്ക്കു നമ്മെ നയിക്കുന്ന നോമ്പുകാലം സഭയെ സംബന്ധിച്ചിടത്തോളം ഏറ്റവും വിലപ്പെട്ടതും പ്രധാനപ്പെട്ടതുമായ ലിറ്റർജിക്കൽ കാലഘട്ടമാണ്. തന്മൂലം, അത് തക്ക ഉത്സാഹത്തോടെ ജീവിക്കുന്നതിന് സവിശേഷമായ ഒരു വാക്കു പറയാൻ എനിക്ക് സന്തോഷമുണ്ട്. സഭാസമൂഹം ശാശ്വതമായ ഉയിർപ്പിൽ തന്റെ മണവാളനെ സുനിശ്ചിതമായി കണ്ടുമുട്ടാൻ കാത്തിരിക്കുമ്പോൾ പ്രാർത്ഥനയിലും ജീവകാരുണ്യപ്രവർത്തനത്തിലും മുഴുകുന്നു. ആത്മാവിനെ വിശുദ്ധീകരിക്കാനുള്ള യാത്ര തീവ്രതരമാക്കുന്നു. രക്ഷാകരരഹസ്യത്തിൽ നിന്ന് കർത്താവായ ക്രിസ്തുവിലുള്ള ജീവിതത്തെ കൂടുതൽ സമൃദ്ധമായി സ്വീകരിക്കുന്നതിനുവേണ്ടിയാണത്.

1. ഈ നവജീവിതം മാമ്മോദീസായുടെ ദിവസം നമുക്കു നൽകിയിട്ടുണ്ട്. അന്നു നമ്മൾ "ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കുകാരായി". അന്ന് "അവിടുത്തെ ശിഷ്യത്വത്തിലുള്ള സന്തോഷപ്രദവും ആഹ്ലാദകരവുമായ സാഹസികയത്നം" നമ്മൾ തുടങ്ങി (കർത്താവിന്റെ മാമ്മോദീസായുടെ തിരുനാൾ ദിനത്തെ പ്രഭാഷണം, 10 ജനുവരി 2010). ഈ ആഗ്രഹം ഉത്പ്പാദിപ്പിക്കുന്നതും ദൈവപുത്രനോടുള്ളതുമായ അതുല്യസംസർഗ്ഗത്തെക്കുറിച്ച് വിശുദ്ധ പൗലോസ് ശ്ലീഹ വീണ്ടും വീണ്ടും ഊന്നിപ്പറയുന്നുണ്ട്. മാമ്മോദീസ മിക്കവാറും ശൈശവത്തിലാണ് സ്വീകരിക്കുന്നത്. അത് എങ്ങനെ ദൈവത്തിന്റെ ദാനമായിരിക്കുന്നുവെന്നത് ആ വസ്തുത വ്യക്തമാക്കുന്നുണ്ട്: ആരും സ്വന്തം പരിശ്രമത്തിലൂടെ നിത്യജീവൻ സമ്പാദിക്കുന്നില്ല. പാപത്തെ ഇല്ലായ്മ ചെയ്യുന്നതും അതേ സമയം, നമ്മുടെ ജീവിതത്തിൽ "യേശുക്രിസ്തുവിന്റെ മനസ്സ്" (ഫിലി 2:5) അനുഭവിച്ചറിയാൻ അനുവദിക്കുന്നതുമായ ദൈവകാരുണ്യം മനുഷ്യർക്ക് സൗജന്യദാനമായി നൽകപ്പെടുന്നു. ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലുമുള്ള ഭാഗഭാഗിത്വം

വഴി സംഭവിക്കുന്ന രൂപാന്തരീകരണത്തിന്റെ അർത്ഥം വിജാതീയരുടെ അപ്പസ്തോലൻ, ഫിലിപ്പിയാക്കാർക്കായുള്ള ലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട്. അതിന്റെ ലക്ഷ്യം സൂചിപ്പിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്: "അത് അവനെയും അവന്റെ ഉത്ഥാനത്തിന്റെ ശക്തിയേയും ഞാൻ അറിയുന്നതിനും അവന്റെ സഹനത്തിൽ പങ്കുചേരുന്നതിനും അവന്റെ മരണത്തോടു താദാത്മ്യപ്പെടുന്നതിനും വേണ്ടിയാണ്. അങ്ങനെ മരിച്ചവരിൽ നിന്നുള്ള ഉയിർപ്പ് പ്രാപിക്കാമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു" (ഫിലിപ്പി 3:10-11) എന്നിങ്ങനെ അദ്ദേഹം പറയുന്നു. അതുകൊണ്ട് മാമ്മോദീസ ഭൂതകാലത്തുനിന്നുള്ള ഒരനുഷ്ഠാനമല്ല. പിന്നെയോ ക്രിസ്തുവുമായുള്ള കണ്ടുമുട്ടലാണ്. അത് ദൈവികജീവൻ നൽകിക്കൊണ്ടും ആത്മാർത്ഥമായ മാനസാന്തരത്തിലേക്ക് വിളിച്ചുകൊണ്ടും മാമ്മോദീസ സ്വീകരിച്ചവന്റെ മുഴുവൻ അസ്തിത്വത്തെയും രൂപവത്ക്കരിക്കുന്നു. കൃപാവരത്താൽ ആരംഭിക്കുകയും പിന്താങ്ങപ്പെടുകയും ചെയ്തുകൊണ്ട് അത് മാമ്മോദീസ സ്വീകരിച്ചവനെ ക്രിസ്തുവിന്റെ പക്വതയിലെത്തിച്ചേരാൻ അനുവദിക്കുന്നു.

മാമ്മോദീസയും നോമ്പുകാലവും തമ്മിൽ പ്രത്യേകമായ ഒരു ബന്ധമുണ്ട്. കാരണം, ഈ രക്ഷാകരകൃപ അനുഭവിച്ചറിയാൻ അനുകൂലമായ കാലമാണത്. "നോമ്പുകാല ലിറ്റർജിയുടെ മാമ്മോദീസാപരമായ സവിശേഷതകൾ" (ആരാധനക്രമം, നമ്പർ 109) കൂടുതലായി ഉപയോഗിക്കാൻ രണ്ടാം വത്തിക്കാൻ കൗൺസിലിലെ പിതാക്കന്മാർ സഭയുടെ സകല അജപാലകരെയും ആഹ്വാനം ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ സഭ എന്നും ഈസ്റ്റർ ജാഗരണത്തെ മാമ്മോദീസായുടെ ആഘോഷവുമായി ബന്ധിപ്പിച്ചിരുന്നു. ഈ കൂദാശ മഹത്തായ ഒരു രഹസ്യത്തെ സാക്ഷാത്കരിക്കുന്നു. ആ രഹസ്യത്തിൽ മനുഷ്യൻ പാപത്തിനു മരിക്കുകയും ഉത്ഥിതനായ ക്രിസ്തുവിന്റെ നവജീവിതത്തിൽ പങ്കുചേരുകയും യേശുവിനെ മൃതരിൽ നിന്ന് ഉയിർപ്പിച്ച അതേ പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്യുന്നു (cf.റോമ 3:11). ഈ സൗജന്യദാനത്തെ നമ്മിൽ ഓരോരുത്തരിലും എപ്പോഴും പുനരുജ്ജ്വലിപ്പിക്കണം. നോമ്പുകാലം സ്നാനാർത്ഥിത്വത്തിന്റേതുപോലുള്ള ഒരു വഴി നമുക്കു നൽകുന്നു. സ്നാനാർത്ഥിത്വകാലമാകട്ടെ, ആദിമസഭയിലെ ആളുകൾക്ക്, ഇന്നത്തെ സ്നാനാർത്ഥികൾക്കെന്നപോലെ തന്നെ, വിശ്വാസത്തിന്റെയും ക്രൈസ്തവജീവിതത്തിന്റെയും പകരംവയ്ക്കാനാവാത്ത വിദ്യാലയമാണ്. യഥാർത്ഥത്തിൽ, തങ്ങളുടെ മുഴുവൻ അസ്തിത്വത്തെയും രൂപപ്പെടുത്തുന്ന ഒരു കർമ്മമായി അവർ തങ്ങളുടെ മാമ്മോദീസ ജീവിക്കുന്നു.

2. ഉയിർപ്പുതിരുനാളിലേക്കുള്ള നമ്മുടെ യാത്ര കൂടുതൽ ഗൗരവത്തോടെ തുടങ്ങാനും മുഴുവൻ ലിറ്റർജിക്കൽ വർഷത്തിലെയും ഏറ്റവും സന്തോഷകരവും ആഘോഷപൂർവ്വകവുമായ കർത്താവിന്റെ ഉയിർപ്പ് ആഘോഷിക്കാൻ തയ്യാറാകാനും ദൈവവചനത്താൽ നയിക്കപ്പെടാൻ സ്വയം അനുവദിക്കുകയെന്നതിനെക്കാൾ സമുചിതമായി മറ്റെന്താണുള്ളത്? ഇക്കാരണത്താൽ, സഭ നോമ്പുകാലത്തെ ഞായറാഴ്ചകളിൽ വായിക്കുന്ന സുവിശേഷപാഠങ്ങളിൽ കർത്താവുമായുള്ള സവിശേഷവും തീവ്രവുമായ കണ്ടുമുട്ടലിലേയ്ക്കു നയിക്കുന്നു. ക്രൈസ്തവ പ്രാരംഭകർമ്മത്തിന്റെ പടികളെ വീണ്ടും കണ്ടെത്താൻ ക്ഷണിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. ജ്ഞാനസ്നാനാർത്ഥികളെ സംബന്ധിച്ചിടത്തോളം പുനർജനനത്തിന്റെ കൂദാശ സ്വീകരിക്കാനുള്ള തയ്യാറെടുപ്പാണത്; സ്നാനം സ്വീകരിച്ചവർക്ക് ക്രിസ്ത്വനുകരണത്തിൽ സ്വീകരിക്കേണ്ട നവീനവും സുനിശ്ചിതവുമായ നടപടികളുടെ വെളിച്ചത്തിൽ, അവിടുത്തേയ്ക്ക് കൂടുതൽ പൂർണമായി സമർപ്പിക്കലാണത്.

നോമ്പുകാലയാത്രയിലെ ഒന്നാമത്തെ ഞായറാഴ്ച ഭൂമിയിൽ മനുഷ്യരെന്ന നിലയിലുള്ള നമ്മുടെ അവസ്ഥ വ്യക്തമാക്കുന്നു. പ്രലോഭനത്തിനെതിരെ നടത്തിയ വിജയപ്രദമായ സമരമാണ് ക്രിസ്തുവിന്റെ ദൗത്യത്തിന്റെ ആരംഭം. നമ്മുടെ ദുർബലതയെക്കുറിച്ച് ബോധമുണ്ടാകാനുള്ള ക്ഷണമാണത്. പാപത്തിൽ നിന്നും രക്ഷിക്കുകയും വഴിയും സത്യവും ജീവനുമായ ക്രിസ്തുവിൽ നിന്ന് പുതിയ ശക്തി നിവേശിപ്പിക്കുകയും ചെയ്യുന്ന കൃപാവരം സ്വീകരിക്കുന്നതിനുവേണ്ടിയാണത്. (cf. പ്രായമായവർക്കുള്ള ക്രൈസ്തവ പ്രവേശനക്രമം നമ്പർ 25). ക്രിസ്തുവിന്റെ മാതൃക അനുകരിച്ചും അവിടുത്തോടുകൂടിയും നടത്തേണ്ട ഒരു യുദ്ധം ഉൾക്കൊള്ളുന്നുണ്ട് ക്രൈസ്തവ വിശ്വാസത്തിലെന്ന് ശക്തിയുക്തം ഓർമ്മിപ്പിക്കലാണത്. "ഈ ലോകത്തിലെ അന്ധകാരത്തിന്റെ അധിപന്മാരായി ഭരിക്കുന്ന ശക്തികൾക്കെതിരെയുള്ള" (cf എഫേ 6:12) യുദ്ധമാണത്. അതിൽ സാത്താൻ, ഒരിക്കലും പിന്മാറാതെ – ഇന്നും – പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കർത്താവിനോട് കൂടുതൽ അടുക്കാൻ ആഗ്രഹിക്കുന്ന ആരെയും പ്രലോഭിപ്പിക്കുന്ന പ്രവൃത്തി തുടർന്നുകൊണ്ടിരിക്കുന്നു. നമ്മുടെ ഹൃദയങ്ങളെ പ്രത്യാശയിലേക്കു തുറക്കാനും തിന്മയുടെ പ്രലോഭനങ്ങളെ കീഴടക്കുന്നതിൽ നമ്മെ നയിക്കാനും ക്രിസ്തു വിജയിച്ചവനായി വരുന്നു.

കർത്താവിന്റെ മറുരൂപപ്പെടലിനെ സംബന്ധിച്ച സുവിശേഷം ക്രിസ്തുവിന്റെ മഹത്ത്വം നമ്മുടെ കൺമുമ്പിൽ അവതരിപ്പിക്കുന്നു. അത് ഉത്ഥാനത്തെ മുൻകൂട്ടി അറിയിക്കുന്നു. മനുഷ്യന്റെ ദൈവത്വവത്ക

രണത്തെ അറിയിക്കുകയും ചെയ്യുന്നു. പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെയെന്നപോലെ "ഉയർന്ന മലയിലേക്ക്" (മത്താ.17:1) യേശു തങ്ങളെ നയിക്കുന്നുവെന്ന് ക്രൈസ്തവസമൂഹം അറിയുന്നു. അങ്ങനെ നയിക്കുന്നതാകട്ടെ ദിവ്യസുതന്റെ പുത്രീപുത്രന്മാരെന്ന നിലയിൽ ഒരിക്കൽകൂടി ക്രിസ്തുവിൽ ദൈവവരപ്രസാദമെന്ന ദാനം സ്വീകരിക്കാനാണ്: "ഇവൻ എന്റെ പ്രിയപുത്രൻ. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ഇവന്റെ വാക്കു ശ്രവിക്കുവിൻ" (മത്താ.17:5). ദൈവസാന്നിദ്ധ്യത്തിൽ മുഴുകാൻ വേണ്ടി അനുദിനജീവിതത്തിന്റെ ബഹളങ്ങളിൽ നിന്ന് അകന്നു നിൽക്കാനുള്ള ഒരു ക്ഷണമാണത്. നമ്മുടെ ആത്മാവിന്റെ ആഴങ്ങളിലേയ്ക്ക് ചുഴിഞ്ഞിറങ്ങുന്ന ഒരു ദിവ്യവചനം ഓരോ ദിവസവും നമുക്കു നൽകാൻ അവിടുന്ന് ആഗ്രഹിക്കുന്നു. കർത്താവിനെ പിഞ്ചെല്ലാൻ നമ്മുടെ മനസ്സിനെ ശക്തിപ്പെടുത്തിക്കൊണ്ട് അവിടെ നാം നന്മയെ തിന്മയിൽ നിന്നു തിരിച്ചറിയുന്നു (cf ഹെബ്രാ 4:12).

മൂന്നാം ഞായറാഴ്ചയുടെ ലിറ്റർജിയിൽ "എനിക്കു കുടിക്കാൻ തരുക" (യോഹ 4:7) എന്നിങ്ങനെ യേശു സമരിയാക്കാരിയോട് ആവശ്യപ്പെട്ടത് നമ്മുടെ കൺമുമ്പിൽ അവതരിപ്പിക്കുന്നു. ഇത് ദൈവത്തിന് ഓരോ മനുഷ്യനെയും സംബന്ധിച്ചുള്ള തീവ്രമായ താൽപ്പര്യം വ്യക്തമാക്കുന്നു. നമ്മുടെ ഹൃദയത്തിൽ "നിത്യജീവനിലേയ്ക്ക് പ്രവഹിക്കുന്ന നീരുറവ" (യോഹ. 4:14) ആകുന്ന ദാനത്തിനായുള്ള ഒരാഗ്രഹം ഉണർത്താൻ അത് ആഗ്രഹിക്കുന്നു. അത് പരിശുദ്ധാത്മാവാകുന്ന ദാനമാണ്. അവിടന്ന് ക്രൈസ്തവരെ, "ആത്മാവിലും സത്യത്തിലും" (യോഹ 4:23) പിതാവിനോട് പ്രാർത്ഥിക്കാൻ കഴിവുള്ള " യഥാർത്ഥ ആരാധക"രാക്കി മാറ്റും. നന്മയ്ക്കും സത്യത്തിനും സൗന്ദര്യത്തിനും വേണ്ടിയുള്ള നമ്മുടെ ദാഹം ശമിപ്പിക്കാൻ ഈ ജലത്തിനു മാത്രമേ കഴിയുകയുള്ളു. വി. ആഗസ്തീനോസിന്റെ സുപ്രസിദ്ധ വാക്കുകൾ പോലെ "ദൈവത്തിൽ വിശ്രമിക്കുവോളം" അസ്വസ്ഥവും അസംതൃപ്തവുമായ നമ്മുടെ ആത്മാവിന്റെ മരുഭൂമികളെ നനയ്ക്കുവാൻ ദിവ്യപുത്രൻ നമുക്കു നൽകുന്ന ഈ ജലത്തിനു മാത്രമേ കഴിയുകയുള്ളൂ.

ജന്മനാ അന്ധനായ മനുഷ്യനെ അവതരിപ്പിക്കുന്ന ഞായറാഴ്ച ക്രിസ്തുവിനെ ലോകത്തിന്റെ പ്രകാശമായി അവതരിപ്പിക്കുകയാണ്. മനുഷ്യപുത്രനിൽ നീ വിശ്വസിക്കുന്നുണ്ടോ? എന്ന ചോദ്യം നമ്മിൽ ഓരോരുത്തരോടും സുവിശേഷം ചോദിക്കുന്നു. "കർത്താവേ ഞാൻ വിശ്വസിക്കുന്നു" (യോഹ. 9:35-38) എന്ന് ജന്മനാ അന്ധനായവൻ സന്തോഷപൂർവ്വം ഉദ്ഘോഷിക്കുന്നു. എല്ലാ വിശ്വാസികളുടെയും ശബ്ദമാണത്. ആ അന്ധനെ സുഖപ്പെടുത്തിയ അദ്ഭുതകൃത്യം ഒരടയാള

മാണ്. ക്രിസ്തു നമുക്ക് കാഴ്ച നൽകാൻ മാത്രമല്ല നമ്മുടെ ആന്ത രികകാഴ്ച തുറക്കാനും അവിടുന്ന് ആഗ്രഹിക്കുവെന്നതിന്റെ അടയാളം. നമ്മുടെ വിശ്വാസം, പൂർവ്വാധികം അഗാധമാകാനും നമ്മുടെ ഏകരക്ഷ കനായി അവിടത്തെ അംഗീകരിക്കാനും വേണ്ടിയാണത്. ജീവിതത്തിൽ ഇരുട്ടിലുള്ളതിനെയെല്ലാം അവിടുന്ന് പ്രകാശിപ്പിക്കുന്നു. വെളിച്ചത്തിന്റെ മക്കളായി ജീവിക്കാൻ മനുഷ്യരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

അഞ്ചാം ഞായറാഴ്ച ലാസറിന്റെ ഉയിർപ്പിനെപ്പറ്റി പ്രഘോഷി ക്കുമ്പോൾ നമ്മുടെ അസ്തിത്വത്തിന്റെ ആത്യന്തികമായ രഹസ്യത്തെ നാം നേരിടുകയാണ്. "ഞാൻ ജീവനും തിരുവുത്ഥാനവുമാണ്... നീ ഇത് വിശ്വസിക്കുന്നുണ്ടോ?'' (യോഹ. 11:25-26). ക്രൈസ്തവ സമൂഹത്തെ സംബന്ധിച്ചിടത്തോളം, ആത്മാർത്ഥതയോടെ, മർത്തയോടൊപ്പം സർവ്വപ്രത്യാശയും നസ്രായനായ യേശുവിൽ സമർപ്പിക്കാനുള്ള നിമിഷമാണിത്: "ഉവ്വ് കർത്താവേ, നീ ലോകത്തി ലേക്കു വരാനിരിക്കുന്ന ദൈവപുത്രനായ ക്രിസ്തു ആണെന്ന് ഞാൻ വിശ്വസിക്കുന്നു" (യോഹ 11:27). ഈ ജീവിതത്തിൽ ക്രിസ്തുവുമായുള്ള സംസർഗം മരണമെന്ന തടസ്സത്തെ അതിജീവിക്കാൻ നമ്മെ ശക്തരാ ക്കുന്നു. നാം അവിടുത്തോടൊപ്പം ശാശ്വതമായി ജീവിക്കാൻ വേണ്ടി ത്തന്നെ. മൃതരുടെ ഉത്ഥാനത്തിലുള്ള വിശ്വാസവും നിത്യജീവിതത്തി ലുള്ള പ്രത്യാശയും നമ്മുടെ അസ്തിത്വത്തിന്റെ ആത്യന്തികമായ അർത്ഥത്തിലേക്കു നമ്മുടെ കണ്ണുകൾ തുറന്നു: ദൈവം മനുഷ്യരെ സൃഷ്ടിച്ചത് ഉത്ഥാനത്തിനും ജീവനും വേണ്ടിയാണ്. ഈ സത്യം മനു ഷ്യചരിത്രത്തിനും മനുഷ്യരുടെ വ്യക്തിപരവും സാമൂഹികവുമായ ജീവി തത്തിനും സംസ്കാരത്തിനും രാഷ്ട്രീയത്തിനും സാമ്പത്തികതയ്ക്കും അകൃത്രിമവും സുനിശ്ചിതവുമായ അർത്ഥം നൽകുന്നു. വിശ്വാസമാ കുന്ന പ്രകാശമില്ലാതിരുന്നാൽ പ്രപഞ്ചം മുഴുവനും യാതൊരു ഭാവിയും യാതൊരു പ്രത്യാശയും ഇല്ലാതെ ഒരു ശവക്കല്ലറയിൽ അടച്ചുമൂടപ്പെട്ട് അവസാനിക്കും.

നോമ്പുകാലയാത്ര പെസഹാദിനത്രയത്തിൽ, പ്രത്യേകിച്ച് വിശു ദ്ധരാത്രിയുടെ മഹാജാഗരണത്തിൽ അതിന്റെ പൂർണ്ണത കണ്ടെത്തുന്നു. നമ്മുടെ മാമ്മോദീസാപരമായ വാഗ്ദാനങ്ങൾ പുതുക്കിക്കൊണ്ട് ക്രിസ്തുവാണ് നമ്മുടെ ജീവന്റെ കർത്താവെന്ന് നാം വീണ്ടും ഉറപ്പിച്ചു പറയുന്നു. നമ്മൾ "ജലത്താലും പരിശുദ്ധാത്മാവിനാലും" വീണ്ടും ജനി ച്ചപ്പോൾ നമുക്കു ദൈവം നൽകിയ ജീവനാണത്. അവിടുത്തെ ശിഷ്യ രായിക്കുന്നതിന് കൃപാവരത്തിന്റെ പ്രവർത്തനത്തോടു പ്രത്യുത്തരിക്കാ നുള്ള സമർപ്പണം നാം വീണ്ടും ഏറ്റുപറയുന്നു.

3. മാമ്മോദീസയുടെ കൂദാശ വഴി ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലും നാം മുഴുകുന്നു. ഭൗതിക വസ്തുക്കളുടെ ഭാരത്തിൽ നിന്ന് ഓരോ ദിവസും നമ്മുടെ ഹൃദയങ്ങളെ സ്വതന്ത്രമാക്കാൻ നാം പ്രേരിപ്പിക്കപ്പെടുന്നു. നമ്മെ ദരിദ്രരാക്കുകയും ദൈവത്തോടും മനുഷ്യരോടുമുള്ള തുറവിയിൽ നിന്നും സംലഭ്യതയിൽ നിന്നും നമ്മെ തടയുകയും ചെയ്യുന്ന ലോകവുമായുള്ള സ്വാർത്ഥതാപരമായ ബന്ധത്തിൽ നിന്നും നാം സ്വതന്ത്രരാകാൻ പ്രേരിപ്പിക്കപ്പെടുന്നു. ദൈവം ക്രിസ്തുവിൽ സ്നേഹമായി തന്നെത്തന്നെ വെളിപ്പെടുത്തി (cf. 1 യോഹ. 4:7–10). ക്രിസ്തുവിന്റെ കുരിശ്, "കുരിശിന്റെ വചനം", ദൈവത്തിന്റെ രക്ഷാകരശക്തിയെ വെളിപ്പെടുത്തുന്നു (cf. 1 കോറി. 1:18). അത് മനുഷ്യരെ പുതുതായി ഉയർത്താനും അവർക്ക് രക്ഷ പ്രദാനം ചെയ്യാനും വേണ്ടി നൽകപ്പെടുന്നു. അത് സ്നേഹം അതിന്റെ പരമമായ രൂപത്തിലുള്ളതാണ് (cf. ദൈവം സ്നേഹമാകുന്നു, നമ്പർ 12). മാനസാന്തരത്തിനുള്ള നമ്മുടെ സമർപ്പണത്തിന്റെ പ്രകടനമായിരിക്കുന്ന പരമ്പരാഗതമായ ഉപവാസം, ധർമ്മദാനം, പ്രാർത്ഥന എന്നിവയുടെ അഭ്യസനം വഴി നോമ്പുകാലം നമ്മെ ഒരു കാര്യം പഠിപ്പിക്കുന്നു. പൂർവ്വാധികം മൗലികമായ വിധത്തിൽ എങ്ങനെയാണ് ക്രിസ്തുവിന്റെ സ്നേഹത്തിൽ ജീവിക്കുന്നതെന്നതാണ് ആ കാര്യം. വിവിധ ലക്ഷ്യങ്ങൾ ഉണ്ടായിരിക്കാവുന്ന ഉപവാസം ക്രൈസ്തവനെ സംബന്ധിച്ച് അത്യഗാധമായ മതപരമായ ഒരർത്ഥം സ്വീകരിക്കുന്നു. നമ്മുടെ ഊണുമേശ കൂടുതൽ ദരിദ്രമാക്കിക്കൊണ്ട്, ദാനത്തിന്റെയും സ്നേഹത്തിന്റെയും യുക്തിക്കനുസരിച്ച് ജീവിക്കാൻ, സ്വാർത്ഥതയെ കീഴടക്കാൻ നാം പഠിക്കുന്നു. കുറേ അഭാവം (അമിതമായവയുടെ അഭാവമല്ല) അനുഭവിച്ചുകൊണ്ട് നമ്മുടെ അഹത്തിൽ നിന്ന് അകന്നുനിന്നു നോക്കാൻ നാം പഠിക്കും. നമ്മോടടുത്തു നിൽക്കുന്ന ഒരാളെ കണ്ടെത്താനും അനേകം സഹോദരീസഹോദരന്മാരിൽ ദൈവത്തെ തിരിച്ചറിയാനും കഴിയും. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഉപവാസം മാനസികതളർച്ചയുണ്ടാക്കുന്ന ഒന്നല്ല. മറിച്ച് അതു നമ്മെ ദൈവത്തിലേയ്ക്കും മറ്റുള്ളവരുടെ ആവശ്യങ്ങളിലേയ്ക്കും കൂടുതൽ തുറവിയുള്ളവരാക്കും. അങ്ങനെ ദൈവസ്നേഹം അയൽക്കാരനോടുള്ള സ്നേഹമായിത്തീരാൻ അത് അനുവദിക്കുന്നു (cf. മർക്കോ. 12 :31).

നമ്മുടെ ജീവിതത്തിൽ ദൈവത്തിനുള്ള പ്രാഥമ്യത്തെ തകർക്കുന്ന സമ്പാദനപ്രലോഭനവും ദ്രവ്യാഗ്രഹവും മിക്കപ്പോഴും നമ്മുടെ യാത്രയിൽ നാം നേരിടുന്നു. സമ്പാദിച്ചു കൂട്ടാനുള്ള അത്യാഗ്രഹം അക്രമത്തിലേയ്ക്കും ചൂഷണത്തിലേക്കും മരണത്തിലേക്കും

നയിക്കുന്നു. അതുകൊണ്ട് സഭ, പ്രത്യേകിച്ച് നോമ്പുകാലത്ത്, ധർമ്മ ദാനം അഭ്യസിക്കാൻ ഓർമ്മിപ്പിക്കുന്നു. അത് പങ്കുവയ്ക്കാനുള്ള കഴി വാണ്. എന്നാൽ വസ്തുക്കളാകുന്ന വിഗ്രഹങ്ങളെ ആരാധിക്കൽ, മറ്റു ള്ളവരിൽ നിന്ന് നമ്മെ അകറ്റുക മാത്രമല്ല ചെയ്യുന്നത്. അത് മനുഷ്യനെ കൊള്ളയടിക്കുകയും അസന്തുഷ്ടരാക്കുകയും വഞ്ചിക്കുകയും ചെയ്യും. വാഗ്ദാനങ്ങൾ നിറവേറ്റാതെ ചതിക്കും. എന്തെന്നാൽ ജീവന്റെ ഏക ഉറവിടമായ ദൈവത്തിന്റെ സ്ഥാനത്ത് ഭൗതികവസ്തുക്കളെ അതു പ്രതിഷ്ഠിക്കുന്നു. നമ്മുടെ ഹൃദയം നിറയെ സ്വാർത്ഥതയും സ്വന്തം പദ്ധതികളുമാണുള്ളതെങ്കിൽ, നമ്മുടെ ഭാവി ഉറപ്പുള്ളതാണെന്നു കരുതി വഞ്ചിക്കപ്പെട്ടാൽ, എങ്ങനെയാണ് ദൈവത്തിന്റെ പിതൃസഹജ മായ നന്മ നമുക്കു മനസ്സിലാക്കാൻ കഴിയുന്നത്? ഉപമയിൽ പറയുന്ന സമ്പന്നനെപ്പോലെ പറയാനുള്ള പ്രലോഭനമാണത്: (ആത്മാവേ, അനേ കവർഷത്തേക്കു വേണ്ട വിഭവങ്ങൾ നിനക്കായി സംഭരിക്കപ്പെട്ടിരിക്കു ന്നു... (ലൂക്കാ 12:19). കർത്താവിന്റെ വിധിനിർണ്ണയത്തെക്കുറിച്ച് നമുക്ക് എല്ലാവർക്കും അറിയാം: ഭോഷാ, ഈ രാത്രി നിന്റെ ആത്മാവിനെ നിന്നിൽ നിന്ന് ആവശ്യപ്പെടും... (ലൂക്കാ 12:20). ധർമ്മദാനത്തിന്റെ അഭ്യ സനം ദൈവത്തിന്റെ പ്രാഥമ്യത്തെക്കുറിച്ചുള്ള ഓർമ്മിപ്പിക്കലാണ്. അത് നമ്മുടെ ശ്രദ്ധയെ മറ്റുള്ളവരിലേക്ക് തിരിക്കുന്നു. സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ് എത്ര നല്ലവനാണെന്നു വീണ്ടും കണ്ടെത്താനും അവി ടത്തെ കാരുണ്യം ലഭിക്കാനുമാണത്.

നോമ്പുകാലം മുഴുവനിലും സഭ നമുക്ക് പ്രത്യേക സമൃദ്ധിയുള്ള ദൈവവചനമാണ് നൽകുന്നത്. ഓരോ ദിവസവും വചനം ജീവിക്കുന്ന തിനുവേണ്ടി അതിനെക്കുറിച്ചു ധ്യാനിക്കുകയും അത് ആന്തരികമാക്കു കയും വേണം. അങ്ങനെ വിലപ്പെട്ടതും പകരം വയ്ക്കാനാവാത്തതു മായ ഒരു പ്രാർത്ഥനാരൂപം നാം പഠിക്കുന്നു. നിരന്തരം നമ്മുടെ ഹൃദ യങ്ങളോടു സംസാരിക്കുന്ന ദൈവത്തെ ശ്രദ്ധാപൂർവ്വം ശ്രവിച്ചുകൊണ്ട്, മാമ്മോദീസയിൽ തുടങ്ങിയ വിശ്വാസതീർത്ഥാടനം നാം പോഷിപ്പി ക്കുന്നു. സമയത്തെക്കുറിച്ചുള്ള ഒരു പുതിയ സങ്കല്പം നേടാനും പ്രാർത്ഥന നമ്മെ അനുവദിക്കുന്നുണ്ട്. നിത്യതയെയും അതിശായിത്വ ത്തെയും കുറിച്ചുള്ള കാഴ്ചപ്പാടില്ലാതിരുന്നാൽ സമയം ഭാവിയില്ലാത്ത ഒരു ചക്രവാളത്തിലേക്ക് നമ്മുടെ കാലടികളെ നയിച്ചുകൊണ്ടിരിക്കും. നേരെമറിച്ച്, നാം പ്രാർത്ഥിക്കുമ്പോൾ ദൈവത്തിനായി സമയം കണ്ടെ ത്തുന്നു. അവിടുത്തെ "വചനങ്ങൾ കടന്നുപോകുകയില്ലെന്ന്" (cf.മർക്കോ. 13:31) മനസ്സിലാക്കാൻ സമയം കണ്ടെത്തുന്നു. നമ്മിൽ നിന്ന് "ആർക്കും എടുത്തുമാറ്റാൻ കഴിയാത്ത" (യോഹ. 16:22) അവ

ഗാഢമായ ബന്ധത്തിലേക്ക് പ്രവേശിക്കാൻ സമയം കണ്ടെത്തുന്നു. നിത്യജീവനെപ്പറ്റി നിരാശപ്പെടുത്താത്ത പ്രത്യാശയിലേക്ക് അതു പ്രവേശിപ്പിക്കുന്നു.

ചുരുക്കത്തിൽ, കുരിശിന്റെ രഹസ്യത്തെപ്പറ്റി ധ്യാനിക്കാൻ നാം ക്ഷമിക്കപ്പെടുന്ന നോമ്പുകാലയാത്ര കൊണ്ട് ഉദ്ദേശിക്കുന്നത് "അവിടത്തെ മരണത്തിന്റെ മാതൃക" (ഫിലി.3:10) നമ്മിൽ പുനരുത്പ്പാദിപ്പിക്കാനാണ്. നമ്മുടെ ജീവിതത്തിൽ ആഴത്തിലുള്ള മാനസാന്തരം സൃഷ്ടിക്കാനാണത്. ദമാസ്ക്കസിലേക്കുള്ള വഴിയിൽ വച്ച് വിശുദ്ധ പൗലോസിന് സംഭവിച്ചതുപോലെ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വഴി, നാം പരിവർത്തിതരായിത്തീരാനാണത്. നമ്മുടെ അസ്തിത്വത്തെ ദൈവേഷ്ടപ്രകാരം ദൃഢനിശ്ചയത്തോടെ നയിക്കുന്നതിനുവേണ്ടിയാണത്. മറ്റുള്ളവരുടെമേൽ ആധിപത്യം പുലർത്താനുള്ള വാസനയെ കീഴടക്കിക്കൊണ്ടും നമ്മെ ക്രിസ്തുവിന്റെ സ്നേഹത്തിലേക്കു തുറന്നുകൊണ്ടും നമ്മുടെ 'അഹം'ഭാവത്തിൽ നിന്ന് നമ്മെ സ്വതന്ത്രരാക്കാനുമാണത്. നമ്മുടെ ജീവിതത്തെ ആത്മാർത്ഥമായി പരിശോധിച്ച് നമ്മുടെ ദുർബലതകളെ തിരിച്ചറിയാനും പ്രായശ്ചിത്തത്തിന്റെ കൂദാശയിലൂടെ ദൈവവരപ്രസാദം നവീകരിക്കാനും ദൃഢനിശ്ചയത്തോടെ ക്രിസ്തുവിലേക്കു സഞ്ചരിക്കാനും അനുകൂലമായ കാലമാണ് നോമ്പുകാലം.

പ്രിയ സഹോദരീ സഹോദരന്മാരേ, നമ്മുടെ രക്ഷകനുമായുള്ള വ്യക്തിപരമായ കണ്ടുമുട്ടൽ വഴിയും ഉപവാസം, ധർമ്മദാനം, പ്രാർത്ഥന എന്നിവ വഴിയും ഈസ്റ്ററിലേക്കുള്ള മാനസാന്തരത്തിന്റെ യാത്ര നമ്മുടെ മാമ്മോദീസയെ വീണ്ടും കണ്ടെത്താൻ നമ്മെ നയിക്കുകയാണ്. ആ നിമിഷത്തിൽ ദൈവം നമ്മുടെമേൽ വർഷിച്ച വരപ്രസാദത്തിന്റെ സ്വീകരണത്തെ നമുക്ക് ഈ നോമ്പുകാലത്ത് നവീകരിക്കാം. അങ്ങനെ അത് നമ്മുടെ സകല പ്രവൃത്തികളെയും പ്രകാശിപ്പിക്കുകയും നയിക്കുകയും ചെയ്യട്ടെ. ആ കൂദാശ സൂചിപ്പിക്കുകയും സാക്ഷാത്കരിക്കുകയും ചെയ്യുന്നതെന്തോ അത് ഓരോ ദിവസവും അനുഭവിച്ചറിയാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. പൂർവ്വാധികം ഉദാരതയോടെ ആത്മാർത്ഥമായി ക്രിസ്തുവിനെ അനുഗമിച്ചുകൊണ്ട് അപ്രകാരം ചെയ്യണം. ദൈവവചനത്തെ വിശ്വാസത്തിലും മാംസത്തിലും ജനിപ്പിച്ച കന്യകാമറിയത്തിന് നമ്മുടെ ഈ യാത്രയിൽ നമ്മെത്തന്നെ ഭരമേൽപ്പിക്കാം. അവൾ ചെയ്തതുപോലെ അവളുടെ പുത്രനായ യേശുവിന്റെ മരണത്തിലും ഉത്ഥാനത്തിലും മുഴുകുകയും നിത്യജീവൻ അവകാശമാക്കുകയും ചെയ്യാം.

വത്തിക്കാനിൽ നിന്ന്, 4 നവംബർ 2010

**ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ**

## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന

# മേയ് ദിന സന്ദേശം - 2011

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീ സഹോദരന്മാരേ,

1. "നീ വസിക്കുന്ന ദേശത്ത് ദരിദ്രർ ഉണ്ടായിരിക്കും. ആകയാൽ നിന്റെ നാട്ടിൽ വസിക്കുന്ന അഗതിയും ദരിദ്രനുമായ നിന്റെ സഹോദരനു കയ്യയച്ചു കൊടുക്കുക" (നിയ.15:11) എന്ന പ്രബോധനമാണ്, അന്താരാഷ്ട്ര തൊഴിലാളി ദിനമായ മെയ് ഒന്നിനെക്കുറിച്ച് ചിന്തിക്കുമ്പോൾ പ്രാധാന്യത്തോടെ മുന്നിലേക്ക് വരുന്നത്. തൊഴിലാളി കുടുംബത്തിൽ വന്നു പിറക്കുകയും മുപ്പതുവയസ്സുവരെ തന്റെ വളർത്തു പിതാവിന്റെ തൊഴിൽ ശാലയിൽ കഠിനാദ്ധ്വാനം ചെയ്ത് കുടുംബത്തെ സുരക്ഷിതമായി നയിക്കാൻ വിയർപ്പു ചിന്തുകയും ചെയ്ത നമ്മുടെ നാഥനും രക്ഷകനുമായ ഈശോമിശിഹായുടെ കാരുണ്യവർഷം അദ്ധ്വാനിക്കുന്നവരുടെ മേൽ ഉണ്ടാകട്ടെ. മനുഷ്യപ്രയത്നത്തെ മഹത്ത്വീകരിച്ച യേശുക്രിസ്തുവിന്റെ സമീപനമാണ് സഭ തൊഴിലിനോടും തൊഴിലാളിയോടും പുലർത്തിവരുന്നത്.

2. ദൈവത്തിന്റെ മനുഷ്യസ്നേഹമാണ് സഭയുടെ ഉത്ഭവത്തിനു നിദാനം. സാമ്പത്തികമായും സാമൂഹികപരമായും തൊഴിൽപരമായും പാർശ്വവത്കരിക്കപ്പെട്ട ദരിദ്രവിഭാഗങ്ങളുടെ മനുഷ്യാന്തസ്സ് ഉയർത്തുന്നതിനാണ് യേശുതമ്പുരാൻ പ്രാധാന്യം നൽകിയിരുന്നത്. തൊഴിൽ ചെയ്യുകയും തൊഴിൽ ചെയ്യുന്നവരോടൊപ്പം ചേരുകയും തൊഴിലാളികളിൽ നിന്ന് അപ്പസ്തോലസമൂഹത്തെ രൂപപ്പെടുത്തുകയും ജോലി ചെയ്യാതെ നിൽക്കുന്നവരോട് "നിങ്ങൾ എന്താണ് ദിവസം മുഴുവൻ അലസന്മാരായി നിൽക്കുന്നതെന്ന്" ചോദിച്ചുകൊണ്ട് കർത്താവ് നൽകിയ സുവിശേഷ സന്ദേശവും, മാതൃകയുമാണ് സഭയും ലോകത്തിനു നൽകുന്നത്. സഭയുടെ സാമൂഹിക പ്രബോധനങ്ങളിലെല്ലാം നമുക്കിത് ദർശിക്കാനാകും. "സംരക്ഷിക്കപ്പെടേണ്ട മൂലധനം മനുഷ്യനാണ്; സാമ്പത്തികവും സാമൂഹികവുമായ ജീവിതത്തിന്റെയെല്ലാം ഉറവിടവും കേന്ദ്രവും ലക്ഷ്യവും മനുഷ്യനാണ്" എന്നതാണ് സഭയുടെ ദർശനം (സത്യത്തിൽ സ്നേഹം, 25). വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും സുരക്ഷയ്ക്കും ഉന്നമനത്തിനുമായിട്ടുള്ള

ഉപാധിയായിട്ടാണ് സഭ തൊഴിലിനെ കാണുന്നത്. അതിനാൽ തൊഴിലിന്റെ മഹത്വത്തെയും  തൊഴിലാളികളുടെ അവകാശങ്ങളെയും അന്തസ്സിനെയും എക്കാലവും സഭ ഉയർത്തിപിടിച്ചിട്ടുണ്ട്.

3. "തൊഴിലിന്റെ പ്രാഥമിക മൂല്യം അതിന്റെ കർത്താവും ഉപഭോക്താവുമായ മനുഷ്യനിൽ നിന്ന് തന്നെയാണ് പുറപ്പെടുന്നത്. മനുഷ്യൻ തന്റെ തൊഴിൽവഴി സൃഷ്ടികർമ്മത്തിൽ പങ്കുപറ്റുന്നു. ക്രിസ്തുവിനോടുള്ള ഐക്യത്തിൽ ചെയ്യപ്പെടുന്ന തൊഴിൽ രക്ഷാകരമായിത്തീരും." (മതബോധനം 2460)

4. 'മാന്യതയുള്ള തൊഴിൽ' സാഹചര്യങ്ങൾ സൃഷ്ടിക്കാനായിട്ടുള്ള ആഹ്വാനമാണ് ഈ വർഷത്തെ മേയ്ദിന സന്ദേശത്തിൽ സി.ബി.സി.ഐ. ലേബർ കമ്മീഷൻ നൽകുന്നത്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിലവകാശങ്ങൾ സാധിച്ചുകൊടുക്കുക, സാമൂഹിക സുരക്ഷാപദ്ധതികൾ വിപുലീകരിക്കുക, തൊഴിലാളികളും തൊഴിലുടമകളുമായുള്ള ബന്ധം ഊട്ടിഉറപ്പിക്കുക എന്നീ നാലുകാര്യങ്ങൾ മാന്യതയുള്ള തൊഴിലിന് അനിവാര്യമാണെന്നാണ് അന്താരാഷ്ട്ര തൊഴിൽ സംഘടന നിർദ്ദേശിക്കുന്നത്.

5. "തൊഴിലും ദാരിദ്ര്യവും തമ്മിൽ ബന്ധമുണ്ട്. അവസരങ്ങളുടെ കുറവുകൊണ്ടോ തൊഴിലിൽ നിന്നുണ്ടാകുന്ന അവകാശങ്ങൾക്കും മൂല്യത്തിനും കുറഞ്ഞ മൂല്യം കല്പിക്കുന്നതുകൊണ്ടോ നീതിപൂർവ്വകമായ കൂലിക്കുള്ള തൊഴിലാളിയുടെ അവകാശത്തിന് വില കല്പിക്കാത്തതുകൊണ്ടോ ആണ് ഇങ്ങനെ സംഭവിക്കുന്നത്." (സത്യത്തിൽ സ്നേഹം, 63). വലിയ ലാഭം ഉണ്ടെങ്കിലും ന്യായമായ കൂലി നൽകാൻ തയ്യാറാകാത്ത പ്രവണത ഇന്നു വർദ്ധിച്ചുവരുന്നുണ്ട്. നിയമാനുസൃതമായ മിനിമം കൂലി നൽകാനും പലപ്പോഴും തയ്യാറാകുന്നില്ല. തൊഴിലാളികൾ സംഘടിതരല്ലാത്തതുമൂലം കൂട്ടായി വിലപേശാൻ ഇവർക്ക് കഴിയാതെ വരുന്നുണ്ട്.

6. "തന്റെയും താനുൾപ്പെടുന്ന സമൂഹത്തിന്റെയും ധാർമ്മികവും സാംസ്കാരികവും സാമ്പത്തികവുമായ നിലവാരം ഉയർത്തുവാൻ ഒരുവൻ നടത്തുന്ന ശാരീരികമോ ബുദ്ധിപരമോ സർഗ്ഗാത്മകമോ ആയ പ്രവർത്തനമാണ് തൊഴിൽ". "ഒരു വ്യക്തി തന്റെ കായികമോ ബുദ്ധിപരമോ സർഗാത്മകമോ ആയ ശേഷികൾ വിനിയോഗിക്കുമ്പോൾ ലഭിക്കുന്ന പ്രതിഫലമാണ് കൂലി. ഇത് അവന്റെയും അവനെ ആശ്രയിച്ചു കഴിയുന്നവരുടെയും ആവശ്യങ്ങൾ നിറവേറ്റാനും അല്പം മിച്ചം വെച്ച് സ്വത്ത് സമ്പാദിക്കാനും ഉതകുന്നതായിരിക്കണം" എന്നു റേരും നൊവാരും എന്ന ചാക്രിക ലേഖനത്തിലൂടെ ലിയോ പതിമൂന്നാമൻ പാപ്പ പഠിപ്പിക്കുന്നുണ്ട്.

7. ന്യായമായ കൂലി തൊഴിലാളികളുടെ അവകാശമാണ്. ന്യായമായ കൂലി കൊടുക്കാതിരിക്കുന്നത് തെറ്റാണെന്നുമാണ് തിരുസഭ പഠിപ്പിക്കുന്നത്."നിങ്ങളുടെ നിലങ്ങളിൽ നിന്നും വിളവു ശേഖരിച്ച വേലക്കാർക്ക് കൊടുക്കാതെ പിടിച്ചുവച്ച കൂലി ഇതാ നിലവിളിക്കുന്നു. കൊയ്ത്തുകാരുടെ നിലവിളി സൈന്യങ്ങളുടെ കർത്താവിന്റെ കർണ്ണപുടങ്ങളിൽ എത്തിയിരിക്കുന്നു" (യാക്കോ.5:4).

8. ഇതുപോലെ തന്നെ അദ്ധ്വാനിക്കാതെ പണംവാങ്ങുന്നതും തെറ്റാണ്. നോക്കുകൂലി പോലെയുള്ള തെറ്റായ ശൈലികൾ പരിഷ്കൃത സമൂഹത്തിന് ഒട്ടും സ്വീകാര്യമല്ല. നോക്കുകൂലിയെ ചില ട്രേഡ് യൂണിയനുകൾ തള്ളിപ്പറയുന്നുണ്ടെങ്കിലും അത് പ്രായോഗികമാക്കാനുള്ള ശ്രമങ്ങൾ അവരുടെ ഭാഗത്തു കാണുന്നില്ല. അവരുടെ സത്യസന്ധതയെക്കുറിച്ച് സംശയിക്കേണ്ടിയിരിക്കുന്നു. സർക്കാർ ഓഫീസുകളിലെ നല്ലൊരു വിഭാഗം ഉദ്യോഗസ്ഥരും ജോലിയൊന്നും ചെയ്യുന്നില്ലെന്ന ആക്ഷേപം വ്യാപകമാണ്. അത് ഏറെക്കുറെ സത്യമാണുതാനും. എന്നാൽ വളരെ സത്യസന്ധമായി ജോലിയെടുക്കുന്നവരുമുണ്ട് എന്ന വസ്തുത നാം മറക്കരുത്. പക്ഷേ അങ്ങനെയുള്ളവർക്ക് ഒരു ഭാഗത്തു നിന്നും കാര്യമായ പിൻബലം കിട്ടുന്നില്ല എന്നതും വസ്തുതയാണ്. അതുകൊണ്ട് കുറേക്കഴിയുമ്പോൾ അവരുടെ ഉത്സാഹമെല്ലാം നഷ്ടപ്പെടുന്നു.

9. ലോക സമ്പദ്വ്യവസ്ഥയെ മുഴുവൻ പിടിച്ചുകുലുക്കിയ സാമ്പത്തിക മാന്ദ്യത്തിൽ നിന്നും സാവകാശം രാജ്യങ്ങൾ മോചിതമാകുന്ന ലക്ഷണമാണ് കണ്ടുവരുന്നത്. അതിനുണ്ടായിട്ടുള്ള തിരിച്ചടിയാണ് ജപ്പാനിലെ ഭൂമികുലുക്കവും സുനാമിയും. മനുഷ്യന്റെ കഴിവുകൾക്ക് പരിമിതിയുണ്ടെന്നും നാം ദൈവത്തിൽ ആശ്രയിച്ചേ മതിയാകൂ എന്നും ഈ സംഭവം നമ്മെ അനുസ്മരിപ്പിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഇന്ത്യയുടെ ദേശീയ ആഭ്യന്തരോല്പാദന വളർച്ചാനിരക്ക് 8.6 ശതമാനം ആയിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. വളരെ ശുഭകരമായ ഒരു കാര്യം, കൃഷി-മത്സ്യബന്ധം ഉൾപ്പെടെയുള്ള പ്രാഥമിക മേഖലയിൽ ഉണ്ടായിട്ടുള്ള വളർച്ചാ നിരക്ക് 5.4 ശതമാനം ആണെന്ന താണ്. ഈ രംഗത്ത് കഴിഞ്ഞ വർഷത്തെ വളർച്ചാനിരക്ക് മൈനസ് 0.2 ശതമാനം ആയിരുന്നു. നമ്മുടെ രാജ്യത്തെ 65 ശതമാനം ജനങ്ങളും പ്രാഥമിക മേഖലയിൽ നിന്നാണ് നിത്യവൃത്തി കണ്ടെത്തുന്നതെന്ന കാര്യം ഈ അവസരത്തിൽ പ്രത്യേകം ഓർക്കേണ്ടതുണ്ട്.

10. പ്രോത്സാഹനജനകമായ ഈ പശ്ചാത്തലത്തിലും അശുഭകരമായ സംഗതികൾ വർദ്ധിച്ചുവരികയാണെന്ന കാര്യം കൂടി നാം പരിഗണിക്കേണ്ടിയിരിക്കുന്നു. അതിരൂക്ഷമായ വിലക്കയറ്റമാണ് കഴിഞ്ഞ

വർഷം രാജ്യം ദർശിച്ചത്. ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളിൽ മാത്രം 16 ശതമാനം വിലക്കയറ്റം ഉണ്ടായി. ഇതുമൂലം ജനങ്ങളുടെ ജീവിതച്ചെലവിൽ 65 ശതമാനത്തിലധികം വർദ്ധനയുണ്ടായതായാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. അടിസ്ഥാന തൊഴിലാളി ജനവിഭാഗത്തിന്റെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമായിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രം നേടിയ വളർച്ചയുടെ ഗുണഭോക്താക്കളാകാൻ ഇവർക്ക് കഴിയാതെ വന്നിരിക്കുന്നു. ഉത്പാദനക്ഷമത കുറഞ്ഞതും തത്ഫലമായി ഉത്പാദനച്ചെലവ് കൂടിയതും കള്ളപ്പണത്തിന്റെ അളവ് വർദ്ധിച്ചതുമെല്ലാം ഇതിന് കാരണങ്ങളാണ്. അനാവശ്യസമരങ്ങളും ബന്ദുകളും അലസതയുമെല്ലാം അതിന്റെ പിന്നിലുണ്ട്.

11. 2010 നവംബർ 4-ന് ഐക്യരാഷ്ട്രസഭ പുറത്തുവിട്ട മനുഷ്യവികസന റിപ്പോർട്ടിലെ കണ്ടെത്തലുകളും ഇന്ത്യയെ സംബന്ധിച്ച് അത്ര നന്നല്ല. സാമാന്യം വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ രാജ്യത്ത് അതിനേക്കാളേറെ വേഗത്തിൽ ദാരിദ്ര്യവും പാർശ്വവത്കരണവും വർദ്ധിച്ചു വരുന്നുണ്ടെന്നാണ് സ്ഥിതിവിവര കണക്കുകൾ കാണിക്കുന്നത്. സ്വത്തിന്റെ കേന്ദ്രീകരണം ദ്രുതഗതിയിലാണ് നടക്കുന്നത്. ബഹുമുഖ ദാരിദ്ര്യ സൂചിക (എം.പി.ഐ.) ഉപയോഗിച്ചാണ് ഈ വർഷത്തെ മനുഷ്യവികസന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. 55 ശതമാനത്തോളം ദരിദ്രരുള്ള ഇന്ത്യയുടെ സ്ഥാനം ലോകരാഷ്ട്രങ്ങളിൽ 119 ആണ്. ആഫ്രിക്കയിലെ ഇരുപത്തിയാറു രാജ്യങ്ങളിൽ ഉള്ളതിനേക്കാൾ കൂടുതൽ ദരിദ്രർ മദ്ധ്യ ഇന്ത്യയിലെ എട്ടു സംസ്ഥാനങ്ങളിൽ മാത്രം ഉണ്ടെന്ന റിപ്പോർട്ട് നടുക്കം കൊള്ളിക്കുന്നതാണ്.

12. ചുരുക്കിപ്പറഞ്ഞാൽ ഇന്ത്യൻ ജനതയിലെ പകുതിയിലധികം വരുന്ന ദരിദ്രർ ആരാണെന്നു ചോദിച്ചാൽ പകലന്തിയോളം അദ്ധ്വാനിച്ചിട്ടും രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ സാധിക്കാത്ത അസംഘടിത തൊഴിലാളികളാണെന്നു മനസ്സിലാക്കാം. രാജ്യത്തെ 47 കോടി വരുന്ന തൊഴിൽ ശക്തിയിൽ 44 കോടിയും അസംഘടിത തൊഴിലാളികളാണ്. അസംഘടിത തൊഴിലാളികളുടെ എണ്ണം കഴിഞ്ഞ അഞ്ചുവർഷത്തിൽ 93 ൽ നിന്നും 94 ശതമാനമായി വർദ്ധിച്ചിരിക്കുകയാണെന്നാണ് കേന്ദ്ര തൊഴിൽ കാര്യവകുപ്പിന്റെ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. സാമൂഹിക സുരക്ഷയും തൊഴിൽ നിയമങ്ങളുടെ സംരക്ഷണവും ഇല്ലാത്ത തൊഴിലാളികളാണ് അസംഘടിത തൊഴിലാളികൾ. അഞ്ചേക്കർ കൃഷി ഭൂമിയുള്ളവർ വരെ അസംഘടിത തൊഴിലാളികളുടെ പട്ടികയിലാണ് കേന്ദ്ര സർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നത്. അസംഘടിത തൊഴിലാളികളുടെ ശക്തീകരണം രാഷ്ട്രത്തിന്റെ വികസന അജണ്ടയിൽ മുഖ്യസ്ഥാനം നേടേണ്ടിയിരിക്കുന്നു.

13. നമ്മുടെ രാജ്യത്തെ അസംഘടിത തൊഴിലാളി മേഖലയിൽ കേന്ദ്രട്രേഡ് യൂണിയനുകളുടെ സാന്നിദ്ധ്യം ഇല്ലായെന്നു തന്നെ പറയണം. "ദേശീയ ലേബർ യൂണിയനുകൾ അവയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങളുടെ താത്പര്യം മാത്രം സംരക്ഷിക്കുന്നതിൽ സ്വയം പരിമിതപ്പെടുത്താനുള്ള പ്രവണത കാണിക്കുന്നവയാണ്. അവ യൂണിയനിൽ അംഗങ്ങൾ അല്ലാത്ത തൊഴിലാളികളുടെ കാര്യത്തിലും താത്പര്യം കാണിക്കണം" (സത്യത്തിൽ സ്നേഹം-64) എന്ന ബെനഡിക്റ്റ് പതിനാറാമൻ പാപ്പായുടെ വാക്കുകൾ ഈ അവസരത്തിൽ എടുത്തുപറയേണ്ടതാണ്. എല്ലാ തൊഴിലാളികളുടെയും സുരക്ഷയ്ക്ക് പകരം 'ഞങ്ങളുടെ ആളുകൾക്ക് മാത്രം' എന്നതിലേക്ക് മുഖ്യധാരാ യൂണിയനുകൾ ഒതുങ്ങിപ്പോകുന്നത് നാം കാണുന്നു. പല സർക്കാർ പദ്ധതികളും തൊഴിലാളി സമൂഹവും സാധാരണക്കാരും അറിയുന്നതേയില്ല. പലപ്പോഴും രാഷ്ട്രീയ ലാഭത്തിനുള്ള കരുക്കളായി അവയെ ഉപയോഗിക്കുന്നു. അസംഘടിത തൊഴിലാളികൾക്കായി രൂപീകരിക്കപ്പെട്ടിരിക്കുന്ന സർക്കാർ ക്ഷേമനിധികളിൽ അംഗത്വം നൽകാനുള്ള നിയമാനുസൃത നടപടികൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പലപ്പോഴും തയ്യാറാകുന്നില്ലയെന്നതും ഖേദകരമാണ്. മിനിമംകൂലിയും നിലവിലുള്ള തൊഴിൽ നിയമങ്ങളും തീക്ഷ്ണതയോടെ നടപ്പിലാക്കാൻ സർക്കാർ ശ്രദ്ധിക്കേണ്ടതാണ്. അതിനുള്ള ഉദ്യോഗസ്ഥ സംവിധാനം ശക്തിപ്പെടുത്തണം. എല്ലാ വിഭാഗം അസംഘടിത തൊഴിലാളികളെയും മിനിമം കൂലിയുടെയും ക്ഷേമനിധികളുടെയും പരിധിയിൽ കൊണ്ടുവരണം.

14. കടുത്ത ചൂഷണത്തിനു വിധേയമാകുന്ന വിവിധ വിഭാഗം അസംഘടിത തൊഴിലാളികൾ കേരളത്തിൽ ഉണ്ട്. ട്രേഡ് യൂണിയനുകളുടെ കരുത്തിനു പേരുകേട്ട കേരളത്തിൽ, ഈ വിഭാഗം തൊഴിലാളികളെ യൂണിയനുകളിൽ ചേർക്കാനോ അവരുടെ അവകാശങ്ങൾ നേടിക്കൊടുക്കാനോ മുഖ്യധാരാ ട്രേഡ് യൂണിയനുകൾ വേണ്ടവിധത്തിൽ തയ്യാറാകുന്നില്ലായെന്നത് അത്ഭുതകരമാണ്. സ്ത്രീത്തൊഴിലാളികൾക്ക് പ്രാമുഖ്യമുള്ള പീടികത്തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ എന്നിവരെയും അന്യസംസ്ഥാന തൊഴിലാളികൾ, നാമമാത്ര കർഷകർ തുടങ്ങിയ നിരവധി വിഭാഗങ്ങളെയും മുഖ്യധാരാട്രേഡ് യൂണിയനുകൾ ബോധപൂർവ്വം വിസ്മരിക്കുകയാണെന്നു സംശയിക്കുന്നു.

15. നമ്മുടെ രാജ്യത്ത് ഇന്ത്യൻ കത്തോലിക്ക മെത്രാൻ സമിതിയുടെ ലേബർ കമ്മീഷന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വർക്കേഴ്സ് ഇന്ത്യ ഫെഡറേഷൻ (വിഫ്) ആണ് അസംഘടിത തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് ദേശീയ തലത്തിൽ നേതൃത്വം നൽകുന്നത്. ഇതിന്റെ ഭാഗമായി കേരളത്തിൽ കെ.സി.ബി.സി. യുടെ

ലേബർ കമ്മീഷന്റെ നേതൃത്വത്തിൽ കേരള ലേബർ മൂവ്മെന്റ് (കെ. എൽ.എം.) ആണ്  ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ളത്.

16. നമ്മുടെ രൂപതകൾക്കുള്ളിൽ വരുന്ന പ്രദേശങ്ങളിലെ തൊഴിലാളികളുടെ പ്രത്യേകിച്ച് അസംഘടിത തൊഴിലാളികളുടെ ആത്മീയവും ഭൗതീകവുമായ നന്മയ്ക്കും പുരോഗതിക്കും വേണ്ടി പ്രവർത്തിക്കുന്ന ഒരു സാമൂഹിക സംഘടനയാണ് കെ.എൽ.എം. അംഗബലം വർദ്ധിപ്പിച്ച് ശക്തി സംഭരിക്കുക എന്നതിനുപകരം ഓരോ തൊഴിലാളിക്കും മെച്ചപ്പെട്ട ജീവിത സൗകര്യവും സുരക്ഷയും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് കെ.എൽ.എം. ഏറ്റെടുക്കുന്നത്. അതുകൊണ്ടുതന്നെ കെ.എൽ.എം. ഓഫീസുകൾ വർക്കേഴ്സ് ഫസിലിറ്റേഷൻ സെന്ററുകളായാണ് പ്രവർത്തിച്ചുവരുന്നത്.

17. അസംഘടിത മേഖലയിലെ വിവിധ വിഭാഗം തൊഴിലാളികളുടെ ഫോറങ്ങൾ രൂപീകരിച്ച് അവരെ എല്ലാവരെയും സാമൂഹിക സുരക്ഷാസംവിധാനങ്ങളിൽ ഉൾപ്പെടുത്താൻ പ്രത്യേക പദ്ധതികൾ കെ. എൽ.എം. രൂപീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തൊഴിലാളിഫോറം, ഗാർഹികത്തൊഴിലാളി ഫോറം, തയ്യൽത്തൊഴിലാളി ഫോറം, ചെറുകിട തോട്ടംതൊഴിലാളി ഫോറം, പീടിക തൊഴിലാളി ഫോറം, മോട്ടോർതൊഴിലാളി ഫോറം എന്നീ തൊഴിലാളി ഫോറങ്ങളുടെ പ്രവർത്തനം ഈ വർഷം എല്ലാ രൂപതകളിലേക്കും വ്യാപിപ്പിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ മേഖലയിലെ എല്ലാ തൊഴിലാളികളെയും സർക്കാരിന്റെ നേതൃത്വത്തിലുള്ള വിവിധ ക്ഷേമനിധികളിൽ അംഗങ്ങളാക്കാനുള്ള തീവ്രപരിപാടി തയ്യാറാക്കിയിട്ടുണ്ട്. ജനശ്രീ ഭീമായോജന, ആം ആദ്മി ഭീമായോജന, സ്വാവലംഭൻ തുടങ്ങിയ കേന്ദ്രസർക്കാർ പദ്ധതികളിലും ആർ.എസ്.ബി.വൈ. യിലും യൂണിവേഴ്സൽ മെഡിക്ലെയിം ഇൻഷുറൻസ് പദ്ധതിയിലും എല്ലാ തൊഴിലാളികളെയും അംഗങ്ങളാക്കണം.

18. കെ.എൽ.എം. ന്റെ പ്രവർത്തനങ്ങൾ എല്ലാ രൂപതകളിലേക്കും വ്യാപിപ്പിക്കേണ്ടതായിരിക്കുന്നു. ഇതിനായി എല്ലാ ഇടവകാതലത്തിലും തൊഴിലാളി ഫോറങ്ങളും, സ്വാശ്രയ സംഘങ്ങളും രൂപീകരിച്ച് കെ. എൽ.എം. പ്രവർത്തനം ആരംഭിക്കണം. പ്രവർത്തനമുള്ള രൂപതകൾ കൂടുതൽ സജീവവും, ക്രിയാത്മവുമായി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് തൊഴിലാളി നേതൃത്വത്തെ വളർത്തിക്കൊണ്ടു വരേണ്ടതുണ്ട്. ക്രൈസ്തവരായ തൊഴിലാളികൾ എന്നതിലൊതുങ്ങാതെ മുഴുവൻ തൊഴിലാളികൾക്കും വേണ്ടിയാണ് കെ.എൽ.എം. നിലകൊള്ളുന്നത് എന്നതുതന്നെ സഭയുടെ പ്രവർത്തനത്തിന്റെ സാർവ്വത്രികതയെ എടുത്തു കാട്ടുന്നു. അതിനാൽ കേരളത്തിലെ എല്ലാ രൂപതകളിലും ഇടവകകളിലും കെ.എൽ.എം. പ്രവർത്തനം തുടങ്ങുവാൻ ഇനിയും

വൈകരുതെന്നാണ് കെ.സി.ബി.സി. ലേബർ കമ്മീഷന്റെ ആഗ്രഹവും ആഹ്വാനവും, ഇതിനായി വൈദിക സമൂഹവും സമർപ്പിതരും ദൈവ ജനം മുഴുവനും ഒരേ മനസ്സോടെ മുന്നിട്ടിറങ്ങേണ്ടിയിരിക്കുന്നു.

19. നമ്മുടെ കർത്താവിന്റെ മനുഷ്യസ്നേഹവും സമർപ്പണവും തന്നെയാണ് സഭ തൊഴിലാളി പ്രവർത്തനത്തിലൂടെ തുടരുന്നത്. അതി നാൽതന്നെ തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങളോടു സഹകരിക്കാനും, കരുത്ത് പകരാനും ഓരോ ക്രൈസ്തവവിശ്വാസിക്കും കടമയുണ്ട്. "പര സ്പരം ഭാരങ്ങൾ വഹിച്ചുകൊണ്ട് ക്രിസ്തുവിന്റെ നിയമം പൂർത്തിയാ ക്കുവിൻ" (ഗലാ. 6:2) എന്ന വചനം നമുക്കോർക്കാം. നമ്മുടെ രാജ്യത്തെ അസംഘടിത തൊഴിലാളികളും കർഷകരും നേരിടുന്ന പ്രശ്നങ്ങളെ അതിജീവിക്കാൻ പുതിയ കാഴ്ചപ്പാടും ശൈലിയും സ്വാംശീകരിക്കാൻ നമുക്ക് തയ്യാറാകാം. തൊഴിലിന്റെ മഹത്ത്വം ഉയർത്തിപ്പിടിച്ചുകൊണ്ട് തനിക്കും തൊഴിൽ ദാതാവിനും സമൂഹത്തിനും നന്മയ്ക്കുതകുമാറ് തന്റെ കഴിവുകളും തൊഴിൽ ശേഷിയും വിനിയോഗിക്കുമെന്ന് ഈ മെയ് ദിനത്തിൽ ഓരോ തൊഴിലാളിയും പ്രതിജ്ഞ എടുക്കേണ്ടതുണ്ട്. മനു ഷ്യനെയും രാജ്യത്തെയും ഭരണഘടനയെയും ആദരിക്കുന്ന തൊഴി ലാളി നേതൃത്വം ഉയർന്നുവരാൻ വഴിയൊരുക്കേണ്ടതുണ്ട്. ഇതിനായി നമ്മുടെ കരങ്ങളെ കർത്താവിന്റെ കരങ്ങളോട് ചേർത്തുവച്ചുകൊണ്ട് വികസനത്തിനും നന്മയ്ക്കുമായി നമുക്ക് മുന്നേറാം.

ഈ വർഷം മേയ് 1 ഞായറാഴ്ചയാണ്. അന്നേദിവസം തൊഴി ലാളികൾക്കായി പ്രത്യേക ദിവ്യബലി അർപ്പിക്കുന്നത് ഉചിതമായിരിക്കും. രൂപതാതലത്തിൽ തൊഴിലാളി സംഗമങ്ങൾ നടത്തുന്നതും നല്ലതാണ്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരി ക്കട്ടെ. തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ സ്വർഗ്ഗീയ മാദ്ധ്യസ്ഥം യാചിച്ചുകൊണ്ട്, ഒരിക്കൽകൂടി എല്ലാവർക്കും മേയ്ദിനാശംസകൾ നേരുന്നു.

**ബിഷപ് മാർ ജോസ് പൊരുന്നേടം**
ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ
**ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരി**
വൈസ് ചെയർമാൻ, കെ,സി.ബി.സി. ലേബർ കമ്മീഷൻ
**ബിഷപ്പ് ഡോ. യൂഹാന്നോൻ മാർ ക്രിസോസ്റ്റം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

---

**NB:- ഈ സർക്കുലറിലെ പ്രസക്തഭാഗങ്ങൾ സൗകര്യപ്രദമായ ഒരു ഞായറാഴ്ച ദൈവജനത്തെ അറിയിക്കേണ്ടതാണ്.**

# 48-ാം ലോകദൈവവിളി പ്രാർത്ഥനാദിനം

## ബെനഡിക്ട് 16-ാമൻ മാർപാപ്പയുടെ സന്ദേശം
## 15 മേയ് 2011, ഉയിർപ്പുകഴിഞ്ഞ് നാലാം ഞായർ

### പ്രമേയം - പ്രാദേശിക സഭകളിൽ ദൈവവിളി നിർദ്ദേശിക്കൽ

പ്രിയ സഹോദരീ സഹോദരന്മാരേ,

നാല്പത്തിയെട്ടാം ലോകദൈവവിളി പ്രാർത്ഥനാദിനം 2011 മേയ് 15-ന്, ഉയിർപ്പുകഴിഞ്ഞ് നാലാം ഞായറാഴ്ച, ആചരിക്കുകയാണ്. പ്രാദേശികസഭകളിൽ ദൈവവിളി നിർദ്ദേശിക്കൽ (Proposing Vocations as the Local Churches) എന്ന വിഷയത്തെക്കുറിച്ചു ചിന്തിക്കാൻ അത് നമ്മെ ക്ഷണിക്കുന്നു. വന്ദ്യനായ പന്ത്രണ്ടാം പീയൂസുമാർപാപ്പ എഴുപതുവർഷം മുമ്പ് വൈദിക ദൈവവിളിക്കായുള്ള പൊന്തിഫിക്കൽ കാര്യാലയം സ്ഥാപിച്ചു. പല രൂപതകളിലും അതുപോലുള്ള സംഘടനകൾ പിന്നീട് സ്ഥാപിക്കപ്പെട്ടു. വൈദികരും അല്മായവിശ്വാസികളായ അംഗങ്ങളും അവയെ നയിക്കുകയും ചെയ്തു. അവ സ്ഥാപിക്കപ്പെട്ടത്, നല്ല ഇടയനായ യേശുവിന്റെ ആഹ്വാനത്തിനുള്ള പ്രത്യുത്തരമായിട്ടാണ്: "ജനക്കൂട്ടങ്ങളെ കണ്ടപ്പോൾ യേശുവിന് അവരുടെ മേൽ അനുകമ്പ തോന്നി. എന്തെന്നാൽ അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ.... ആയിരുന്നു. അവിടുന്ന് പറഞ്ഞു: വിളവധികം വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവിൻ" (മത്താ. 9:36-38).

യേശു, തന്നെ അനുഗമിക്കാൻ ശിഷ്യന്മാരെ വിളിക്കുകയും അവരെ സ്നേഹത്തോടും ശ്രദ്ധയോടുംകൂടി പരിശീലിപ്പിക്കുകയും ചെയ്തതായി സുവിശേഷത്തിൽ പലയിടത്തും പറഞ്ഞിട്ടുണ്ടല്ലോ. ദൈവവിളികളെ ശ്രദ്ധാപൂർവ്വം പ്രോത്സാഹിപ്പിക്കാനും പിന്താങ്ങാനുമുള്ള പ്രചോദനത്തിന്റെ പ്രകാശമാനമായ സ്രോതസ്സ് അവിടങ്ങളിൽ നാം കാണുന്നു. ദൈവരാജ്യത്തെപ്പറ്റി പ്രഘോഷിക്കാൻ യേശു തന്റെ ഉറ്റസഹപ്രവർത്തകരെ വിളിച്ച രീതി നാം അവഗാഢം ശ്രദ്ധിക്കണം (cf ലൂക്കാ 10:9). ഒന്നാമതായി, അവിടുന്ന് ചെയ്ത ആദ്യത്തെ കാര്യം അവർക്കുവേണ്ടി പ്രാർത്ഥിക്കുകയെന്നതായിരുന്നു. അവരെ വിളിക്കുന്നതിനുമുമ്പ് യേശു രാത്രിയിൽ, ഭൗതിക താത്പര്യങ്ങളോടുള്ള ആന്തരികമായ അകൽച്ചയുടെ ചൈതന്യത്തോടെ, പിതാവിന്റെ ഇഷ്ടം

ശ്രദ്ധിച്ചുകൊണ്ട്, പ്രാർത്ഥിച്ചു (cf ലൂക്കാ 6:12). പിതാവുമായിട്ടുള്ള അവ ഗാഢമായ സംഭാഷണത്തിന്റെ ഫലമായിട്ടാണ് അവിടുന്ന് ശിഷ്യരെ വിളിച്ചത്. സജീവനായ ദൈവത്തോടുള്ള സ്ഥിരസമ്പർക്കത്തിന്റെയും "വിളവിന്റെ നാഥ"നോടുള്ള നിർബന്ധപൂർവ്വകമായ പ്രാർത്ഥനയുടെയും ഫലമാണ് ശുശ്രൂഷാപൗരോഹിത്യത്തിലേക്കും സമർപ്പിതജീവിതത്തിലേക്കുമുള്ള ദൈവവിളികൾ. ഇടവകസമൂഹങ്ങളിലായാലും ക്രൈസ്തവ കുടുംബങ്ങളിലായാലും ദൈവവിളിക്കായി പ്രാർത്ഥിക്കാൻ സവിശേഷമാംവിധം സമർപ്പിക്കപ്പെട്ട ഗ്രൂപ്പുകളിലായാലും ഇതു വാസ്തവമാണ്.

കർത്താവ് തന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ ഗലീലിക്കടലിന്റെ തീരത്തുള്ള ചില മീൻപിടുത്തക്കാരെ വിളിച്ചു: "എന്നെ അനുഗമിക്കുവിൻ. നിങ്ങളെ ഞാൻ മനുഷ്യരെപ്പിടിക്കുന്നവരാക്കും" (മത്താ.4:19). അവിടുന്ന് അനേകം "അടയാളങ്ങൾ" വഴി തന്റെ മിശിഹാപരമായ ദൗത്യം അവർക്കു വെളിപ്പെടുത്തിക്കൊടുത്തു. ആ അടയാളങ്ങൾ മനുഷ്യവംശത്തോടുള്ള അവിടുത്തെ സ്നേഹവും പിതാവിന്റെ കാരുണ്യമാകുന്ന സമ്മാനവും വെളിവാക്കി. തന്റെ വാക്കുകളിലൂടെയും ജീവിതരീതിയിലൂടെയും തന്റെ രക്ഷാകരകർമ്മം തുടരാൻ അവിടുന്ന് അവരെ സജ്ജീകൃതരാക്കി. അവസാനമായി, "ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്ക് പോകാനുള്ള സമയമായി" (യോഹ 13:1) എന്ന് അറിഞ്ഞുകൊണ്ട് തന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും സ്മാരകം അവരെ ഏല്പിച്ചു. "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ. 28:19) എന്നു കല്പിച്ചുകൊണ്ട്, തന്റെ സ്വർഗാരോഹണത്തിനുമുമ്പ് അവരെ ലോകം മുഴുവനിലേക്കും അയച്ചു.

"എന്നെ അനുഗമിക്കുവിൻ" എന്നു പറഞ്ഞുകൊണ്ട് അവിടുന്ന് നൽകിയ ക്ഷണം വെല്ലുവിളി ഉൾക്കൊള്ളുന്നതും പിടിച്ചുയർത്തുന്നതുമാണ്. തന്റെ സുഹൃത്തുക്കളാകാനും, തന്റെ വാക്കുകൾ ശ്രദ്ധാപൂർവ്വം കേൾക്കാനും തന്നോടൊപ്പം ജീവിക്കാനും അവിടുന്ന് അവരെ ക്ഷണിച്ചു. ദൈവത്തോടുള്ള സമ്പൂർണ്ണ സമർപ്പണം, സുവിശേഷനിയമമനുസരിച്ചുള്ള ദൈവരാജ്യം വ്യാപിപ്പിക്കൽ എന്നിവ അവിടുന്ന് അവരെ പഠിപ്പിച്ചു. "ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും" (യോഹ. 12:24). അവരുടെ സ്വന്തം ഇടുങ്ങിയ പ്രവർത്തനപദ്ധതികളും ആത്മസാക്ഷാത്കാരത്തെക്കുറിച്ചുള്ള ധാരണകളും ഉപേക്ഷിക്കാൻ അവിടുന്ന് അവരോട് ആവശ്യപ്പെട്ടു. മറ്റൊരുഹിതത്തിൽ – ദൈവഹിതത്തിൽ – മുഴുകാനും അതിനാൽ നയിക്കപ്പെടാനുമാണത്. സാഹോദര്യത്തിന്റെ ഒരനുഭവം അവിടുന്ന് അവർക്കു നൽകുന്നു. ദൈവ

ത്തോടുള്ള തികഞ്ഞ തുറവിന്റെ അനുഭവമാണത് (cf മത്താ. 12:49-50). അത് യേശുവിന്റെ സമൂഹത്തിന്റെ മുദ്രയായിത്തീരുന്നു: "നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ. 13:35).

ഇന്ന് ക്രിസ്തുവിനെ അനുഗമിക്കുകയെന്നത് ഇതുപോലെതന്നെയുള്ള ഒരുവെല്ലുവിളിയാണ്. യേശുവിൽ നോട്ടം ഉറപ്പിക്കുക, അവിടുത്തോടുള്ള അവഗാഢബന്ധത്തിൽ വളരുക, അവിടുത്തെ വാക്കുകൾ ശ്രദ്ധിച്ചുകേൾക്കുക, കൂദാശകളിൽ അവിടുത്തെ കണ്ടുമുട്ടുക എന്നെല്ലാം അത് അർത്ഥമാക്കുന്നു. നമ്മുടെ ഇഷ്ടം അവിടുത്തെ ഇഷ്ടത്തോട് അനുരൂപപ്പെടുത്തണമെന്നാണ് അതിന്റെ സാരം. ശുശ്രൂഷാ പൗരോഹിത്യത്തിനോ സമർപ്പിതജീവിതത്തിനോ വേണ്ടി തയ്യാറാകുന്നവർക്ക് യഥാർത്ഥമായ ഒരു പരിശീലന വിദ്യാലയമുണ്ടായിരിക്കണമെന്ന് ഇത് ആവശ്യപ്പെടുന്നുണ്ട്. ആ വിദ്യാലയം യോഗ്യതയുള്ള സഭാധികാരികളുടെ മാർഗ്ഗനിർദ്ദേശത്തിൻ കീഴിലുള്ളതായിരിക്കണം. തന്റെ ദൗത്യത്തിൽ പങ്കുചേരാനും ശുശ്രൂഷാപൗരോഹിത്യത്തിലും സമർപ്പിത ജീവിതത്തിലും സഭയെ സേവിക്കാനും കർത്താവ് ഓരോ പ്രായത്തിലുമുള്ളവരെ ക്ഷണിക്കുന്നുണ്ട്. "ഈ ദാനത്തെ കാത്തുസൂക്ഷിക്കാനും അതിനെ വിലമതിക്കാനും സ്നേഹിക്കാനും സഭ വിളിക്കപ്പെട്ടിരിക്കുന്നു. വൈദിക ദൈവവിളികളുടെ ജനനത്തിനും വികസനത്തിനും സഭ ഉത്തരവാദിത്വപ്പെട്ടിരിക്കുന്നു" *(ജോൺ പോൾ II സിനഡനന്തര അപ്പസ്തോലികാഹ്വാനം 'ഞാൻ നിങ്ങൾക്ക് അജപാലകരെ നൽകും', നമ്പർ 41).*

പ്രത്യേകിച്ച് ഈ കാലഘട്ടത്തിൽ, കർത്താവിന്റെ ശബ്ദം മറ്റു ശബ്ദങ്ങളിൽ മുങ്ങിപ്പോകുന്നതായി കാണപ്പെടുമ്പോൾ, സ്വജീവിതം സമർപ്പിച്ച് അവിടുത്തെ പിന്തുടരാനുള്ള ക്ഷണം വളരെ പ്രയാസമുള്ളതായി തോന്നാം. അതുകൊണ്ട് ഓരോ ക്രൈസ്തവസമൂഹത്തിനും സഭയുടെ ഓരോ അംഗത്തിനും ദൈവവിളി വർദ്ധിപ്പിക്കാൻ തങ്ങൾക്ക് ഉത്തരവാദിത്വമുണ്ടെന്നു തോന്നണം. വൈദിക ജീവിതത്തിലേയ്ക്കോ സമർപ്പിത ജീവിതത്തിലേയ്ക്കോ ഉള്ള വിളിയുടെ വ്യക്തമായ അടയാളങ്ങൾ കാണിക്കുന്നവരെ പ്രോത്സാഹിപ്പിക്കുകയും പിന്താങ്ങുകയും ചെയ്യുക സുപ്രധാന കാര്യമാണ്. ദൈവത്തോടും സഭയോടും "അതേ" എന്ന് അവർ പ്രത്യുത്തരിക്കുമ്പോൾ മുഴുവൻ സമൂഹത്തിന്റെയും സ്നേഹോഷ്മളത അനുഭവിക്കാൻ അവരെ ശക്തരാക്കുകയെന്നതും പ്രധാനപ്പെട്ട കാര്യമാണ്. സെമിനാരിയിൽ പ്രവേശിക്കാൻ തീരുമാനിച്ചവരോടു ഞാൻ തന്നെ പറഞ്ഞ വാക്കുകൾ ഉപയോഗിച്ച് അവരെ ഞാൻ പ്രോത്സാഹിപ്പിക്കുന്നു: "നിങ്ങൾ നല്ലൊരു കാര്യം ചെയ്തിരിക്കുന്നു. എന്തെന്നാൽ ലോകത്തിൻമേലുള്ള സാങ്കേതികവിദ്യയുടെ

ആധിപത്യത്താലും ആഗോളവത്കരണത്താലും മുദ്രിതമായ ഒരു കാല ഘട്ടത്തിലും മനുഷ്യർക്ക് എപ്പോഴും ദൈവത്തെ ആവശ്യമുണ്ട്. യേശുക്രിസ്തുവിൽ സ്വയം വെളിപ്പെടുത്തിയ, സാർവത്രികസഭയിൽ നമ്മെ സമ്മേളിപ്പിക്കുന്ന, ദൈവത്തെ അവർക്ക് എപ്പോഴും ആവശ്യ മുണ്ട്. അവിടുന്ന് സമ്മേളിപ്പിക്കുന്നത് അവിടുത്തോടൊപ്പം അവിടുന്നി ലൂടെ ജീവിതത്തിന്റെ യഥാർത്ഥമായ അർത്ഥം ഗ്രഹിക്കാനും യഥാർത്ഥ മാനുഷികതയുടെ മാനദണ്ഡങ്ങൾ ഉയർത്തിപ്പിടിക്കാനും പ്രയോഗത്തി ലാക്കാനുമാണ്" (സെമിനാരിക്കാർക്കുള്ള കത്ത്, 18 ഒക്ടോബർ 2010).

ഓരോ പ്രാദേശികസഭയും ദൈവവിളികളെ സംബന്ധിച്ച അജ പാലനശുശ്രൂഷയിൽ കൂടുതൽ സംവേദകത്വവും ജാഗ്രതയും പുലർത്തു കയെന്നത് സത്താപരമായ കാര്യമാണ്. കുട്ടികളെയും യുവജനത്തെയും പ്രത്യേകിച്ച് കുടുംബതലത്തിലും ഇടവകതലത്തിലും സംഘടനാതല ത്തിലും സഹായിക്കണം. യേശു തന്റെ ശിഷ്യന്മാരെ സഹായിച്ചതു പോലെ, കർത്താവുമായി യഥാർത്ഥവും വാത്സല്യപൂർണവുമായ സൗഹൃദത്തിൽ വളരാൻ സഹായിക്കണം. അത് വ്യക്തിപരവും ലിറ്റർജി പരവുമായ പ്രാർത്ഥനയാൽ പോഷിപ്പിക്കപ്പെട്ടതായിരിക്കണം. വിശുദ്ധ ലിഖിതങ്ങളോടുള്ള പരിചയത്തിൽ വളരാനും അങ്ങനെ ദൈവവചനം ശ്രദ്ധയോടെ ഫലപ്രദമാംവിധം കേൾക്കാനും, ദൈവത്തിന്റെ ഇഷ്ടത്തി ലേക്കുള്ള പ്രവേശനം ഒരു വ്യക്തിയെ തകർക്കുകയോ നശിപ്പിക്കു കയോ ചെയ്യുന്നില്ലെന്നും മറിച്ച് നമ്മെ സംബന്ധിച്ച അത്യഗാധമായ സത്യം ഗ്രഹിക്കാൻ അതു സഹായിക്കുകയാണെന്നും മനസ്സിലാ ക്കാനും, അവസാനമായി മറ്റുള്ളവരുമായുള്ള ബന്ധത്തിൽ ഉദാരതയും സാഹോദര്യവുമുള്ളവരായിരിക്കാനും സഹായിക്കണം. എന്തെന്നാൽ ദൈവസ്നേഹത്തോടു തുറവുള്ളവരായിരിക്കുമ്പോൾ മാത്രമാണ് യഥാർത്ഥ സന്തോഷവും നമ്മുടെ ആഗ്രഹങ്ങളുടെ സാക്ഷാത്കാരവും നമ്മൾ കണ്ടെത്തുന്നത്. "പ്രാദേശികസഭകളിൽ ദൈവവിളികൾ നിർദ്ദേ ശിക്കുക"യെന്നതിന്റെ അർത്ഥം ഇതാണ്. ക്രിസ്തുവിനെ അനുഗമി ക്കുന്നതിന്റെ വെല്ലുവിളിനിറഞ്ഞ ഈ മാർഗ്ഗം ധീരതയോടെ, ദൈവ വിളിയെ സംബന്ധിച്ച് ശ്രദ്ധാപൂർവ്വകവും സമുചിതവുമായ താത്പര്യ ത്തിലൂടെ ചൂണ്ടിക്കാണിക്കുക. എന്തെന്നാൽ അത് അർത്ഥസമ്പുഷ്ട മാണ്, ജീവിതത്തെ മുഴുവനും പ്രവർത്തനിരതമാക്കാൻ അതിനു കഴി വുണ്ട്.

എന്റെ പ്രിയസഹോദരരായ മെത്രാന്മാരോട് എനിക്കു പ്രത്യേക മായി ഒരു വാക്കു പറയാനുണ്ട്. ക്രിസ്തുവിലുള്ള നിങ്ങളുടെ രക്ഷാക രദൗത്യത്തിന്റെ തുടർച്ചയും വളർച്ചയും ഉറപ്പുവരുത്തുവാൻ നിങ്ങൾ "വൈദിക ദൈവവിളികളെയും സമർപ്പിതജീവിത ദൈവവിളികളെയും ആവുന്നത്ര വളർത്തണം. മിഷണറിമാരാകാനുള്ള ദൈവവിളികളിൽ

നിങ്ങൾ സവിശേഷതാത്പര്യം പുലർത്തുകയും വേണം" (ക്രിസ്തൂസ് ദോമിനൂസ്, നമ്പർ 15). കർത്താവ് തിരഞ്ഞെടുത്തവരുടെ ഹൃദയങ്ങളിലേക്ക് അവിടുത്തെ വിളി എത്തിച്ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സഹകരിക്കാൻ നിങ്ങളെ അവിടുത്തേക്ക് ആവശ്യമുണ്ട്. രൂപതയുടെ ദൈവവിളി കാര്യാലയത്തിൽ ജോലി ചെയ്യാനുള്ളവരെ ശ്രദ്ധാപൂർവ്വം തിരഞ്ഞെടുക്കണം. ദൈവവിളിയുടെ അജപാലനപരമായ ശുശ്രൂഷ വളർത്താനും സംഘടിപ്പിക്കാനും അതിനെ താങ്ങിനിറുത്തുന്നതും അതിന്റെ കാര്യക്ഷമതയ്ക്കു ഉറപ്പുനൽകുന്നതുമായ പ്രാർത്ഥന വളർത്താനുമുള്ള വിലപ്പെട്ട മാർഗമാണത്.

പ്രിയ സഹോദരരായ മെത്രാന്മാരേ, ലോകത്തിൽ വൈദികരുടെ നീതിപൂർവകമായ വിതരണം നടത്തണമെന്ന സാർവത്രികസഭയുടെ താത്പര്യത്തെക്കുറിച്ച് നിങ്ങളെ ഓർമ്മിപ്പിക്കാനും ഞാൻ ആഗ്രഹിക്കുന്നു. വൈദികദൗർലഭ്യം അനുഭവിക്കുന്ന രൂപതകളുടെ ആവശ്യങ്ങളോടു നിങ്ങൾക്കുള്ള തുറവ് നിങ്ങളുടെ സമൂഹങ്ങൾക്ക് ദൈവത്തിൽനിന്നുള്ള ഒരനുഗ്രഹമായിരിക്കും. മുഴുവൻ സഭയുടെയും ആവശ്യങ്ങൾ ഉദാരതയോടെ പരിഗണിക്കുന്ന വൈദികസേവനത്തെ സംബന്ധിച്ച് വിശ്വാസികൾക്കു നൽകുന്ന ഒരു അടയാളവുമായിരിക്കും അത്.

രണ്ടാം വത്തിക്കാൻ കൗൺസിൽ നമ്മെ ഇപ്രകാരം ഓർമ്മിപ്പിച്ചിട്ടുണ്ട്: "ദൈവവിളി വളർത്താനുള്ള കടമ മുഴുവൻ ക്രൈസ്തവ സമൂഹത്തിന്റേതുമാണ്. സർവോപരി, തികഞ്ഞ ക്രൈസ്തവജീവിതം നയിച്ചുകൊണ്ട് ആ കടമ നിർവ്വഹിക്കണം (ഒപ്ത്താത്താം തോതിയൂസ്, നമ്പർ 2). അതുകൊണ്ട്, ഇടവകകളിൽ വൈദികരോടൊപ്പം വിവിധ രീതികളിൽ ജോലി ചെയ്യുന്നവരോട് അംഗീകാരത്തിന്റെയും പ്രോത്സാഹനത്തിന്റെയും ഒരു സവിശേഷ വാക്കു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രത്യേകിച്ച്, ദൈവവിളിയെ സംബന്ധിച്ച അജപാലനശുശ്രൂഷയ്ക്കു സവിശേഷസംഭാവന ചെയ്യുന്ന വൈദികർ, കുടുംബങ്ങൾ, മതാധ്യാപകർ, ഇടവകഗ്രൂപ്പുകളിലെ നേതാക്കൾ എന്നിവരെ ഞാൻ പ്രത്യേകം പ്രോത്സാഹിപ്പിക്കുന്നു. മെത്രാനോടും സഹവൈദികരോടുമുള്ള കൂട്ടായ്മയ്ക്കു സാക്ഷ്യം നൽകാനും അങ്ങനെ വൈദിക ദൈവവിളിക്കുള്ള ഫലപുഷ്ടമായ മണ്ണുപ്രദാനം ചെയ്യാനും വൈദികരോടു ഞാൻ ആവശ്യപ്പെടുന്നു. "കുടുംബങ്ങൾ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ചൈതന്യത്താലും കടമയെക്കുറിച്ചുള്ള ബോധത്താലും സജീവമാക്കപ്പെടട്ടെ" (ഒപ്ത്താത്താം തോതിയൂസ്, നമ്പർ 2) പൗരോഹിത്യത്തിലേക്കും സമർപ്പിതജീവിതത്തിലേക്കുമുള്ള വിളി ഉദാരതയോടെ സ്വാഗതം ചെയ്യുന്നതിന് കുട്ടികളെ സഹായിക്കാൻ അതിനു കഴിയും. മതാധ്യാപകർക്കും കത്തോലിക്കാ ഗ്രൂപ്പുകളിലെയും സഭാത്മക പ്രസ്ഥാനങ്ങളിലെയും നേതാക്കൾക്കും തങ്ങളുടെ വിദ്യാഭ്യാസ

ദൗത്യത്തെക്കുറിച്ച് ബോധ്യമുണ്ടായിരിക്കണം. "തങ്ങളെ ഏല്പിച്ചിരിക്കുന്ന യുവജനങ്ങൾ ദൈവികവിളിയെ തിരിച്ചറിയാനും സ്വതന്ത്രമായി സ്വീകരിക്കാനും മാർഗ്ഗനിർദ്ദേശം നൽകാൻ" അവർ (ibid) പരിശ്രമിക്കട്ടെ.

പ്രിയ സഹോദരീസഹോദരന്മാരേ, ദൈവവിളികൾ വളർത്താനും പരിപാലിക്കാനുമുള്ള നിങ്ങളുടെ സമർപ്പണം, സഭയുമായുള്ള ഐക്യത്തിലും കൂട്ടായ്മയുടെ സേവനത്തിലും നിർവ്വഹിക്കുമ്പോൾ ഏറ്റവും ശ്രദ്ധേയവും അജപാലനപരമായി കാര്യക്ഷമവുമായിത്തീരും. ഇക്കാരണത്താൽ മതബോധനം, പരിശീലനസമ്മേളനങ്ങൾ, ലിറ്റർജിപരമായ പ്രാർത്ഥന, തീർത്ഥാടനങ്ങൾ എന്നിങ്ങനെ സഭാസമൂഹത്തിന്റെ ജീവിതത്തിലുള്ള എല്ലാ നിമിഷങ്ങളും അമൂല്യസന്ദർഭങ്ങളാക്കാൻ കഴിയും. ദൈവജനത്തിൽ, പ്രത്യേകിച്ച് കുട്ടികളിലും യുവാക്കളിലും, തങ്ങൾ സഭയുടേതാണെന്ന ചിന്തയുണർത്താനും ദൈവികത്വത്തിലേക്കും സമർപ്പിതജീവിതത്തിലേക്കുമുള്ള വിളിക്ക് അറിവോടും സമ്മതത്തോടുംകൂടെ പ്രത്യുത്തരിക്കാനുള്ള ഉത്തരവാദിത്വബോധമുണർത്താനും ആവശ്യമായ സന്ദർഭങ്ങളാക്കാൻ കഴിയും.

ദൈവവിളി പരിപോഷിപ്പിക്കാനുള്ള കഴിവ് പ്രാദേശികസഭയുടെ സജീവത്വത്തിന്റെ മുഖമുദ്രയാണ്. വിശ്വാസത്തോടും സ്ഥിരോത്സാഹത്തോടും കൂടെ നമുക്കു കന്യകാമറിയത്തോടു പ്രാർത്ഥിക്കാം. തന്റെ വിളഭൂമിയിലേക്ക് പുതിയ ജോലിക്കാരെ എന്നും വിളിക്കുന്ന കർത്താവിനോട് സമ്മതം മൂളാൻ ഓരോ സമൂഹവും കൂടുതൽ കൂടുതൽ സന്മനസ്സു കാണിക്കണം. അതിന്, ദൈവത്തിന്റെ രക്ഷാകരപദ്ധതി സ്വീകരിച്ച മറിയത്തിന്റെ മാതൃക സഹായകമാകാനും അവളുടെ ശക്തമായ മാധ്യസ്ഥ്യം ലഭിക്കാനും വേണ്ടി പ്രാർത്ഥിക്കാം.

ഈ പ്രത്യാശയോടെ ഞാൻ എല്ലാവർക്കും ഹൃദയപൂർവ്വം അപ്പസ്തോലികാശീർവാദം നൽകുന്നു.

വത്തിക്കാനിൽ നിന്ന് 2010 നവംബർ 15

**ബെനഡിക്ട് പതിനാറാമൻ മാർപാപ്പ**

# രൂപതാകച്ചേരി വാർത്തകൾ

**മാർ പോത്തനാമുഴി പിതാവിന്റെ ചരമദിനം**

കഴിഞ്ഞമാസത്തെ ബുള്ളറ്റിനിൽ അറിയിച്ചിരുന്നതുപോലെ മാർ എമ്മാനുവേൽ പിതാവിന്റെ ചരമവാർഷികദിനമായ ഏപ്രിൽ 6-ാം തീയതി ബുധനാഴ്ച രാവിലെ 11.15 ന് പിതാവിനുവേണ്ടി കണിയാരം കത്തീഡ്രൽ പള്ളിയിൽ വച്ച് നടക്കുന്ന തിരുക്കർമ്മങ്ങളിലേയ്ക്ക് ഏവരുടെയും സാന്നിധ്യം ക്ഷണിക്കുന്നു.

**സ്നേഹസ്മരണ**

നമ്മിൽ നിന്നു വേർപിരിഞ്ഞ ബഹു. അഗസ്റ്റ്യൻ കണ്ണാടിക്കര അച്ചന്റെ ചരമദിനം ഏപ്രിൽ 21 നും ബഹു.ജോസ് വെട്ടിക്കുഴിച്ചാലിൽ അച്ചന്റെ ചരമദിനം ഏപ്രിൽ 29-ാം തീയതിയുമാണ്. അന്നേദിവസം ഇവരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**പൊതുപിരിവുകൾ**

രൂപത കേന്ദ്രത്തിലേയ്ക്ക് അയച്ചുതരേണ്ട പൊതുപിരിവുകൾ മാർച്ച് 31 നകം എത്തിച്ചു തരാത്ത ഏതെങ്കിലും ഇടവകകളുണ്ടെങ്കിൽ എത്രയും വേഗം എത്തിച്ചു തരേണ്ടതാണ്.

**അഭിനന്ദനങ്ങൾ**

അമേരിക്കയിലെ സീറോമലബാർ രൂപതയായ ചിക്കാഗോ രൂപതയുടെ ചാൻസലറായി നിയമിതനായിരിക്കുന്ന ബഹു. വിനു മഠത്തിപറമ്പിലച്ചന് അനുമോദനങ്ങൾ. ചിക്കാഗോ രൂപതയുടെ പ്രൊക്കുറേറ്ററുടെ ഉത്തരവാദിത്വത്തോടൊപ്പം ചാൻസലറുടെ ഉത്തരവാദിത്വവും നന്നായി നിർവ്വഹിക്കുവാൻ അച്ചന് എല്ലാവിധ ദൈവാനുഗ്രഹവും ആശംസിക്കുന്നു.

## രൂപതാദിനം

മുൻകൂട്ടി അറിയിച്ചിരുന്നതുപോലെ ഈ വർഷത്തെ രൂപതാദിനം മെയ് 4-ാം തീയതി ബുധനാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ആഘോഷിക്കുന്നു. മുൻ വർഷങ്ങളിലേതുപോലെ പ്രതിനിധി സമ്മേളനത്തിൽ താഴെ പറയുന്നവർ പങ്കെടുക്കേണ്ടതാണ്.

1. രൂപതയിലെ എല്ലാ വൈദികരും.
2. സന്യാസ സഭകളുടെ മേജർ സുപ്പീരിയേഴ്സും ഓരോ ഭവനത്തിന്റെയും സുപ്പീരിയറും
3. നടത്തുകൈക്കാരന്മാർ
4. ദേവാലയ ശുശ്രൂഷികൾ
5. ഇടവക സെക്രട്ടറിമാർ
6. സൺഡേസ്കൂൾ പ്രധാന അധ്യാപകർ
7. രൂപത പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ
8. ഭക്തസംഘടനകളുടെയും മതബോധനത്തിന്റെയും രൂപതാ ഭാരവാഹികൾ
9. L.P, U.P., H.S., H.S.S., College പ്രധാനാധ്യാപകർ

മൂന്നാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ ചർച്ചാ വിഷയമായ "വിശ്വാസം ജീവന്റെ സംരക്ഷണത്തിനും സമ്പൂർണ്ണതയ്ക്കും" എന്നതിന്റെ തുടർ നടപടികൾ നമ്മുടെ രൂപതയിൽ സജീവമാക്കുന്നതിന്റെ പശ്ചാത്തലത്തിൽ ഈ വർഷത്തെ രൂപതാദിനത്തിൽ നമ്മുടെ രൂപതയിൽ 50 വയസ്സിൽ താഴെ പ്രായമുള്ളവരും അഞ്ചോ അതിലധികമോ കുട്ടികളുള്ളവരുമായ ദമ്പതികളെ കുട്ടികളോടൊപ്പം ആദരിക്കുന്നു. ഇത്തരത്തിൽ ആദരിക്കപ്പെടേണ്ടവർ ഇടവകകളിൽ ഉണ്ടെങ്കിൽ അവരുടെ പേരുവിവരം ഏപ്രിൽ 20-നു മുമ്പായി രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടറായ ബഹുമാനപ്പെട്ട ഡെന്നീസ് കഴുതാടിയച്ചനെ (ഫോൺ 04935-241335, മൊബൈൽ 9497083955) അറിയിക്കേണ്ടതാണ്.

ഈ കുടുംബ സമ്മേളനത്തിൽ ആദരിക്കപ്പെടേണ്ടവർ ഇക്കൊല്ലം സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന വൈദികർ, സന്യസ്തർ, ഇക്കൊല്ലം 35 വർഷം പൂർത്തിയാക്കുന്ന മതാദ്ധ്യാപകർ, 25 വർഷം പൂർത്തിയാക്കുന്ന അൾത്താര ശുശ്രൂഷികൾ, അഞ്ചോ അതിലധികമോ മക്കളുള്ള കുടുംബങ്ങൾ എന്നിവരാണ്. ഇവരുടെ പേരുവിവരം ബന്ധപ്പെട്ടവർ ഏപ്രിൽ 20-ാം തീയതിയ്ക്കകം രൂപതാകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

ഇടവകയിൽ നിന്നുള്ള നടത്തു കൈക്കാരന്മാർ, ദേവാലയ ശുശ്രൂഷി, സെക്രട്ടറി, സൺഡേസ്കൂൾ പ്രധാന അധ്യാപകൻ,

സ്കൂളുകളിലെയും കോളേജുകളിലെയും പ്രധാനാധ്യാപകർ എന്നിവരോട് അച്ചൻമാർ തന്നെ പറയുകയും അവരെ കൂട്ടിക്കൊണ്ടുവരികയോ പറഞ്ഞയയ്ക്കുകയോ ചെയ്യേണ്ടതാണ്.

**പ്രോഗ്രാം**

9.00 : രജിസ്ട്രേഷൻ, ചായ

9.30 : കൊന്ത

10.00 : വി. കുർബാന

12.00 : പൊതുസമ്മേളനം

2.00 : ഉച്ചഭക്ഷണം

## ഇടവക സെക്രട്ടറിമാരുടെയും അൾത്താര ശുശ്രൂഷിമാരുടെയും ശമ്പളം

2011 ഏപ്രിൽ 1 മുതൽ അൾത്താര ശുശ്രൂഷികളുടെയും (കപ്യാർ) സെക്രട്ടറിമാരുടെയും (അക്കൗണ്ടന്റ്) ശമ്പള നിരക്കിൽ വർദ്ധനവ് വരുത്തിക്കൊണ്ടുള്ള അഭിവന്ദ്യപിതാവിന്റെ സർക്കുലർ ശ്രദ്ധിച്ചുകാണുമല്ലോ. നമ്മുടെ രൂപതയിലെ പല ഇടവകകളിൽ നിന്നും ഇവർക്ക് നൽകുന്ന ശമ്പളത്തെക്കുറിച്ച് പരാതികൾ നിലവിലുണ്ടായിരുന്നു. ഏപ്രിൽ 1 മുതൽ മാറ്റം വരുത്തിയിട്ടുള്ള നിരക്കനുസരിച്ച് ശമ്പളവും ആനുകൂല്യങ്ങളും നൽകാൻ ശ്രദ്ധിച്ചാൽ ഇത്തരത്തിലുള്ള പരാതികൾ ഒഴിവാക്കാൻ സാധിക്കും എന്നു പ്രതീക്ഷിക്കുന്നു. പുതുക്കിയ നിരക്കനുസരിച്ച് നൽകേണ്ടിയിരിക്കുന്ന ശമ്പളത്തിന്റെ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

### ഉദാഹരണത്തിന് 1980 മുതൽ സേവനം ചെയ്യുന്ന കപ്യാർക്ക് 2011 ഏപ്രിൽ മുതൽ നൽകേണ്ട ശമ്പളം

A ഗ്രേഡ് : അടിസ്ഥാനശമ്പളം 2550 + 30 വർഷത്തെ 50 രൂപ വീതമുള്ള ഇൻക്രിമെന്റ് 1500. **ആകെ 4050**

B ഗ്രേഡ് : അടിസ്ഥാനശമ്പളം 2040 + 30 വർഷത്തെ 40 രൂപ വീതമുള്ള ഇൻക്രിമെന്റ് 1200. **ആകെ 3240**

C ഗ്രേഡ് : അടിസ്ഥാനശമ്പളം 1530 + 30 വർഷത്തെ 30 രൂപ വീതമുള്ള ഇൻക്രിമെന്റ് 900. **ആകെ 2430**

D ഗ്രേഡ് : അടിസ്ഥാനശമ്പളം 1050 + 30 വർഷത്തെ 20 രൂപ വീതമുള്ള ഇൻക്രിമെന്റ് 600. **ആകെ 1650**

E ഗ്രേഡ് : അടിസ്ഥാനശമ്പളം 560 + 30 വർഷത്തെ 10 രൂപ വീതമുള്ള ഇൻക്രിമെന്റ് 300. **ആകെ 860**

**സെക്രട്ടറിമാരുടെ ശമ്പളം**

ഉദാഹരണത്തിന് 1980 മുതൽ സേവനം ചെയ്യുന്ന സെക്രട്ടറിമാരുടെ ശമ്പളം

A ഗ്രേഡ് : അടിസ്ഥാനശമ്പളം 1275 + 30 വർഷത്തെ 25 രൂപ വീതമുള്ള ഇൻക്രിമെന്റ് 750 രൂപ. **ആകെ 2025**

B ഗ്രേഡ് : അടിസ്ഥാനശമ്പളം 1020 + 30 വർഷത്തെ 20 രൂപ വീതമുള്ള ഇൻക്രിമെന്റ് 600 രൂപ. **ആകെ 1620**

C ഗ്രേഡ് : അടിസ്ഥാനശമ്പളം 765 + 30 വർഷത്തെ 15 രൂപ വീതമുള്ള ഇൻക്രിമെന്റ് 450 രൂപ. **ആകെ 1215**

D ഗ്രേഡ് : അടിസ്ഥാനശമ്പളം 510 + 30 വർഷത്തെ 10 രൂപ വീതമുള്ള ഇൻക്രിമെന്റ് 300 രൂപ. **ആകെ 810**

E ഗ്രേഡ് : അടിസ്ഥാനശമ്പളം 435 + 30 വർഷത്തെ 10 രൂപ വീതമുള്ള ഇൻക്രിമെന്റ് 300 രൂപ. **ആകെ 735**

മേൽപറഞ്ഞ സർക്കുലറിലെ നിബന്ധനകൾക്ക് അനുസരിച്ച് നമ്മുടെ ദേവാലയ ശുശ്രൂഷികൾക്കും സെക്രട്ടറിമാർക്കും അവരുടെ സേവനകാലം കണക്കാക്കി ആനുകൂല്യങ്ങൾ നൽകാൻ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഓഡിറ്റിംഗ്**

ഏപ്രിൽ 13-ാം തീയതി നിയമസഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പായതിനാൽ ഓഡിറ്റേഴ്സിന്റെ സൗകര്യം കണക്കിലെടുത്ത് ഇടവകകളുടെ ഓഡിറ്റിംഗിൽ മാറ്റം വരുത്തിയിരിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഏപ്രിൽ 11 മുതൽ ഏപ്രിൽ 15 വരെ നടത്തേണ്ടിയിരുന്ന ഓഡിറ്റ് മെയ് മാസം 2 മുതലുള്ള തീയതികളിലായിരിക്കും നടത്തുക. ഏപ്രിൽ 26 മുതൽ 28 വരെ നടത്താൻ നിശ്ചയിച്ചിരിക്കുന്നവയിൽ മാറ്റമില്ല. ഓരോ ഇടവകയ്ക്കും വേണ്ടി നിശ്ചയിച്ചിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു.

| മുള്ളൻകൊല്ലി ഫൊറോന | ഏപ്രിൽ 26 ചൊവ്വ | ബിഷപ്സ് ഹൗസ് |
|---|---|---|
| ആടിക്കൊല്ലി | രാവിലെ 9 മുതൽ | " |
| അമരക്കുനി | രാവിലെ 9 മുതൽ | " |
| ഇരുളം | രാവിലെ 9 മുതൽ | " |
| കബനിഗിരി | രാവിലെ 9 മുതൽ | " |
| മരകാവ് | രാവിലെ 9 മുതൽ | " |
| മരക്കടവ് | രാവിലെ 9 മുതൽ | " |
| മുള്ളൻകൊല്ലി | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| പാടിച്ചിറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പട്ടാണിക്കൂപ്പ് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുൽപള്ളി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| സീതാമൗണ്ട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ശിശുമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **സു. ബത്തേരി ഫൊറോന** | **ഏപ്രിൽ 27 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| അമ്പലവയൽ | രാവിലെ 9 മുതൽ | " |
| ചിത്രഗിരി | രാവിലെ 9 മുതൽ | " |
| ചുള്ളിയോട് | രാവിലെ 9 മുതൽ | " |
| കടൽമാട് | രാവിലെ 9 മുതൽ | " |
| കരണി | രാവിലെ 9 മുതൽ | " |
| മീനങ്ങാടി | രാവിലെ 9 മുതൽ | " |
| കല്ലുമുക്ക് | രാവിലെ 9 മുതൽ | " |
| പഴൂർ | രാവിലെ 9 മുതൽ | " |
| സു. ബത്തേരി | രാവിലെ 9 മുതൽ | " |
| മൂലങ്കാവ് | രാവിലെ 9 മുതൽ | " |
| തോമാട്ടുചാൽ | രാവിലെ 9 മുതൽ | " |
| വടക്കനാട് | രാവിലെ 9 മുതൽ | " |
| വാകേരി | രാവിലെ 9 മുതൽ | " |
| **തരിയോട് ഫൊറോന** | **ഏപ്രിൽ 27 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| തരിയോട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചെന്നലോട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കാവുംമന്ദം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കോട്ടത്തറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കുറുമ്പാല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കുറുമണി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മംഗളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പന്തിപ്പോയിൽ (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മഞ്ഞൂറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുതുശ്ശേരിക്കടവ് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| പയ്യംപള്ളി ഫൊറോന | ഏപ്രിൽ 28 വ്യാഴം | ബിഷപ്സ് ഹൗസ് |
|---|---|---|
| പയ്യംപള്ളി | രാവിലെ 9 മുതൽ | " |
| അപ്പപ്പാറ | രാവിലെ 9 മുതൽ | " |
| ആറാട്ടുതറ | രാവിലെ 9 മുതൽ | " |
| ബാവലി | രാവിലെ 9 മുതൽ | " |
| എടയൂർകുന്ന് | രാവിലെ 9 മുതൽ | " |
| കമ്മന | രാവിലെ 9 മുതൽ | " |
| കാട്ടിക്കുളം | രാവിലെ 9 മുതൽ | " |
| മാർട്ടിൻനഗർ | രാവിലെ 9 മുതൽ | " |
| പടമല | രാവിലെ 9 മുതൽ | " |
| പനവല്ലി | രാവിലെ 9 മുതൽ | " |
| തൃശ്ശിലേരി | രാവിലെ 9 മുതൽ | " |

| നടവയൽ ഫൊറോന | ഏപ്രിൽ 28 വ്യാഴം | ബിഷപ്സ് ഹൗസ് |
|---|---|---|
| അരിഞ്ചേർമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചെറുകാട്ടൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചുണ്ടക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കല്ലുവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കണിയാമ്പറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കേണിച്ചിറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നടവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നെയ്ക്കുപ്പ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പറളിക്കുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വിളമ്പുകണ്ടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| ചുങ്കക്കുന്ന് ഫൊറോന | മെയ് 2 തിങ്കൾ | ബിഷപ്സ് ഹൗസ് |
|---|---|---|
| അടയ്ക്കാത്തോട് | രാവിലെ 9 മുതൽ | " |
| അമ്പായത്തോട് | രാവിലെ 9 മുതൽ | " |
| ചുങ്കക്കുന്ന് | രാവിലെ 9 മുതൽ | " |
| കേളകം | രാവിലെ 9 മുതൽ | " |
| കൊട്ടിയൂർ | രാവിലെ 9 മുതൽ | " |
| നെല്ലിയോടി | രാവിലെ 9 മുതൽ | " |
| ഒറ്റപ്ലാവ് | രാവിലെ 9 മുതൽ | " |
| പാൽചുരം | രാവിലെ 9 മുതൽ | " |
| ശാന്തിഗിരി | രാവിലെ 9 മുതൽ | " |
| വെള്ളൂന്നി | രാവിലെ 9 മുതൽ | " |

| കല്പറ്റ ഫൊറോന | മെയ് 2 തിങ്കൾ | ബിഷപ്സ് ഹൗസ് |
|---|---|---|
| കല്പറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാഴവറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തെനേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നെടുമ്പാല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റിപ്പൺ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കൊളവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| എടപ്പെട്ടി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വൈത്തിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചാരിറ്റി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ലക്കിടി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ഒലിവുമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചൂരൽമല (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കുന്നംബറ്റ (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുഴമുടി (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| കല്ലോടി ഫൊറോന | മെയ് 3 ചൊവ്വ | ബിഷപ്സ് ഹൗസ് |
|---|---|---|
| ചുള്ളിയാന | രാവിലെ 9 മുതൽ | " |
| ദീപ്തിഗിരി | രാവിലെ 9 മുതൽ | " |
| ദ്വാരക | രാവിലെ 9 മുതൽ | " |
| കല്ലോടി | രാവിലെ 9 മുതൽ | " |
| കരിമ്പിൽ | രാവിലെ 9 മുതൽ | " |
| കാരയ്ക്കാമല | രാവിലെ 9 മുതൽ | " |
| കൊമ്മയാട് | രാവിലെ 9 മുതൽ | " |
| കുഞ്ഞോം | രാവിലെ 9 മുതൽ | " |
| മക്കിയാട് | രാവിലെ 9 മുതൽ | " |
| മംഗലശ്ശേരി | രാവിലെ 9 മുതൽ | " |
| മൊതക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നിരവിൽപുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ഒഴുക്കൻമൂല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുതുശ്ശേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുതിയിടംകുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തോണിച്ചാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വഞ്ഞോട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ജൂഡ്സ്മൗണ്ട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| മാനന്തവാടി ഫൊറോന | മെയ് 5 വ്യാഴം | ബിഷപ്സ് ഹൗസ് |
|---|---|---|
| ആലാറ്റിൽ | രാവിലെ 9 മുതൽ | " |
| ഏലപ്പീടിക | രാവിലെ 9 മുതൽ | " |
| കരിമാനി | രാവിലെ 9 മുതൽ | " |
| കുറ്റിമൂല | രാവിലെ 9 മുതൽ | " |
| മാനന്തവാടി കത്തീഡ്രൽ | രാവിലെ 9 മുതൽ | " |
| മാനന്തവാടി ടൗൺ | രാവിലെ 9 മുതൽ | " |
| പാറത്തോട്ടം | രാവിലെ 9 മുതൽ | " |
| പേരിയ | രാവിലെ 9 മുതൽ | " |
| പോരൂർ | രാവിലെ 9 മുതൽ | " |
| പുതിയിടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തലപ്പുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തവിഞ്ഞാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വലിയകൊല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബോയ്സ് ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുതിരേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പ്രശാന്തഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| യവനാർകുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| ഗൂഡല്ലൂർ റീജിയൺ | മെയ് 6 വെള്ളി | അരുൾനിലയം |
|---|---|---|
| അരുൾനിലയം | രാവിലെ 9 മുതൽ | " |
| ബെക്കി | രാവിലെ 9 മുതൽ | " |
| ബർലിയാർ | രാവിലെ 9 മുതൽ | " |
| കൂനൂർ | രാവിലെ 9 മുതൽ | " |
| അറുവൻകാട് (Independent station) | രാവിലെ 9 മുതൽ | " |
| ധർമ്മഗിരി | രാവിലെ 9 മുതൽ | " |
| ആറാട്ടുപാറ (Independent station) | രാവിലെ 9 മുതൽ | " |
| കൽപ്ര | രാവിലെ 9 മുതൽ | " |
| കയ്യൂന്നി | രാവിലെ 9 മുതൽ | " |
| കുന്നലാടി | രാവിലെ 9 മുതൽ | " |
| മച്ചിക്കൊല്ലി | രാവിലെ 9 മുതൽ | " |
| മണ്ണുവയൽ | രാവിലെ 9 മുതൽ | " |
| പനംചിറ | രാവിലെ 9 മുതൽ | " |
| വിമലഗിരി | രാവിലെ 9 മുതൽ | " |

| മണിമൂളി ഫൊറോന | മെയ് 6 വെള്ളി | മണിമൂളി പാസ്റ്ററൽ സെന്റർ |
|---|---|---|
| മണിമൂളി (Including Manimooly, PC & Syncellus Office) | ഉച്ചകഴിഞ്ഞ് 3 മുതൽ | " |
| ഭൂദാനം | ഉച്ചകഴിഞ്ഞ് 3 മുതൽ | " |
| നരിവാലമുണ്ട | ഉച്ചകഴിഞ്ഞ് 3 മുതൽ | " |
| ഞാറപ്പാടം | ഉച്ചകഴിഞ്ഞ് 3 മുതൽ | " |
| **മണിമൂളി ഫൊറോന** | **മെയ് 7 ശനി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| മുണ്ടേരി | രാവിലെ 9 മുതൽ | " |
| പാലാങ്കര | രാവിലെ 9 മുതൽ | " |
| പാലേമാട് | രാവിലെ 9 മുതൽ | " |
| പാതിരിപ്പാടം | രാവിലെ 9 മുതൽ | " |
| തലഞ്ഞി | രാവിലെ 9 മുതൽ | " |
| മരുത (Independent station) | രാവിലെ 9 മുതൽ | " |
| **നിലമ്പൂർ ഫൊറോന** | **മെയ് 7 ശനി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| ചോക്കാട് | രാവിലെ 10 മുതൽ | " |
| എടിവണ്ണ | രാവിലെ 10 മുതൽ | " |
| മൂലേപ്പാടം | രാവിലെ 10 മുതൽ | " |
| മുട്ടിയേൽ (Independent station) | രാവിലെ 10 മുതൽ | " |
| നിലമ്പൂർ | രാവിലെ 10 മുതൽ | " |
| പൂക്കോട്ടുംപാടം | രാവിലെ 10 മുതൽ | " |
| പൂളപ്പാടം | രാവിലെ 10 മുതൽ | " |
| റൂബി നഗർ | രാവിലെ 10 മുതൽ | " |
| റ്റി.കെ. കോളനി | രാവിലെ 10 മുതൽ | " |
| തേൾപ്പാറ | രാവിലെ 10 മുതൽ | " |
| വള്ളിക്കെട്ട് | രാവിലെ 10 മുതൽ | " |

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വൈദിക സെനറ്റ് (Presbyteral Council) തെരഞ്ഞെടുപ്പ്

**ഓരോ ഗ്രൂപ്പിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നവർ**

ഗ്രൂപ്പ് 1:

റവ. ഫാ. ജെയിംസ് കുളത്തിനാൽ

റവ. ഫാ. ജോർജ്ജ് മമ്പള്ളിൽ

ഗ്രൂപ്പ് 2:

റവ. ഫാ. തോമസ് തൈക്കുന്നുംപുറം

റവ. ഫാ. തോമസ് ചേറ്റാനിയിൽ

ഗ്രൂപ്പ് 3:

റവ. ഫാ. അഗസ്റ്റിൻ നിലയ്ക്കപ്പിള്ളിൽ

ഗ്രൂപ്പ് 4:

റവ. ഫാ. കുര്യാക്കോസ് കുമ്പക്കീൽ

റവ. ഫാ. കുര്യാക്കോസ് കുന്നത്ത്

ഗ്രൂപ്പ് 5:

റവ. ഫാ. മത്തായി പള്ളിച്ചാൻകുടിയിൽ

ഗ്രൂപ്പ് 6:

റവ. ഫാ. ലൂക്കോസ് മാപ്ലശേരി

ഗ്രൂപ്പ് 7:

റവ. ഫാ. തോമസ് കോയിക്കാട്ടിൽ

ഗ്രൂപ്പ് 8:

റവ. ഫാ. പോൾ ഇടയക്കൊണ്ടാട്ട്

റവ. ഫാ. ജോസഫ് നെടുങ്കല്ലേൽ

ഗ്രൂപ്പ് 9:

റവ. ഫാ. തോമസ് ചേലയ്ക്കാപ്പിള്ളിൽ

ഗ്രൂപ്പ് 10:

റവ. ഫാ. മനോജ് അമ്പലത്തിങ്കൽ

റവ. ഫാ. ജോസഫ് വാഴകാട്ട്

ഗ്രൂപ്പ് 11:

റവ. ഫാ. ജോസഫ് ചെട്ടിയാശ്ശേരി

ഗ്രൂപ്പ് 12:

റവ. ഫാ. മനോജ് കാക്കോനാൽ

റവ. ഫാ. സെബാസ്റ്റ്യൻ തൊണ്ടിപറമ്പിൽ

ഗ്രൂപ്പ് 13:

റവ. ഫാ. സോണി വടയാപറമ്പിൽ

**സന്യസ്ത വൈദികർ**

റവ. ഫാ. ജോർജ്ജ് ഏഴാനിക്കാട്ട് CMI

റവ. ഫാ. ഫ്രാൻസിസ് ഞള്ളമ്പുഴ CMI

റവ. ഫാ. ജോസഫ് പൊന്നംബെൽ TOR

## Ex-officio Members:

| | | |
|---|---|---|
| വെരി.റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ | : | പ്രോട്ടോസിഞ്ചെല്ലൂസ് |
| റവ. ഫാ. ജോസ് തേക്കനാടി | : | സിഞ്ചെല്ലൂസ് |
| റവ. ഫാ. ജോസഫ് പരുവുമ്മേൽ | : | ചാൻസലർ |
| റവ. ഫാ. ഗർവ്വാസീസ് മറ്റം | : | പ്രൊക്കുറേറ്റർ |
| റവ. ഫാ. ജോർജ്ജ് മൈലാടൂർ | : | കത്തീഡ്രൽ വികാരി |
| റവ. ഫാ. ജോസഫ് മുതിരക്കാലായിൽ | : | മതബോധന ഡയറക്ടർ |
| റവ. ഫാ. റോബിൻ വടക്കൻചേരി | : | കോർപ്പറേറ്റ് മാനേജർ |
| റവ. ഫാ. ജോൺ ചൂരപ്പുഴയിൽ | : | WSSS ഡയറക്ടർ |
| റവ. ഫാ. തോമസ് കച്ചിറയിൽ | : | മൈനർ സെമിനാരി റെക്ടർ |
| റവ. ഫാ. മാത്യു കഴുതാടിയിൽ | : | പാസ്റ്ററൽ സെന്റർ ഡയറക്ടർ |

പ്രസ്ബിറ്ററൽ കൗൺസിലിലേക്ക് തെരഞ്ഞെടുപ്പ് നടത്തുവാൻ വേണ്ടി സഹായസഹകരണങ്ങൾ ചെയ്തു തന്ന പ്രസ്ബിറ്ററൽ തെരഞ്ഞെടുപ്പ് കമ്മിറ്റി അംഗങ്ങളായ ബഹു. ജോർജ്ജ് മൈലാടൂർ, ബഹു. തോമസ് കച്ചിറയിൽ, ബഹു. ജോസഫ് പരുവുമ്മേൽ എന്നിവർക്ക് ഹൃദയപൂർവ്വം നന്ദി.

**മേയ് മാസത്തിൽ വൈദികരുടെ സ്ഥലം മാറ്റത്തിനുശേഷം ജൂൺ മാസത്തിൽ നടക്കുന്ന മാസധ്യാനത്തിൽ വച്ച് ഓരോ ഫൊറോനയിൽ നിന്നും പ്രസ്ബിറ്ററൽ കൗൺസിലിലേക്ക് ഒരു പ്രതിനിധിയെ വീതം തെരഞ്ഞെടുത്ത് പേര് അയച്ചു തരണമെന്ന് മുൻകൂട്ടി അറിയിക്കുന്നു.**

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ ഫോളോഅപ്പ് കമ്മറ്റി

ജീവോന്മുഖ സംസ്കാരത്തിന്റെ സമഗ്രപോഷണത്തിന് വിശ്വാസ വെളിച്ചമേന്തി കാവലാളാവുക എന്ന പ്രവാചക ദൗത്യത്തിലേയ്ക്ക് സഭാ സന്താനങ്ങളെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെയാണ് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ തുടർനടപടി കമ്മിറ്റി അതിന്റെ പ്രഥമയോഗം 2011 മാർച്ച് 9 ന് പാസ്റ്ററൽ സെന്ററിൽ സമ്മേളിച്ചത്. വിവിധ രൂപതാസമിതികളിൽ നടന്ന ചർച്ചയുടെ നിർദ്ദേശങ്ങൾ കമ്മിറ്റി അവലോകനം ചെയ്തു. പ്രസ്തുത നിർദ്ദേശങ്ങൾ സംഗ്രഹിച്ച് തുടർനടപടികൾ നിർദ്ദേശിക്കുന്നതിനായി റവ. ഫാ. ബാബു മാപ്ലശേരി, റവ. ഫാ. മനോജ് കാക്കോനാൽ, ശ്രീ. തോമസ് ഏറണാട്ട്, ശ്രീമതി മേഴ്സി ആര്യപ്പള്ളി, സി. മെറീന പോൾ CMC എന്നിവരെ ചുമതലപ്പെടുത്തി. യോഗത്തിൽ വികാരി ജനറാൾ വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. ബാബു മാപ്ലശേരി സ്വാഗതവും, സി. മെറീന പോൾ നന്ദിയും പറഞ്ഞു.

രൂപതയിലെ എല്ലാ സംഘടനകളും സ്ഥാപനങ്ങളും സന്യാസ സമൂഹങ്ങളും അസംബ്ലി നിർദ്ദേശങ്ങൾ പ്രായോഗികമാക്കാൻ ഇപ്പോൾ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഒരു സമഗ്ര റിപ്പോർട്ട് രൂപതാ കമ്മിറ്റിക്ക് നൽകേണ്ടതുണ്ട്. ഇവ ചേർത്ത് തയ്യാറാക്കുന്ന രൂപതാ റിപ്പോർട്ട് സീറോ മലബാർസഭാ കാര്യാലയത്തിന് നൽകുന്നതാണ്. ഇത് സംബന്ധിച്ച കത്ത് എല്ലാ സ്ഥാപനങ്ങൾക്കും പിന്നാലെ അയക്കുന്നതാണ്.

മികച്ച ജലസംരക്ഷണത്തിനുള്ള മലയാള മനോരമയുടെ പലതുള്ളി പുരസ്കാരത്തിന് അർഹനായ യുവകർഷകനും പാടിച്ചിറ ഇടവകാംഗവുമായ വിൻസെന്റ് ചൂനാട്ടിന് രൂപതാ കമ്മിറ്റിയുടെ അഭിനന്ദനങ്ങൾ.

**ഫാ. ബാബു മാപ്ലശേരി**
കൺവീനർ

## മതബോധനരംഗം

**വാർഷികപരീക്ഷകൾ**

കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിൽ പറഞ്ഞിരിക്കുന്നതുപോലെ വാർഷികപരീക്ഷകൾ കൃത്യതയോടെ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ചോദ്യപേപ്പർ നിശ്ചയിച്ച ദിവസം കൈപ്പറ്റുമല്ലോ.

ഡിപ്ലോമ പരീക്ഷാ സൂപ്പർവിഷന് പോകുന്നവർ തന്നിരിക്കുന്ന നിർദ്ദേശങ്ങൾ കൃത്യതയോടെ പാലിക്കുവാൻ പരിശ്രമിക്കണം.

**മൂല്യനിർണ്ണയ ക്യാമ്പ്**

ഡിപ്ലോമ പരീക്ഷയുടെ മൂല്യനിർണ്ണയക്യാമ്പ് ഏപ്രിൽ 9, 10 ദിവസങ്ങളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കുന്നു. മൂല്യനിർണ്ണയ ക്യാമ്പിലേക്ക് ക്ഷണിക്കപ്പെട്ട അദ്ധ്യാപകർക്ക് സ്വാഗതം.

XI, XII ക്ലാസ്സുകളിലെ പരീക്ഷാ പേപ്പർ മൂല്യനിർണ്ണയം മാർച്ച് 12, 13 തീയതികളിൽ യൂണിവേഴ്സിറ്റി പ്രതിനിധിയുടെ നേതൃത്വത്തിൽ നടത്തി. ശ്രമകരമായ ഈ ജോലി ഭംഗിയായി ചെയ്തു തീർത്ത അദ്ധ്യാപകർക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു.

**XI, XII പരീക്ഷാഫലം**

HCC പരീക്ഷാഫലം ഏപ്രിൽ 1, 2 തീയതികളിൽ നടക്കുന്ന വിശ്വാസോത്സവത്തിനുശേഷമേ നിശ്ചയിക്കുകയുള്ളു. അതിനാൽ പരീക്ഷാഫലം അടുത്ത ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**HM, PP സമ്മേളനം**

അടുത്ത HM, PP സമ്മേളനം മെയ് 28 – ശനിയാഴ്ചയാണ്. മെയ് 29 ന് പുതിയ അദ്ധ്യയന വർഷം ആരംഭിക്കണം.

**ഹെഡ്മാസ്റ്റർമാരുടെ നിയമനം**

ഹെഡ്മാസ്റ്റർമാരുടെ കാലാവധി അഞ്ചു വർഷത്തേക്ക് ആണ് നിജപ്പെടുത്തിയിരിക്കുന്നത്. ഇടവകയിലെ വിശ്വാസപരിശീലനം ഭംഗി

യായി ക്രമീകരിക്കുവാനും നടത്തുവാനും അവരുടെ സേവനം ആവശ്യമെങ്കിൽ വീണ്ടും അവരെ പ്രധാനാധ്യാപകരായി നിയമിക്കാവുന്നതാണ്.

**ശ്രദ്ധിക്കുക**

XI, XII റിസൾട്ട് രൂപതയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. (ഏപ്രിൽ 6 -ന് ശേഷം) www.diocesemdy.org.

**ആദ്യകുർബാന പരിശീലന ക്യാമ്പ്**

ആദ്യകുർബാന സ്വീകരിക്കുവാൻ ഒരുങ്ങുന്ന കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുന്നവരുടെ ദ്വിദിന ക്യാമ്പ് മാർച്ച് 18, 19 തീയതികളിലും, 30, 31 തീയതികളിലും നടത്തി. ക്യാമ്പ് സംഘടിപ്പിച്ച ക്ലാരസഭാ സഹോദരിമാർക്കും, ക്രിസ്തുദാസി സഹോദരിമാർക്കും നന്ദി.

**ആമുഖ സെമിനാർ**

മാർച്ച് 21-29 തീയതികളിൽ നടത്തിയ ആമുഖ സെമിനാറിന് ക്ലാസ്സുകൾ നയിച്ച രൂപതാ ടീം അംഗങ്ങൾക്ക് ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. സെമിനാർ സംഘടിപ്പിച്ച ക്രിസ്തുദാസി സഹോദരിമാർക്കും നന്ദി.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്റ്റലേറ്റ്

## ലോഗോസ് 2011

**മത്തായി 15-17 മാതൃകാചോദ്യങ്ങൾ**

01. ഫരിസേയരും നിയമജ്ഞരും അവരുടെ പാരമ്പര്യത്തിനുവേണ്ടി ചെയ്യുന്നതെന്ത് (15:06)
(a) ദൈവത്തിന്റെ പ്രമാണം ലംഘിക്കുന്നു. (b) ഭക്ഷണത്തിനു മുമ്പ് കൈകഴുകുന്നു. (c) ദൈവവചനത്തെ നിങ്ങൾ വ്യർത്ഥമാക്കിയിരിക്കുന്നു. (d) മാനുഷിക നിയമങ്ങൾ പ്രമാണങ്ങളായി പഠിപ്പിക്കുന്നു.

02. ഒരുവനെ അശുദ്ധനാക്കുന്നത് എന്ത് (15:11)
(a) ദുശ്ചിന്തകൾ, കൊലപാതകം. (b) പരസംഗം, വ്യഭിചാരം, മോഷണം. (c) ഉദരത്തിൽ നിന്ന് വരുന്നതൊക്കെ. (d) വായിൽ നിന്നുവരുന്നത്.

03. ടയിർ, സിദോൻ പ്രദേശത്തുവെച്ച് യേശുവിനോട് കരഞ്ഞപേക്ഷിച്ചത് ആരാണ് (15:22)
(a) ഒരു സീദോൻകാരി. (b) ഒരു സീറോഫിനീഷ്യൻ സ്ത്രീ.
(c) പിശാചുബാധിതയുടെ അമ്മ. (d) ഒരു കാനാൻകാരി.

04. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ എന്ന് യേശു പറയാൻ കാരണം എന്ത് (15:28)
(a) വിശ്വാസം വലുതായതുകൊണ്ട്. (b) നായ്ക്കളും യജമാനന്മാരുടെ മേശയിൽനിന്ന് വീഴുന്ന അപ്പകഷ്ണം തിന്നുന്നുണ്ട് എന്ന് മറുപടി പറഞ്ഞതുകൊണ്ട്. (c) മകളെ സുഖപ്പെടുത്തണമെന്ന് കരഞ്ഞ് അപേക്ഷിച്ചതുകൊണ്ട്. (d) ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളിൽ ഒന്നായതുകൊണ്ട്.

05. ആഹാരം നൽകാതെ ജനകൂട്ടത്തെ പറഞ്ഞുവിടാൻ യേശുവിന് മനസ്സുവരാതിരുന്നത് എന്തുകൊണ്ട് (15:32c)
(a) ജനകൂട്ടത്തോട് അനുകമ്പതോന്നിയതിനാൽ. (b) മൂന്നുദിവസമായി അവർ ഒന്നും ഭക്ഷിക്കാത്തതിനാൽ. (c) വഴിയിൽ അവർ തളർന്നുവീഴാൻ ഇടയുള്ളതിനാൽ. (d) ജനകൂട്ടം മരുഭൂമിയിൽ ആയതിനാൽ.

06. ഫരിസേയരും സദുക്കായരും തങ്ങൾക്കു സ്വർഗ്ഗത്തിൽനിന്ന് ഒരടയാളം നൽകണമെന്ന് ആവശ്യപ്പെട്ടതെന്തിന് (16:01)
(a) കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിയാൻ. (b) ആകാശത്തിന്റെ ഭാവഭേദങ്ങൾ തിരിച്ചറിയാൻ. (c) യോനായുടെ അടയാളം വിശദീകരിക്കാൻ. (d) യേശുവിനെ പരീക്ഷിക്കാൻ.

07. ഫരിസേയരുടെയും സദുക്കായരുടെയും പുളിമാവിനെ സൂക്ഷിച്ചുകൊള്ളുവിൻ എന്ന് പറയുമ്പോൾ ഈശോ ഉദ്ദേശിക്കുന്നത് (16:12)
(a) അവരുടെ ഓർമ്മക്കുറവിനെപ്പറ്റി. (b) അവരുടെ കാപട്യത്തെപ്പറ്റി. (c) അവരുടെ പ്രബോധനത്തെപ്പറ്റി. (d) അവരുടെ അല്പവിശ്വാസത്തെപ്പറ്റി.

08. ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത് യേശുവിന്റെ ഈ ചോദ്യത്തിന് പത്രോസിന്റെ മറുപടി എന്തായിരുന്നു (16:16)
(a) നീ ദൈവത്തിന്റെ ക്രിസ്തുവാണ്. (b) നീ ജീവനുള്ള ദൈവത്തിന്റെ ക്രിസ്തുവാണ്. (c) നീ ജീവനുള്ള ദൈവപുത്രനായ ക്രിസ്തുവാണ്. (d) നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്.

09. പത്രോസിന് യേശു ആരെന്ന് പ്രഖ്യാപിക്കാൻ സാധിച്ചത് എങ്ങനെ (16:17)
(a) സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ പത്രോസിന് നൽകപ്പെട്ടതിനാൽ. (b) സ്വർഗ്ഗസ്ഥനായ പിതാവ് പത്രോസിന് വെളിപ്പെടുത്തിയതിനാൽ. (c) പത്രോസാകുന്ന പാറമേൽ സഭ സ്ഥാപിക്കപ്പെട്ടതിനാൽ. (d) പത്രോസ് ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും എന്നതിനാൽ.

10. സാത്താനേ എന്റെ മുമ്പിൽ നിന്നു പോകൂ, നീ എനിക്ക് പ്രതിബന്ധമാണ് എന്ന് യേശു പറയാൻ കാരണം (16:23)
(a) പത്രോസ് യേശുവിനെ മാറ്റി നിർത്തി തടസ്സം പറഞ്ഞതുകൊണ്ട്. (b) പത്രോസിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ് എന്നതു കൊണ്ട്. (c) ഇതൊരിക്കലും നിനക്ക് സംഭവിക്കാതിരിക്കട്ടെ എന്ന് പത്രോസ് പറഞ്ഞതുകൊണ്ട്. (d) മനുഷ്യപുത്രൻ

തന്റെ രാജ്യത്തിൽ വരുന്നത് ദർശിക്കുന്നതിനുമുമ്പ് പത്രോസ് മരിക്കുകയില്ല എന്നതുകൊണ്ട്.

11. യേശു രൂപാന്തരപ്പെട്ടത് എവിടെ (17:1)
(a) താബോർ മലയിൽ. (b) ഒലിവുമലയിൽ. (c) കാൽവരി മലയിൽ. (d) ഒരു ഉയർന്ന മലയിൽ.

12. രൂപാന്തരപ്പെട്ടപ്പോൾ യേശുവിന് വന്ന മാറ്റങ്ങൾ എന്ത് (17:02)
(a) അവന്റെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങി, അവന്റെ വസ്ത്രം മഞ്ഞുപോലെ ധവളമായി. (b) അവന്റെ മുഖഭാവം മാറി, വസ്ത്രം വെൺമയോടെ ശോഭിച്ചു. (c) അവന്റെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങി, അവന്റെ വസ്ത്രം പ്രകാശംപോലെ ധവളമായി. (d) അവന്റെ വസ്ത്രങ്ങൾ ഭൂമിയിലെ ഏതൊരു അലക്കുകാരനും വെളുപ്പിക്കാൻ കഴിയുന്നതിനെക്കാൾ വെൺമയും തിളക്കവുമുള്ളവയായി.

13. ഏലിയാ വന്ന് എല്ലാം പുനഃസ്ഥാപിക്കുകതന്നെ ചെയ്യും എന്ന് യേശു പറഞ്ഞത് ആരെപ്പറ്റിയാണ് (17:13)
(a) പത്രോസിനെപ്പറ്റി. (b) യോഹന്നാനെപ്പറ്റി. (c) ഏലിയാപ്രവാചകനെപ്പറ്റി. (d) സ്നാപകയോഹന്നാനെപ്പറ്റി.

14. ഞാൻ എന്റെ മകനെ നിന്റെ ശിഷ്യന്മാരുടെ അടുത്ത് കൊണ്ടുവന്നു. പക്ഷെ അവനെ സുഖപ്പെടുത്താൻ അവർക്കു കഴിഞ്ഞില്ല,- എന്ന പ്രസ്താവനയോട് യേശു പ്രതിവചിച്ചതെങ്ങനെ (17:17)
(a) വിശ്വാസമില്ലാത്തതും വഴി പിഴച്ചതുമായ തലമുറയെ എത്രനാൾ ഞാൻ നിങ്ങളോട് കൂടെ ഉണ്ടായിരിക്കും. (b) അല്പവിശ്വാസികളെ എത്രനാൾ ഞാൻ നിങ്ങളോട് കൂടെ ഉണ്ടായിരിക്കും. (c) നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസം ഉണ്ടെങ്കിൽ ഈ മലയോട് ഇവിടെ നിന്ന് മാറി മറ്റൊരു സ്ഥലത്തേയ്ക്ക് പോവുക, എന്നുപറഞ്ഞാൽ അതു മാറി പോകും. (d) എത്രനാൾ ഞാൻ നിങ്ങളോട് ക്ഷമിച്ചിരിക്കും നിങ്ങൾക്ക് യാതൊന്നും അസാധ്യമായിരിക്കുകയില്ല.

15. ഭൂമിയിലെ രാജാക്കന്മാർ പുത്രന്മാരിൽ നിന്നും നികുതി പിരിക്കാതെ അന്യരിൽ നിന്ന് നികുതി പിരിക്കുന്നത് എന്തുകൊണ്ട് (17:26)
(a) പുത്രന്മാർ നികുതി പിരിക്കുന്നതുകൊണ്ട്. (b) പുത്രന്മാർ ഭരണപക്ഷത്തായതുകൊണ്ട്. (c) പുത്രന്മാർ സ്വതന്ത്രരായതുകൊണ്ട്. (d) പുത്രന്മാർ വീട്ടുകാരായതുകൊണ്ട്.

**തിരുത്ത്**

**ഫെബ്രുവരി (പുറപ്പാട് (16–20)**

06. അമലേക്യർക്കെതിരെ യുദ്ധം ജയിച്ചപ്പോൾ മോശ നിർമ്മിച്ച ബലി പീഠം (17:15)

(a) റഫിദിം. (b) ഹോറെബ്. (c) യാഹ്‌വെനിസ്സി. (d) മാസാ.

**മാർച്ച് (പുറപ്പാട് (21–24)**

02. ഒരുവൻ തന്റെ ദാസന്റെയോ ദാസിയുടെയോ കണ്ണ് അടിച്ചുപൊട്ടിച്ചാൽ (21:26)

(a) കണ്ണിനുപകരം കണ്ണ് നൽകണം. (b) സ്വാതന്ത്ര്യം നൽകണം. (c) നഷ്ടപരിഹാരം നൽകണം. (d) അവന് വസ്ത്രവും ഭക്ഷണവും നൽകണം.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

**മാധ്യമവർഷം**

സ്നേഹമുള്ള മിഷൻലീഗ് അംഗങ്ങളെ,

അവധിക്കാലം ..... ആഘോഷങ്ങളുടെ കാലം.... കഠിനമായ പഠനത്തിന്റെ തിരക്കിൽനിന്നും മാറി കൂട്ടുകാർക്കും കുടുംബാംഗങ്ങൾക്കുമൊപ്പം സമയം പങ്കിടുന്ന സന്തോഷദിനങ്ങൾ... എല്ലാവർക്കും ആനന്ദപ്രദമായ അവധിക്കാലം ആശംസിക്കുന്നു. അവധി ആഘോഷിക്കാൻ വേണ്ടി മാത്രമല്ല ഈ നല്ല കളികൾക്കൊപ്പം അൽപ്പം കാര്യവും കൂടി ചേർക്കുമ്പോൾ അത് കൂടുതൽ അനുഭവമാകും. വ്യക്തിത്വവികസനത്തിനുതകുന്ന രീതിയിൽ നമ്മിലെ നേതൃത്വഗുണങ്ങളെ വളർത്തുന്നതിനായി മഴവില്ല് 2011, മേഖലാക്യാമ്പുകളുമായി മിഷൻലീഗ് സജീവമാകുകയാണ്. മഴവില്ലിലെ 7 നിറങ്ങൾ പോലെ ജീവിതമാകുന്ന നീലാകാശത്ത് വർണ്ണങ്ങൾ വിതറി ജനമനസ്സുകൾക്ക് കുളിർമ്മയേകുന്ന നല്ല വ്യക്തിത്വങ്ങളാകാൻ, നാളെയുടെ നേതാക്കളാകാൻ ഇതാ ഒരവസരം... മഴവില്ല് 2011. അവസരങ്ങൾ ആരെയും കാത്തുനിൽക്കുന്നില്ല. അവസരങ്ങൾ സ്വയം സൃഷ്ടിക്കുന്നവനാണ് ജീവിതത്തിൽ വിജയിക്കുന്നത്. അതുകൊണ്ട് മഴവില്ലിന് വർണ്ണപൊലിമ നൽകാൻ ഏവരെയും ഹൃദ്യമായി ക്ഷണിക്കുന്നു.

സ്നേഹത്തോടെ,
**ടോമിയച്ചൻ**

**ബിജ്നോർ മിഷൻ സന്ദർശനം**

നിങ്ങൾ ലോകമെങ്ങും പോയി സകല ജാതികളോടും സുവിശേഷം പ്രസംഗിക്കുവിൻ എന്ന യേശു വചനത്തെ മുറുകെപ്പിടിച്ച് ഉത്തർപ്രദേശിലെ ബിജ്നോറിൽ ആരംഭിച്ച സീറോമലബാർ മിഷൻ രൂപതയിൽ മിഷൻഗ്രാമങ്ങൾ സന്ദർശിക്കാൻ രൂപതാ ഡയറക്ടറച്ചൻ

പോകുകയുണ്ടായി. യു.പി.യിലെ ബിജ്നോർ ജില്ലയും ഉത്തരാഞ്ചൽ സംസ്ഥാനം മുഴുവൻ വ്യാപിച്ചു കിടക്കുന്ന ബിജ്നോർ രൂപതയിൽ 40 മിഷൻ കേന്ദ്രങ്ങളിലായി 55 ഓളം വൈദികരും 200 ഓളം സിസ്റ്റേഴ്സും സേവനം ചെയ്യുന്നു. ആതുരാലയങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും, അഗതിമന്ദിരങ്ങളും, സാമൂഹ്യ പ്രവർത്തനങ്ങളുമായി രൂപത വളർച്ച യുടെ പാതയിലാണ്. ഹിന്ദു സമുദായത്തിന്റെ പുണ്യ സ്ഥലങ്ങളായി ഹരിദ്യാർ, ഋഷികേശ്, ഗംഗോത്രി, മുനോത്രി തുടങ്ങിയ സ്ഥലങ്ങളിൽ പോലും ക്രിസ്തീയ സാന്നിദ്ധ്യമറിയിക്കാൻ രൂപതക്കായി എന്നത് ചാരി താർത്ഥ്യജനകമാണ്. രൂപതയ്ക്ക് ഉജ്ജ്വലമായി, ദീർഘവീക്ഷണ ത്തോടെ അടിത്തറയിട്ട് വളർത്തി, ഇപ്പോൾ വിശ്രമജീവിതം നയിക്കുന്ന അഭിവന്ദ്യ മാർ ഗ്രേഷ്യൻ മുണ്ടാടൻ പിതാവിനും പ്രതിസന്ധികൾക്കി ടയിലും അതിധീരമായി നയിച്ചുകൊണ്ടിരിക്കുന്ന അഭിവന്ദ്യ മാർ ജോൺ വടക്കേൽ പിതാവിനും, രൂപതയിൽ സേവനം ചെയ്തുകൊണ്ടിരിക്കുന്ന വൈദികർക്കും, സിസ്റ്റേഴ്സിനും, അൽമായ പ്രേഷിതർക്കും മിഷൻലീഗ് മാനന്തവാടി രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനാ ശംസകളും. ബിജ്നോർ മിഷൻ മാനന്തവാടി രൂപതയുടെ സാന്നിധ്യമ റിയിച്ച ഡയറക്ടറച്ചനും ഒപ്പം ചേർന്ന കാരയ്ക്കാമല ശാഖാ ഡയറ ക്ടർ റവ.ഫാ. കുര്യാക്കോസ് പറമ്പിലിനും നന്ദി.

### അനുമോദനങ്ങൾ, അഭിനന്ദനങ്ങൾ

സംസ്ഥാന വൈസ് ഡയറക്ടറായി തിരഞ്ഞെടുക്കപ്പെട്ട രൂപതാ ജോ.ഡയറക്ടർ, സി. ലിസാ അലക്സ് SKD യ്ക്കും, സംസ്ഥാന ഓഡിറ്ററായി തിരഞ്ഞെടുക്കപ്പെട്ട സജി വേങ്ങത്തടത്തിനും രൂപതാ കുടുംബത്തിന്റെ എല്ലാവിധ അഭിനന്ദനങ്ങളും ദൈവാനുഗ്ര ഹവും നേരുന്നു.

### അവധിക്കാലം മിഷനിൽ ജോലി ചെയ്യാൻ അവസരം

+2 പരീക്ഷ കഴിഞ്ഞ് ഉപരിപഠനത്തിന് പോകുന്നതിന് മുമ്പാ യുള്ള രണ്ട്, മൂന്ന് മാസങ്ങളിൽ ബിജ്നോർ മിഷനിലെ 'പ്രേമധാം' റീഹാബിലിറ്റേഷൻ കേന്ദ്രത്തിൽ സേവനം ചെയ്യാൻ മിഷൻലീഗ് മാന ന്തവാടി രൂപത അവസരമൊരുക്കുന്നു. ഉത്തർപ്രദേശിലെ ബിജ്നോർ ജില്ലയിലെ നിരാലംബരായ മക്കൾക്ക് ആശ്രയമായി രൂപതാ വൈദിക രുടെ പ്രത്യേക മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന പ്രേമധാവിൽ അവ ധിക്കാലത്ത് ശുശ്രൂഷ ചെയ്യാൻ താല്പര്യമുള്ളവർക്ക് അവസരം. താല്പര്യമുള്ളവർ രൂപതാ ഓഫീസുമായി ബന്ധപ്പെടുക. കുറഞ്ഞത് രണ്ട് മാസമെങ്കിലും നിൽക്കാൻ താൽപര്യമുള്ളവർക്ക് യാത്രാ ചിലവ് ആവശ്യമെങ്കിൽ രൂപത നൽകുന്നതാണ്.

### രോഗീസന്ദർശന വാരാചരണം നടത്തി

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ആഗോള രോഗീദിനമായ ഫെബ്രുവരി 11 നോടനുബന്ധിച്ച് ഫെബ്രുവരി 7 മുതൽ 13 വരെ രോഗീ സന്ദർശനവാരമായി ആചരിച്ചു. രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ മാനന്തവാടി ഗവ.ആശുപത്രി, സുൽത്താൻ ബത്തേരി താലൂക്കാശുപത്രി എന്നിവിടങ്ങളിൽ നടത്തിയ സന്ദർശനം അംഗങ്ങൾക്ക് നവ്യാനുഭവമായി. മാനന്തവാടി ജില്ലാ ആശുപത്രിയിൽ സന്ദർശനത്തിന് രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ, ബത്തേരി താലൂക്കാശുപത്രി സന്ദർശനത്തിന് മിഷൻലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് കുമാരി ജോസ്ന പാറക്കുന്നേൽ, സി. ആഷ്‌ലി സി.എം.സി. തുടങ്ങിയവർ നേതൃത്വം നൽകി.

### പ്രേഷിത വഴിയിലെ വിജയഗാഥ

ചെറുപുഷ്പ മിഷൻലീഗിന്റെയും സ്ഥാപക നേതാവ് കുഞ്ഞേട്ടന്റെയും ജീവചരിത്രം പുസ്തകം സി.എം.എൽ. രൂപതാ ഓഫീസിൽ ലഭ്യമാണ്. വില 60 രൂപയാണ്. അടുത്ത വർഷത്തെ ബൈബിൾ ക്വിസ് ചോദ്യങ്ങൾ ഈ പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും.

### ജോ.ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

2011-12 വർഷത്തെ അംഗത്വലിസ്റ്റിന്റെ 3 കോപ്പി ഓഫീസിൽ എത്തിയ്ക്കുക. ഇതിനോടൊപ്പം കുടിശികകൾ (മിഷൻ ഞായർ, സംസ്ഥാനവിഹിതം, കലണ്ടർ, കാണിക്ക) ഇനിയും കൊടുക്കാത്തവർ എത്രയും വേഗം കൊടുത്തു തീർക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### മീഡിയ 2011 - ശാഖാ സന്ദർശനം

രൂപതാസമിതി ശാഖാതലത്തിൽ നടത്തിവരുന്ന ശാഖാ സന്ദർശനങ്ങളും സെമിനാറും മാനന്തവാടി, കല്ലോടി, പുൽപ്പള്ളി, ബത്തേരി, നിലമ്പൂർ മേഖലകളിൽ നടന്നു. സെമിനാറും ശാഖാസന്ദർശനവും നടത്തിയവർ. റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ, റവ.ഫാ. ബിജു തൊണ്ടിപ്പറമ്പിൽ, രംജിത്ത് മുതുപ്ലാക്കൽ, ജോൺസൺ വടക്കേക്കര, ഷിൽസൺ കോക്കണ്ടത്തിൽ, ജോസ് മുണ്ടിയാനി, സി. വിനീത എസ്.എച്ച്., സി. സിസിലി എസ്.കെ.ഡി. എന്നിവരാണ്.

### ആദരാഞ്ജലികൾ

ചെറുപുഷ്പ മിഷൻലീഗ് തരിയോട് മേഖലാ ഡയറക്ടർ ബഹു. ജോസ് കപ്യാരുമല അച്ചന്റെ ചാച്ചന്റെ നിര്യാണത്തിൽ ചെറുപുഷ്പ മിഷൻലീഗ് രൂപതാ കുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു.

### മഴവില്ല് - മേഖലാ ക്യാമ്പ്

ഏപ്രിൽ മാസത്തിൽ 12 മേഖലകളിലും ക്യാമ്പ് നടത്തപ്പെടുക

യാണ്. വരും നാളുകളിൽ സംഘടനാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവരെ വളർത്തിക്കൊണ്ടുവരുവാൻ മേഖലാക്യാമ്പുകൾ ഉപയോഗപ്പെടുത്തണമെന്ന് ഓർമ്മിപ്പിക്കുന്നു. ശാഖകളിൽ നിന്നും ഏറ്റവും കുറഞ്ഞത് 10 പേരെയെങ്കിലും ക്യാമ്പിൽ പങ്കെടുപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കുട്ടികൾക്ക് ആകർഷണീയമായ രീതിയിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ചാണ് ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്.

**വിവിധ മേഖലാ ക്യാമ്പുകൾ നടത്തുന്ന തീയതികൾ**

ബത്തേരി – 14, 15 – അമ്പലവയൽ, ക്യാമ്പാരംഭം ഏപ്രിൽ 14. 10 a.m., ക്യാമ്പ് സമാപനം ഏപ്രിൽ 15. 4 p.m.

നിലമ്പൂർ – 10, 11 – നിലമ്പൂർ, ക്യാമ്പാരംഭം ഏപ്രിൽ 10. 10 a.m., ക്യാമ്പ് സമാപനം ഏപ്രിൽ 11. 4 p.m.

മണിമൂളി – 10, 11 – മണിമൂളി, ക്യാമ്പാരംഭം ഏപ്രിൽ 10. 10 a.m., ക്യാമ്പ് സമാപനം ഏപ്രിൽ 11. 4 p.m.

കല്ലോടി – 4, 5 – ദ്വാരക, ക്യാമ്പാരംഭം ഏപ്രിൽ 4. 10 a.m., ക്യാമ്പ് സമാപനം ഏപ്രിൽ 5. 4 p.m.

പുൽപ്പള്ളി – 25, 26 – പുൽപ്പള്ളി, ക്യാമ്പാരംഭം ഏപ്രിൽ 25. 10 a.m., ക്യാമ്പ് സമാപനം ഏപ്രിൽ 26. 4 p.m.

പയ്യമ്പള്ളി – 4, 5 – കാട്ടിക്കുളം–ജയമാതാ, ക്യാമ്പാരംഭം ഏപ്രിൽ 4. 10 a.m., ക്യാമ്പ് സമാപനം ഏപ്രിൽ 5. 4 p.m.

മാനന്തവാടി – 27, 28 – ബോയ്സ്ടൗൺ, ക്യാമ്പാരംഭം ഏപ്രിൽ 27. 10 a.m., ക്യാമ്പ് സമാപനം ഏപ്രിൽ 28. 4 p.m.

കൊട്ടിയൂർ – 14, 15 – കൊട്ടിയൂർ, ക്യാമ്പാരംഭം ഏപ്രിൽ 14. 10 a.m., ക്യാമ്പ് സമാപനം ഏപ്രിൽ 15. 4 p.m.

തരിയോട് – 29, 30 – കോട്ടത്തറ, ക്യാമ്പാരംഭം ഏപ്രിൽ 29. 10 a.m., ക്യാമ്പ് സമാപനം ഏപ്രിൽ 30. 4 p.m.

ഗൂഡല്ലൂർ – 25, 26 – ധർമ്മഗിരി, ക്യാമ്പാരംഭം ഏപ്രിൽ 25. 10 a.m., ക്യാമ്പ് സമാപനം ഏപ്രിൽ 26. 4 p.m.

നടവയൽ – 25, 26 – പാദ്രോപിയോ – പനമരം, ക്യാമ്പാരംഭം ഏപ്രിൽ 25. 10 a.m., ക്യാമ്പ് സമാപനം ഏപ്രിൽ 26. 4 p.m.

കൽപ്പറ്റ – 29, 30 – ലക്കിടി, ക്യാമ്പാരംഭം ഏപ്രിൽ 29. 10 a.m., ക്യാമ്പ് സമാപനം ഏപ്രിൽ 30. 4 p.m.

മേൽപ്പറഞ്ഞ തീയതികളിൽ മിഷൻലീഗ് അംഗങ്ങളെ പങ്കെടുപ്പിക്കാൻ ശാഖാനേതൃത്വം മുൻകൂട്ടി ക്രമീകരണങ്ങൾ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**രൂപതാക്യാമ്പ്**

12 മേഖലകളിലേയും ക്യാമ്പുകൾക്കുശേഷം മേയ് 1,2,3 തീയതി

കളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ രൂപതാ ക്യാമ്പ് നടത്തപ്പെടുക യാണ്. മേഖലാ ക്യാമ്പുകളിൽനിന്നും തിരഞ്ഞെടുത്തുവരുന്നവരാണ് രൂപതാ ക്യാമ്പിൽ പങ്കെടുക്കേണ്ടത്. ഡോൺ ബോസ്കോ ബ്രദേഴ്സാണ് ഈ വർഷത്തെ രൂപതാക്യാമ്പ് നയിക്കുന്നത്. രൂപതാ ക്യാമ്പിന് ഒരു കുട്ടിയ്ക്ക് 350 രൂപ ചിലവ് പ്രതീക്ഷിക്കാം. അതിൽ 200 രൂപ കുട്ടിയോ ശാഖയോ വഹിക്കേണ്ടതാണ്. ബാക്കി തുക രൂപത വഹിക്കുന്നതായിരിക്കും. 14 വയസിനു മുകളിലേക്കുള്ള കുട്ടികളെയാണ് ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്.

### രൂപതാ ജൂണിയർ ക്യാമ്പ്

മേയ് 5-6 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ജൂണിയർ ക്യാമ്പ് നടത്തപ്പെടുന്നു. VII-ാം ക്ലാസിൽ പഠിക്കുന്ന കുട്ടിക ളെയാണ് ജൂണിയർ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്. ഒരു ശാഖയിൽ നിന്നും രണ്ടു കുട്ടികളെയെങ്കിലും ജൂണിയർ ക്യാമ്പിൽ പങ്കെടുപ്പിക്കേ ണ്ടതാണ്.

### രൂപതാവാർഷിക മാനേജിംഗ് കമ്മിറ്റി

മേയ് 7 ശനിയാഴ്ച രാവിലെ 10 മണിയ്ക്ക് ദ്വാരകയിൽ നടത്ത പ്പെടുന്നു. മുഴുവൻ മേഖലാ ഭാരവാഹികളും വാർഷിക മാനേജിംഗ് കമ്മി റ്റിയിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു. ഒരു വർഷത്തെ പ്രവർത്ത നങ്ങൾ വിലയിരുത്തുകയും വരും വർഷത്തെ പ്രവർത്തനങ്ങൾ ആലോ ചിക്കുകയും ചെയ്യുന്ന വാർഷിക മാനേജിംഗ് കമ്മിറ്റിയിൽ എല്ലാ മേഖലാ ഭാരവാഹികളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### മേഖലാ വാർത്തകൾ

#### കല്ലോടി

അൾത്താര ബാലൻമാർക്കായി ഏകദിന സെമിനാർ നടത്തി. സെമിനാറിനും ക്ലാസിനും നേതൃത്വം നൽകിയത് ബഹു. തോമസ് കച്ചി റയച്ചനും, സെബിൻ ഐക്കരത്താഴത്തച്ചനുമാണ്.

#### ബത്തേരി

മേഖലാതലത്തിൽ കുട്ടികൾക്കായി ഡ്രോയിംഗ് മത്സരം നടത്തി. മേഖലാ എക്സിക്യൂട്ടിവും, മാനേജിംഗ് കമ്മിറ്റിയും ചേർന്ന് പഴൂർ സെന്റ് മാത്യൂസ് വൃദ്ധമന്ദിരത്തിൽ സന്ദർശനം നടത്തുകയും ഒരു ദിവസം വിവിധ സേവന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. മേഖലാ എക്സിക്യൂട്ടീവ് ചുള്ളിയോട് മേഴ്സിഹോമിൽ സന്ദർശനം നടത്തി.

### ശാഖാവാർത്തകൾ

*അമ്പലവയൽ* - വസ്ത്രവിതരണം നടത്തി. സെമിനാർ നടത്തി.

*അമ്പായത്തോട്* – E-mail ID രൂപീകരിച്ചു.
*വഞ്ഞോട്* – രോഗീസഹായമായി 1000 രൂപ നൽകി. ശാന്തിഭവൻ സന്ദർശിച്ചു. ഭക്ഷണസാധനങ്ങൾ നൽകി. രൂപതാ വിദ്യാഭ്യാസ സഹായ നിധിയിലേക്ക് സി.എം.എൽ. അംഗങ്ങൾ 3000 രൂപ നൽകി.
*പടമല* – ഇടവക തിരുനാൾ ദിനത്തിൽ സ്റ്റാൾ നടത്തി.
*തോമാട്ടുചാൽ* – ക്ലാസ് അടിസ്ഥാനത്തിൽ നടത്തിയ കൈയെഴുത്ത് മാസിക പ്രകാശനം ചെയ്തു.
*റൂബിനഗർ, കരിമാനി* – രോഗീസന്ദർശനം നടത്തി.
*കേളകം* – സ്നേഹഭവൻ സന്ദർശിച്ചു
*പുതിയിടംകുന്ന്* – ഗവൺമെന്റ് ഹോസ്പിറ്റൽ സന്ദർശിച്ചു. സ്നേഹ ഭവൻ സന്ദർശിച്ച് കലാപരിപാടികൾ നടത്തി.
*പഴൂർ* – വാർഷികം നടത്തി, വൃദ്ധമന്ദിരം സന്ദർശിച്ചു.
*പോരൂർ* – സിമിത്തേരി വൃത്തിയാക്കി.
*ഇടിവണ്ണ* – +1, +2, SSLC പരീക്ഷയ്ക്ക് ഒരുക്കമായി ആരാധന നടത്തി.
*പുതുശ്ശേരിക്കടവ്* – E-world മാഗസിൻ പൂർത്തിയാക്കി.
*മുണ്ടേരി* – ദൈവവിളി സെമിനാർ നടത്തി.
*ജൂഡ്സ്മൗണ്ട്* – 2 ദിവസത്തെ ധ്യാനം നടത്തി. ഫാ. ലിൻസൺ നേതൃത്വം നൽകി.
*ഏലപ്പീടിക, പനവല്ലി* – +1, +2 വിദ്യാർത്ഥികൾക്കായി ആരാധന നടത്തി.
*തെനേരി* – മിഷൻ സ്റ്റാൾ നടത്തി.
*മൂലങ്കാവ്* – ചിത്രരചന മത്സരം നടത്തി. ശാഖയിൽ തിരുബാലസഖ്യം രൂപീകരിച്ചു.
*ഒലിവുമല* – ആരാധന നടത്തി.

### സംസ്ഥാനവാർഷികം, ഞായർ പിരിവ് തന്ന ശാഖകൾ

ആലാറ്റിൽ 1714, പ്രശാന്തഗിരി – 125, പാലേമാട് – 1000, വള്ളി ക്കെട്ട് – 375.

### കാണിക്ക നൽകിയ ശാഖകൾ

പുതിയിടം – 300

### മിഷൻഞായർ പിരിവ് തന്ന ശാഖകൾ

കൊമ്മയാട് – 200, കല്ലോടി – 800, കൽപ്ര – 250, തോമാട്ടുചാൽ –100, കരിമാനി – 300, കണിയാമ്പറ്റ – 150, നരിവാലമുണ്ട – 500.

**ബിനു മാങ്കൂട്ടത്തിൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജനസുഹൃത്തുക്കളേ,

പരീക്ഷകളുടെ കാലം കഴിഞ്ഞ് അവധിയുടെ ആലസ്യത്തിലേക്ക് പ്രവേശിക്കുമ്പോൾ മറക്കാതെ നമുക്ക് ഓർമ്മിക്കാം സഹനപുണ്യങ്ങളുടെ തീരത്ത് കൂടെയുള്ള പുണ്യയാത്രയുടെ വഴിത്താരകൾ നമ്മുടെ മുമ്പിലുണ്ട് എന്ന്. പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റേയും പാതയിലൂടെ ചരിച്ച് കുരിശിലെ നൊമ്പരങ്ങളുടെ ചൂട് ഹൃദയത്തിലേക്ക് ഏറ്റുവാങ്ങി – പ്രതീക്ഷകളുടെ പൂക്കാലവുമായി കടന്നുവരുന്ന ഉത്ഥാനത്തിന്റെ സന്തോഷത്തിലേക്ക് നമുക്ക് പ്രവേശിക്കാം.

ഒപ്പം 2011 ഫെബ്രുവരി 1–ലെ ഇരുണ്ട യാമങ്ങൾക്കിടയിൽ ഒരു പാവം പെൺകുട്ടിയുടെ ദീനരോദനം ഒരു സമൂഹത്തെ മുഴുവൻ വേദനയിലാഴ്ത്തി. എറണാകുളം ഷൊർണ്ണൂർ റൂട്ടിലോടിയ ട്രെയിനിന്റെ ചങ്ങല ആരെങ്കിലും ഒന്ന് വലിച്ചിരുന്നെങ്കിൽ എന്ന് ഓർത്ത് പോയി. കിരാതമായ, പ്രാകൃതമായ, ക്രൂരമായ ഭാവങ്ങൾ അഴിഞ്ഞാടിയ ഗോവിന്ദചാമിയുടെ ക്രൂരത. ഒരു കുഞ്ഞിപ്പക്ഷിയെ ഞെക്കിക്കൊല്ലുന്നതുപോലെ ആ ജീവനെടുത്തു! ദൈവത്തിന്റെ സ്വന്തം നാട് എന്ന് അഭിമാനിച്ചിരുന്ന കേരള ജനതയുടെ ധാർമ്മികതയുടെ നിറുകയിൽ കരിനിഴൽ വീഴ്ത്തിയ സംഭവം. പ്രിയരേ, അപമാനിക്കപ്പെടാനുള്ളതല്ല, പിച്ചിച്ചീന്തപ്പെടാനുള്ളതല്ല – മറിച്ച് സാഹോദര്യത്തിന്റെ നന്മകൾ ഹൃദയത്തിൽ പേറി കാവലാകാൻ, നമുക്ക് കരങ്ങൾ കോർക്കാം.

സത്യവും നീതിയും എങ്ങുമെ ചൊല്ലാറുള്ള
നീതിശാസ്ത്രങ്ങളെന്തേ നിശ്ചലമായ്പോയി?
സ്നേഹത്തിൻ സന്ദേശം എങ്ങുമെ പരത്തുന്ന
വെള്ളരി പ്രാക്കളെന്തേ മൂകമായ്നിലകൊണ്ടു?

സ്നേഹപൂർവ്വം,

**സണ്ണിയച്ചൻ**

## PAX – കുറുമണി യൂണിറ്റിൽ തുടക്കം

Prevention of alcoholism by Xtian values - (Pax) എന്ന പദ്ധതിയിലൂടെ ലഹരി വിമുക്തമായ സമൂഹത്തിന്റെ നിർമ്മിതിക്കായി രൂപതയിലെ യുവജനപ്രസ്ഥാനമായ കെ.സി.വൈ.എം. മുന്നിട്ടിറങ്ങി. ലഹരിക്കെതിരെ ജാഗ്രതയുടെ വർഷമായി പ്രഖ്യാപിച്ച് ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ആരംഭം കുറുമണി യൂണിറ്റിൽ മാർച്ച് 13-ന് രൂപതാ ഡയറക്ടർ നിർവ്വഹിച്ചു. വി.ബലി അർപ്പിച്ച്, സന്ദേശം നൽകി. ഇടവകയിലെ മദ്യവിരുദ്ധ സമിതിയിലെ അംഗങ്ങളുമായി ചർച്ചകൾ നടത്തി. ഒരു വർഷം നീണ്ട് നിൽക്കുന്ന കർമ്മപദ്ധതികൾ വിവരിക്കുകയും ചെയ്തു. ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾക്ക് മുൻകൈയെടുത്ത് മുന്നിട്ടിറങ്ങിയ കുറുമണി ഇടവകയെയും, വികാരി ഫാ. ബാബു മാപ്ലശേരിയേയും സമിതി അംഗങ്ങളെയും കെ.സി.വൈ.എം. അഭിനന്ദിച്ചു.

## സീറോമലബാർ യൂത്ത് ഡയറക്ടേഴ്സ് സംഗമം – കാക്കനാട്

സീറോ മലബാർ സഭയുടെ ലെയ്റ്റികമ്മീഷന്റെ നേതൃത്വത്തിൽ കേരളത്തിനകത്തും പുറത്തുമുള്ള സീറോമലബാർ രൂപതകളിലെ യുവജന ഡയറക്ടർമാരുടെ സംഗമം മാർച്ച് 16,17 തീയതികളിലെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്നു. 40 ഓളം അംഗങ്ങൾ പങ്കെടുത്ത യോഗത്തിൽ രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം പങ്കെടുത്തു. സമ്മേളനത്തിൽ സീറോ മലബാർ സഭയിലെ അംഗങ്ങളായ യുവജനങ്ങൾക്കായി ഒരു ആഗോളതലവേദി വേണമെന്ന ആവശ്യം ഉയർന്നു. ബിഷപ്പുമാരായ മാർ മാത്യു മൂലക്കാട്ട്, മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, മാർ ബോസ്കോ പുത്തൂർ, ലെയ്റ്റി കമ്മീഷൻ സെക്രട്ടറി ശ്രീ. വി.സി. സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

## നിർമ്മൽ ജ്യോതി പ്രയാണം

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ, പ്രത്യേകിച്ച് സൗമ്യയുടെ നേർക്കുണ്ടായ ക്രൂരവും നിന്ദ്യവുമായ പീഢനങ്ങൾക്കെതിരെ, സംസ്ഥാനത്തെ ആകാശപ്പറവകൾ നടത്തിയ കേരളാതല വാഹന പ്രചരണ ബോധവത്ക്കരണ പ്രയാണം – വയനാട്ടിൽ എത്തിയപ്പോൾ ദ്വാരകയിൽ വച്ച് നടന്ന സമ്മേളനത്തിൽ രൂപതാ ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം സന്ദേശം നൽകി. സ്ത്രീശാക്തീകരണത്തിനായി, ആകാശപ്പറവകൾ നടത്തിയ പ്രയാണത്തിന് കെ.സി.വൈ.എം. ന്റെ അഭിനന്ദനങ്ങൾ.

### ഏപ്രിൽ 13 – നിയമസഭാ തിരഞ്ഞെടുപ്പ്

തിരഞ്ഞെടുപ്പിന്റെ ചൂടിലേക്ക് പ്രവേശിക്കുമ്പോൾ നീതിയുക്തമായ തിരഞ്ഞെടുപ്പ് നടത്തുവാൻ – അക്രമവും അരാജകത്വവും അഴിച്ചുവിടാതെ നാടിന്റെ വികസനത്തിന് ഊന്നൽ നൽകുന്ന ഒപ്പം, വിശ്വാസവും ധാർമ്മികമൂല്യങ്ങളും മുറുകെ പിടിക്കുന്ന, ന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്ന നേതൃനിരയെ തിരഞ്ഞെടുക്കുകയും – എല്ലാവരും വോട്ടവകാശം ഉപയോഗിക്കണമെന്നും കെ.സി.വൈ.എം. മാനന്തവാടി രൂപത ആവശ്യപ്പെടുന്നു.

### ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് സംഗമം – എറണാകുളം

എറണാകുളം കലൂർ റിന്യൂവൽ സെന്ററിൽ വച്ച് ഫെബ്രുവരി 25, 26 തീയതികളിൽ നടന്ന ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് സംഗമത്തിൽ മാനന്തവാടി രൂപതയിൽനിന്നും രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, ആനിമേറ്റർ സി. വിൻസി ജോൺ എഫ്.സി. സി. എന്നിവർ പങ്കെടുത്തു.

### അന്താരാഷ്ട്ര വനിതാദിനം – മാർച്ച് 8

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് കെ.സി.വൈ.എം. മാനന്തവാടി രൂപത സമൂഹത്തിന് മുൻകരുതലുകൾ നൽകുന്നതിനായ് മുന്നറിയിപ്പുകളും ബോധവത്ക്കരണ സന്ദേശങ്ങളുമടങ്ങിയ ആശംസാപോസ്റ്ററുകൾ വിവിധ ടൗണുകളിൽ പതിപ്പിച്ചു. രൂപതാ ഭാരവാഹികളായ സജിൻ ജോസ് ചാലിൽ, ഷംജിത്ത് ചേലയ്ക്കൽ, ആന്റണി മങ്കടപ്ര, ജിതേഷ് മുളക്കകുന്നേൽ എന്നിവർ നേതൃത്വം നൽകി.

### വനിതാദിന സന്ദേശയാത്ര

അന്താരാഷ്ട്ര വനിതാദിനത്തിൽ കെ.സി.വൈ.എം. സംസ്ഥാന സമിതി നേതൃത്വം നൽകിയ കേരളത്തിലുടനീളം ട്രെയിനുകളിൽ നടത്തിയ വനിതാദിന സന്ദേശയാത്രയിൽ മാനന്തവാടി രൂപതയിൽ നിന്നും ആനിമേറ്റർ സി. വിൻസി ജോൺ എഫ്.സി.സി., ജനറൽ സെക്രട്ടറി ഷംജിത്ത് ചേലയ്ക്കൽ, ശ്രുതി കുര്യൻ നെടുങ്ങോട്ടുകുടിയിൽ എന്നിവർ പങ്കെടുത്തു. ട്രെയിൻ യാത്രയിൽ സ്ത്രീകൾ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികളെക്കുറിച്ചുള്ള ലഘുലേഖകൾ യാത്രക്കാർക്ക് വിതരണം ചെയ്തു. തുടർന്നു നടന്ന സമാപന സമ്മേളനത്തിൽ പങ്കെടുത്തു.

### Career Expo – സദ്ഗമയ 2011

കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ സംസ്ഥാന സമിതിയുടെ സഹായത്തോടെ +2, ഡിഗ്രി, പരീക്ഷകഴിഞ്ഞ് ഉപരിപഠനം ആഗ്രഹി

ക്കുന്ന കുട്ടികൾക്കായ് ഒരു വിദ്യാഭ്യാസ പ്രദർശനവും സെമിനാറും ഒരുക്കിയിരിക്കുന്നു. 2011 ഏപ്രിൽ 27 ബുധനാഴ്ച രാവിലെ 9.30 മുതൽ 4.00 മണിവരെ കൽപറ്റ ലളിത് മഹൽ ഓഡിറ്റോറിയത്തിൽവച്ച് നട ക്കുന്ന പ്രസ്തുത പ്രോഗ്രാമിന്റെ പ്രത്യേകത എക്സിബിഷനാണ് വിവിധ സ്ഥാപനങ്ങൾ, അവരുടെ കോഴ്സുകൾ, അഡ്മിഷൻ ഫീസു കൾ തുടങ്ങിയ കാര്യങ്ങൾ പ്രദർശനത്തിൽ ലഭ്യമാണ്. വിവിധ കോഴ്സു കളെ പരിചയപ്പെടുത്തുവാൻ കേരളത്തിന് അകത്തും പുറത്തുമുള്ള വിവിധ സ്ഥാപനങ്ങളുടെ 40 ഓളം സ്റ്റാളുകൾ ഒരുക്കിയിരിക്കുന്നു. രജി സ്ട്രേഷൻ സൗജന്യമായിരിക്കും. പ്രശസ്ത കരിയർ ഗൈഡൻസ് ഗുരു ശ്രീ. വെങ്കട്ടരാമൻ, ശ്രീ. പ്രദീപ് സാർ എന്നിവർ ക്ലാസുകൾ നയിക്കു ന്നതായിരിക്കും.

## More 2011 – സായാഹ്ന പ്രാർത്ഥനാകൂട്ടായ്മ

തിരഞ്ഞെടുക്കപ്പെട്ട ഇടവകകളിൽ യുവജനങ്ങൾക്കായ് നടത്ത പ്പെടുന്ന സായാഹ്ന പ്രാർത്ഥനാകൂട്ടായ്മയുടെ രൂപതാതല ഉദ്ഘാടനം ഏപ്രിൽ 4–ന് തിങ്കളാഴ്ച വൈകുന്നേരം 6.00 മുതൽ 8.30 വരെ കുറു മണി സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽവച്ച് നടക്കുന്നതാണ്. യൂണിറ്റിനെ ശാക്തീകരിക്കുവാൻ കണ്ണും, കാതും, ഊർജ്ജവും നൽകി സഭയുടെ ശക്തിസ്രോതസ്സാകുവാൻ കർമ്മോത്സുകമാകുന്ന യുവജന സംഗമത്തിലേയ്ക്ക് എല്ലാ യുവജനങ്ങളെയും സ്വാഗതം ചെയ്യുന്നു.

## അംഗത്വ ലിസ്റ്റ്

2011 പ്രവർത്തന വർഷത്തിൽ അംഗത്വസ്വീകരണം നടത്താത്ത യൂണിറ്റുകൾ എത്രയും വേഗം അംഗത്വ ഫോം പൂരിപ്പിച്ച് രൂപതാ ഓഫീ സിൽ ഏൽപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## പ്രവർത്തന മാർഗ്ഗരേഖകൾ

2011 പ്രവർത്തന വർഷത്തിലെ മാർഗ്ഗരേഖയുടെ ഒരു കോപ്പി രൂപതാ ഓഫീസിൽ എത്തിക്കാത്ത മേഖലകളും യൂണിറ്റുകളും അവ എത്രയും വേഗം രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

## 'സദ്ഗമയ – 2011' – മലയാറ്റൂർ പദയാത്ര

ലോകസമാധാനം ലക്ഷ്യംവച്ച് കെ.സി.വൈ.എം. രൂപതാസമിതി എല്ലാ വർഷവും ഒരുക്കുന്ന മലയാറ്റൂർ തീർത്ഥാടന പദയാത്ര ഈ വർഷവും നടത്തുന്നു. പദയാത്രയിൽ പങ്കെടുക്കുന്നവർ നോമ്പിന്റെ ചൈതന്യത്തിൽ മനസ്സ് വിശുദ്ധമാക്കി രൂപതാസമിതി ഒരുക്കുന്ന പദ യാത്രാ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുക്കേണ്ടതാണ്. ഏപ്രിൽ 14–ന് വൈകുന്നേരം 7.00 ന് പ്രാർത്ഥനാകൂട്ടായ്മ ഉണ്ടായിരിക്കുന്നതാണ്.

ഏപ്രിൽ 15-ന് 40-ാം വെള്ളിയാഴ്ച രാവിലെ 6.00 മണിക്ക് വി.കുർബാനയ്ക്ക് ശേഷം ദ്വാരകയിൽ നിന്നും പദയാത്ര ആരംഭിക്കുകയും 19 ചൊവ്വാഴ്ച മലയാറ്റൂരിൽ പര്യവസാനിക്കുകയും ചെയ്യും. 19-ന് രൂപതാ സമിതിയോടൊപ്പമാണ് പദയാത്രയിൽ പങ്കെടുക്കുന്നവർ മലകയറുന്നത്.

### പറളിക്കുന്നിൽ കെ.സി.വൈ.എം. യൂണിറ്റ് തുടങ്ങി

പറളിക്കുന്ന് ഇടവകയിൽ കെ.സി.വൈ.എം. യൂണിറ്റ് തുടങ്ങി. ഫെബ്രുവരി 27-ന് നടത്തിയ മീറ്റിംഗിൽ വച്ച് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തി. 40 ഓളം യുവജനങ്ങൾ പങ്കെടുത്തു. ഇതിന് നേതൃത്വം നൽകിയ വികാരിയച്ചനും സിസ്റ്റേഴ്സിനും അഭിനന്ദനങ്ങൾ.

### മേഖലാ വാർത്തകൾ

### കൊട്ടിയൂർമേഖല

കൊട്ടിയൂർ മേഖലയുടെ നേതൃത്വത്തിൽ മേഖലയുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന്റെ ഭാഗമായി മേഖലാ നേതൃത്വവും യൂണിറ്റുകളും തമ്മിലുള്ള അന്തരം കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിറുത്തി 'സൗഹൃദ-2011' യൂണിറ്റ് സന്ദർശനത്തിന് അടയ്ക്കാത്തോട് യൂണിറ്റിൽവച്ച് തുടക്കം കുറിച്ചു. പ്രസ്തുത മീറ്റിംഗിൽ 'രക്തദാന സേനാ' രൂപീകരണത്തിന്റെ മേഖലാതല ഉദ്ഘാടനം അടയ്ക്കാത്തോട് സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ മേഖലാ ഡയറക്ടർ റവ.ഫാ. ജോജോ ചങ്ങനാംതുണ്ടത്തിന് ജോമോൻ വലിയ വീട്ടിലിന്റെ സമ്മതപത്രം നൽകി ഉദ്ഘാടനം ചെയ്തു. അടയ്ക്കാത്തോട് യൂണിറ്റ് പ്രസിഡന്റ് അജന പൗവത്തിൽ അധ്യക്ഷത വഹിച്ചു. മേഖലാ നേതൃത്വം ആശംസകൾ അർപ്പിച്ചു.

### പ്രശാന്തഗിരി യൂണിറ്റ്

യൂണിറ്റ് ഡയറക്ടർ റവ.ഫാ. പോൾ ഇടയക്കൊണ്ടാട്ടിന്റെയും പ്രസിഡന്റ് ഷിനു മഠത്താശ്ശേരിയുടെയും നേതൃത്വത്തിൽ 2011 ലെ പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി. ഇടവകയിലെ ഒരു വ്യക്തിയുടെ ഭവന നിർമ്മാണത്തിന് ആവശ്യമായ സഹായങ്ങൾ കെ.സി.വൈ.എം. അംഗങ്ങൾ ചെയ്തുകൊടുത്തു. കൂടാതെ വീടുപണിയിൽ സഹായിക്കുകയും ചെയ്തു.

ഇടവകയിലെ അവശേഷിക്കുന്ന മദ്യപാനികളെയും കുടുംബങ്ങളുടെയും വ്യക്തികളുടെയും പേരിൽ കലഹിച്ച് കഴിയുന്നവരെ നേർവഴിക്ക് നയിച്ച് ഇടവകയെ മുന്നോട്ട് നയിക്കുക എന്ന ലക്ഷ്യത്തോടെ യൂണിറ്റ് പ്രസിഡന്റ് ശ്രീ. ഷിനു മഠത്താശ്ശേരിയുടെ നേതൃത്വത്തിൽ ഭവന സന്ദർശനവും സൗഹൃദ സംഭാഷണവും നടത്തുകയുണ്ടായി.

**പേര്യ യൂണിറ്റ്**

ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും കെ.സി.വൈ.എം. അംഗങ്ങൾ സജീവമായി പങ്കെടുക്കുന്നു. ഇടവകയിൽ നടന്ന ജാഗരണ പ്രാർത്ഥനയിൽ അംഗങ്ങൾ പങ്കെടുത്തു. ഇടവക തിരുനാളിനോട് അനുബന്ധിച്ച് Tea stall, Ice-cream വിൽപ്പന ഇവയിലൂടെ യൂണിറ്റിനുവേണ്ട ഫണ്ട് സ്വരൂപിച്ചു.

**പടമല യൂണിറ്റ്**

പടമല യൂണിറ്റിലെ യുവജനങ്ങൾ തങ്ങളുടെ ആരോഗ്യവും, സമയവും കഴിവുമെല്ലാം വളരെ തീക്ഷ്ണതയോടെ ഇടവകാ പ്രവർത്തനങ്ങൾക്കായ് മാറ്റിവച്ചു. ഇടവക തിരുനാളിനോട് അനുബന്ധിച്ചുള്ള ഫ്ളക്സുകൾ വിവിധ പ്രദേശങ്ങളിൽ സ്ഥാപിക്കുകയും പള്ളിയും പരിസരങ്ങളും സിമിത്തേരിയുമെല്ലാം വളരെ മനോഹരമായി വൃത്തിയാക്കുകയും തോരണം ഒട്ടിക്കാനും അലങ്കാര വിളക്കുകൾ നിർമ്മിച്ച് അലങ്കരിക്കുന്നതിനുമെല്ലാം വളരെ സജീവമായി പങ്കെടുക്കുകയും ചെയ്തു.

രൂപതാ പ്രസിഡന്റ് സജിൻ ജോസ് ചാലിൽ യൂണിറ്റിൽ യുവജനങ്ങൾക്കായ് നടത്തിയ സെമിനാറിൽ എല്ലാ യുവജനങ്ങളും പങ്കെടുത്തു.

**ഷംജിത്ത് ചേലയ്ക്കൽ**
രൂപതാ ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിന് ഒരുക്കമായുള്ള കോഴ്സുകൾ**

മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് മാർച്ച് 4 മുതൽ 7 വരെ നടന്ന MPC കോഴ്സിൽ 47 പേരും, ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് മാർച്ച് 11 മുതൽ 14 വരെ നടന്ന കോഴ്സിൽ 101 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദീകരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| ഏപ്രിൽ 15–18 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഏപ്രിൽ 26–29 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| മേയ് 08–11 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| മേയ് 20–23 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| മേയ് 29 ജൂൺ 01 | – | പാസ്റ്ററൽ സെന്റർ ദ്വാരക |

**കെ.സി.ബി.സി ഫാമിലി കമ്മീഷൻ നിർദ്ദേശം**

2011 –ലെ പഠനവിഷയം “കുട്ടികൾ കുടുംബത്തിനു അനുഗ്രഹം”. ഈ വിഷയത്തിന്റെ വിവിധ വശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഇടവകയിലെ വിവിധ തലങ്ങളിൽ മാതാപിതാക്കൾ, യുവജനങ്ങൾ, കുട്ടികൾ എന്നിവർക്കായി പ്രത്യേകം ചർച്ചകൾ സംഘടിപ്പിക്കുന്നത് നല്ലതാണ്. ഈ ചർച്ചകളിൽ കുട്ടികളെക്കുറിച്ചുള്ള ക്രൈസ്തവവീക്ഷണം, അവർക്ക് വിദ്യാഭ്യാസം നൽകുന്നതിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, അവർക്ക് മാധ്യമങ്ങൾ ഉപയോഗിക്കുന്നതിൽ കൊടുക്കേണ്ട ശിക്ഷണം, കുട്ടികളുടെ സമൂഹവത്കരണം എന്നിവ ഉൾപ്പെടുത്തണമെന്നാണ് ഫാമിലി കമ്മീഷൻ നിർദ്ദേശം.

**ആദരാഞ്ജലികൾ**

രൂപതാ കുടുംബപ്രേഷിതത്വത്തിന്റെ അസി.ഡയറക്ടർ ബഹു. ജോഷി പെരിയപ്പുറം അച്ചന്റെ ചാച്ചന്റെയും, സി. സബീനാമ്മയുടെ

സഹോദരന്റെയും ആകസ്മികമായ നിര്യാണത്തിലും രൂപതാ കുടുംബ പ്രേഷിതത്വത്തിന്റെ കീഴിലുള്ള എല്ലാ സംഘടനകളും അനുശോചി ക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

## കത്തോലിക്കാ മാതൃസംഘടന

മാർച്ച് 15 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് രൂപതാ ഡയറക്ടർ ബഹു. ഡെന്നീസച്ചന്റെ നേതൃത്വത്തിൽ രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. 10 അംഗങ്ങൾ പങ്കെടുത്ത മീറ്റിംഗിൽ ഭാവിപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. വചനം പഠിക്കുവാനും ജീവിക്കുവാനും ഉപകരിക്കുന്ന ലോഗോസ് ക്വിസിൽ കുടുംബത്തിന് പ്രാമുഖ്യം നൽകുന്നതിനെ പറ്റി ചർച്ചയിൽ വിഷയമാക്കി. ഫൊറോന തലത്തിൽ ശാഖാ സന്ദർശനം ഊർജ്ജിതമാക്കി നവംബറിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. മാതൃസംഘടനയുടെയും, വനിതാ കമ്മീഷന്റെയും സംയുക്ത എക്സിക്യൂട്ടീവ് ഏപ്രിൽ 12 ന് നടത്തുവാൻ തീരുമാനിച്ചു.

ഫെബ്രുവരി 25 ന് എറണാകുളം റിന്യൂവൽ സെന്ററിൽ വെച്ച് നടന്ന സംസ്ഥാന സമ്മേളനത്തിൽ രൂപതാ പ്രസിഡന്റ് ശ്രീമതി മോളി കരിമ്പനാക്കുഴിയെ രൂപതയുടെ പ്രതിനിധിയായി തെരഞ്ഞെടുത്തു.

**തെനേരി ശാഖാ പുതിയ ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | – | ഷൈനി മറ്റെക്കാട്ടിൽ |
| വൈ. പ്രസിഡന്റ് | – | മേരി തെക്കേഅറയ്ക്കൽ |
| സെക്രട്ടറി | – | സിന്തോൾ കല്ലറയ്ക്കൽ |
| ജോ. സെക്രട്ടറി | – | ബെൻസി എടാപ്പിള്ളി |
| ട്രഷറർ | – | റോസമ്മ മാന്ദംങ്ങരി |

മാർച്ച് 2 ന് മാതൃസംഘത്തിന്റെ രൂപതാ ഡയറക്ടർ റവ. ഫാ. ഡെന്നീസ് കഴുതാടിയുടെ നേതൃത്വത്തിൽ ദിവ്യബലിയും തുടർന്ന് അമ്മമാർക്ക് ക്ലാസ്സും ഉണ്ടായിരുന്നു. മക്കളും മാതാപിതാക്കളും തമ്മിലുള്ള സ്നേഹത്തെക്കുറിച്ചും, പ്രാർത്ഥനാരൂപിയിൽ മക്കളെ വളർത്തേണ്ട ആവശ്യകതയെക്കുറിച്ചും അച്ചൻ സംസാരിച്ചു. മറ്റുള്ള മാതാപിതാക്കളുടെ അനുഭവങ്ങൾ അച്ചൻ പങ്കുവെച്ചു. നന്മയുടെയും അറിവിന്റെയും ഒരു ബോധവൽക്കരണ ക്ലാസ്സായിരുന്നു. 125 ഓളം അമ്മമാർ പങ്കെടുത്തു. പ്രസിഡന്റ് ഷൈനി മറ്റെക്കാട്ടിൽ നന്ദി പറഞ്ഞു.

**ജൂഡ്സ് മൗണ്ട് ശാഖ**

മാർച്ച് 6 ന് ജൂഡ്സ് മൗണ്ട് ദേവാലയത്തിൽ വെച്ച് ദമ്പതികൾക്കായി ഏകദിന സെമിനാർ നടത്തി. ക്രിസ്റ്റീൻ ധ്യാന ടീം അംഗങ്ങളും ദമ്പതികളുമായ വട്ടക്കുന്നേൽ ജോസ് സാർ, ശ്രീമതി മോളി ടീച്ചർ എന്നിവർ ചേർന്ന് നേടിയ അറിവുകൾ ബോധ്യങ്ങളായി മാറ്റി

ക്കൊണ്ട് എങ്ങനെ ഉത്തമ കുടുംബജീവിതം നയിക്കാം എന്നതിനെ പ്പറ്റി ക്ലാസ്സ് എടുത്തു. 100 പേർ പങ്കെടുത്തു. ക്ലാസ്സ് തികച്ചും വ്യത്യസ്തവും എന്നാൽ പ്രയോജനപ്രദവും ഹൃദയസ്പർശിയുമായ ഒരനുഭവത്തിലേയ്ക്ക് എത്തിക്കുന്ന തരത്തിലുള്ളതായിരുന്നു.

**ദ്വാരക ശാഖ**

ജനുവരി 02 ന് ഇടവകയിലെ മാതാക്കൾക്കായി ഏകദിന സെമിനാർ നടന്നു. മാതൃസംഘം പ്രതിനിധികളും ആനിമേറ്റർ സി. കുസുമവും ചേർന്ന് ഇടവകയിലെ ഭവനങ്ങൾ സന്ദർശിക്കുകയും മാതാക്കളെ A,B,C എന്നീ ക്രമത്തിൽ ഗ്രൂപ്പുകളായി തിരിച്ചു. A, B ഗ്രൂപ്പുകളിലെ മാതാക്കൾക്ക് ഏകദിന സെമിനാർ നടത്തി. 150 അമ്മമാർ പങ്കെടുത്തു.

സെമിനാറിന്റെ വിഷയം "വിശ്വാസം ജീവന്റെ സംരക്ഷണത്തിനും, സംപൂർണ്ണതയ്ക്കും" എന്നതായിരുന്നു. രാവിലെ 9.30 ന് ജപമാലയോടെ സെമിനാർ ആരംഭിച്ചു. വികാരി റവ. ഫാ. ജോയി തുരുത്തേൽ ഏവർക്കും ഹൃദ്യമായ സ്വാഗതം ആശംസിക്കുകയും തുടർന്ന് റവ. ഫാ. വിജയൻ ചോഴംപറമ്പിൽ സെമിനാർ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. റവ. ഫാ. ബാബു മാപ്ലശേരി മരണസംസ്കാരത്തെ തിരിച്ചറിയാനും, അതിനെതിരെ പോരാടുവാനും മാതാക്കളെ ആഹ്വാനം ചെയ്തു. തുടർന്ന് ബഹു. ജോയി അച്ചന്റെ നേതൃത്വത്തിൽ മാതാക്കളെ 15 ഗ്രൂപ്പുകളായി തിരിച്ച് വിശ്വാസത്തിന്റെ വെളിച്ചത്തിൽ സമൂഹത്തിനും കുടുംബങ്ങൾക്കും നന്മയിൽ വളരാൻ പ്രേരകമായ വിഷയങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കി. തുടർന്ന് ജോയി അച്ചൻ ഭക്തിനിർഭരമായ ദിവ്യബലി അർപ്പിച്ചു.

ഉച്ചഭക്ഷണത്തിനുശേഷം 15 ഗ്രൂപ്പിലെയും സെക്രട്ടറിമാർ റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും വ്യക്തി, കുടുംബം, ഇടവക തലങ്ങളിൽ വിശ്വാസാധിഷ്ഠിതമായി മൂല്യബോധത്തിൽ വളരുവാനും കാലഘട്ടത്തിന്റെ പ്രശ്നങ്ങളെ ധീരതയോടെ അഭിമുഖീകരിക്കുവാനും കുടുംബങ്ങളെ പ്രാപ്തരാക്കുന്ന കർമ്മപരിപാടികൾക്ക് രൂപം നൽകുകയും ചെയ്തു. ദ്വാരക ഇടവകയിലെ വിവിധ കോൺഗ്രിഗേഷനുകളിലെ സിസ്റ്റേഴ്സിന്റെയും, ടീച്ചേഴ്സിന്റെയും, കൈക്കാരന്മാരുടെയും സഹകരണം സെമിനാറിനെ കൂടുതൽ സജീവമാക്കി. A, B ഗ്രൂപ്പിലെ കുടുംബനാഥന്മാർക്കും C ഗ്രൂപ്പിലെ അമ്മമാർക്കും ഉടനെ തന്നെ സെമിനാർ ഉണ്ടായിരിക്കുമെന്ന് സമാപന സമ്മേളനത്തിൽ ബഹു. ജോയി അച്ചൻ അറിയിച്ചു. ആനിമേറ്റർ സി. കുസുമം ഏവർക്കും നന്ദി പറഞ്ഞു. 4-30 ന് സെമിനാർ സമാപിച്ചു.

**നടവയൽ മേഖല**

മാർച്ച് 13 ന് ഉച്ചകഴിഞ്ഞ് നടവയൽ മേഖലയിലെ മാതൃസംഘടനയുടെയും ആനിമേറ്റർമാരുടെയും ഭാരവാഹികളുടെയും സംയുക്ത

സമ്മേളനം നടന്നു. മേഖല ട്രഷറർ ശ്രീമതി ചിന്നമ്മ ഐസക്ക് സ്വാഗതം ചെയ്തു. വിവിധ ഇടവകകളിൽ നിന്നായി 25 പേർ പങ്കെടുത്തു. മേഖല ആനിമേറ്റർ സി. ആഗ്നറ്റ് മാതാക്കളുടെ കടമകളെക്കുറിച്ചും യൗസേപ്പിതാവിന്റെയും മാതാവിന്റെയും മാദ്ധ്യസ്ഥശക്തിയെക്കുറിച്ചും കുഞ്ഞുമക്കളെ ദൈവവിശ്വാസത്തിൽ വളർത്തുന്നതിനെക്കുറിച്ചും ക്ലാസ്സെടുത്തു. കഴിഞ്ഞ വർഷം എല്ലാ ഇടവകകളിലും പ്രോലൈഫിന്റെ ക്ലാസ്സെടുത്തതിന്റെ ഫോളോ അപ്പ് ആയി ഈ വർഷം എല്ലാ ഇടവകകളിലും ക്ലാസുകൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. ബത്തേരി താലൂക്ക് ആശുപത്രിയിലെ രോഗികൾക്കും സഹായികൾക്കും ഭക്ഷണം പാകം ചെയ്തുകൊടുക്കുവാൻ നടവയൽ, വാളവയൽ, നെയ്കുപ്പ എന്നീ ശാഖകളിലെ അമ്മമാർ തീരുമാനിച്ചു. മെയ് ആദ്യത്തെ ആഴ്ചയിൽ നടവയൽ മേഖലയിലെ അമ്മമാർക്കായി ഒരു ദിവസം കായികമത്സരങ്ങൾ നടത്താൻ തീരുമാനിച്ചു. കേണിച്ചിറ ശാഖയിലെ അമ്മമാർ ആഴ്ചയിലൊരു ദിവസം താലൂക്കാശുപത്രിയിൽ ഭക്ഷണം പാകം ചെയ്തു കൊടുക്കാനായി പോകുന്നു. ചെറുകാട്ടൂർ, ചുണ്ടക്കര, വിളമ്പുകണ്ടം എന്നീ ശാഖകളിലെ അമ്മമാർ ആഴ്ചയിലൊരു ദിവസം വെച്ച് മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഭക്ഷണം പാകം ചെയ്തു കൊടുക്കുന്നു. ശ്രീമതി ലൗലി ഇല്ലിക്കലിന്റെ നന്ദിയോടെ യോഗം അവസാനിച്ചു.

### ഏലപ്പീടിക ശാഖ

മാർച്ച് 4 ന് റവ. ഫാ. ചാക്കോച്ചൻ വാഴക്കാലായുടെ നേതൃത്വത്തിൽ പ്രസിഡന്റ് ശ്രീമതി ലിസി മംഗലത്തിന്റെ അദ്ധ്യക്ഷതയിൽ സി. ജോസ്ന SKD യുടെ സാന്നിദ്ധ്യത്തിൽ ശാഖാ എക്സിക്യൂട്ടീവ് ചേർന്നു. നോമ്പുകാലത്ത് അമ്മമാർ വി.കുർബാനയിൽ പങ്കെടുക്കുന്നതിനെ പറ്റിയും, കുരിശിന്റെ വഴി അമ്മമാരുടെ നേതൃത്വത്തിൽ നടത്തുന്നതിനെപ്പറ്റിയും, പച്ചക്കറി കൃഷി തുടങ്ങുന്നതിനെപറ്റിയും ചർച്ച നടത്തി. 52ഓളം അമ്മമാർ പങ്കെടുത്തു. ക്ലാസ്സ് നയിക്കാൻ എത്തിയ സി. റെജീന SKD യെ ബഹു. വികാരിയച്ചൻ സ്വാഗതം ചെയ്തു. ക്ലാസ്സിനുശേഷം സെക്രട്ടറി ശ്രീമതി മിനി മംഗലത്തിൽ നന്ദി പറഞ്ഞു. തുടർന്ന് വി. കുർബാനയോടെ യോഗം അവസാനിച്ചു.

### മരിയൻ സിംഗിൾസ്

16 ന് ഡയറക്ടറിന്റെയും, സി. മരീനയുടെയും നേതൃത്വത്തിൽ ഏകസ്ഥ കൂട്ടായ്മ നടന്നു. 11 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഏപ്രിൽ 19 ന് 10 മണിക്ക്.

**റവ. ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

"ഹൃദയാർജ്ജവത്തോടെ നീ അവനെ അന്വേഷിക്കുക.
അവനെ പരീക്ഷിക്കാത്തവർ അവനെ കണ്ടെത്തുന്നു"
(ജ്ഞാനം 1:1-2)

ജീവിത ക്ലേശങ്ങളിൽപ്പെട്ടു നട്ടം തിരിയുന്ന നമുക്ക് ജീവിതത്തിൽ പ്രത്യാശ നൽകുന്നതും, നമ്മെ ക്രിസ്തുവിലുള്ള വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുന്നതും ക്രിസ്തുവിന്റെ പുനരുത്ഥാനമെന്ന സത്യമാണ്. മരിച്ച് 36 മണിക്കൂർ കഴിഞ്ഞപ്പോൾ ക്രിസ്തു ഉയിർത്തെഴുന്നേറ്റു. അനീതിയുടെ വിജയങ്ങൾക്ക് 36 നിമിഷാർദ്ധങ്ങളുടെ ആയുസ്സേ ഉള്ളൂ. എല്ലാക്കാലത്തേയ്ക്കുമായി സഹിക്കാനായി ദൈവം ആരെയും കൈവിടില്ല. നിന്റെ ജീവിതം ശൂന്യമാകുമ്പോൾ, ദർശനങ്ങൾ നഷ്ടമാകുമ്പോൾ നന്മകളും സ്നേഹബന്ധങ്ങളും അപ്രത്യക്ഷമാകുമ്പോൾ ഈസ്റ്റർ നിന്നെ ഓർമ്മിപ്പിക്കുന്നു നീ കല്ലറയിലാണെന്ന്. നീ ഭയപ്പെടേണ്ട ഒരു ഉയിർത്തെഴുന്നേൽപ്പിനു സാധ്യതയുണ്ട്. മറിയത്തെപ്പോലെ ഏതു ശവപ്പറമ്പിലും അവനെ അന്വേഷിച്ചു പോകാൻ ചങ്കൂറ്റം കാണിച്ചാൽ മതി. കണ്ണുനീരിന്റെ മൂടുപടത്താൽ കാഴ്ച മറഞ്ഞവർക്ക് സൂര്യോദയമാണ് ഈ ഈസ്റ്റർ.

ഹൃദയം നിറഞ്ഞ ഈസ്റ്റർ മംഗളങ്ങൾ!

**സോണൽ മീറ്റിംഗ്**

4-3-2011 ആദ്യവെള്ളി 45 ശുശ്രൂഷകർ സോണൽ മീറ്റിംഗിനായി സിയോൻ ചാപ്പലിൽ ഒന്നിച്ചുകൂടി. 10 മണിക്ക് ആരംഭിച്ച ജപമാലയും ആരാധനയും ശ്രീ. ജോസ് തേനംമാക്കൽ നയിച്ചു. 12 മണിക്ക് ബഹു. ജോർജ് മേമന അച്ചൻ വി.ബലി അർപ്പിച്ച് വചനസന്ദേശം നൽകി. കോ-ഓർഡിനേറ്റർ ശ്രീ. ബേബി മൂത്തേടം നിർദ്ദേശങ്ങളും അറിയിപ്പുകളും നൽകി. ഉച്ചയ്ക്കുശേഷം ഓരോ മിനിസ്ട്രികളും വെവ്വേറെ സമ്മേളിച്ച് പ്രാർത്ഥിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും തീരുമാന

ങ്ങൾ എടുക്കുകയും ചെയ്തു. വൈകുന്നേരം 6 വരെയുള്ള സമയം എൽഡറിംഗിനായി വിനിയോഗിച്ചു.

**ജാഗരണ പ്രാർത്ഥന**

6.30 p.m. ന് ജപമാല ചൊല്ലി പരി. അമ്മയുടെ മദ്ധ്യസ്ഥം തേടി. 7 p.m. ന് രൂപതാ മതബോധന ഡയറക്ടർ ബഹു. ബെന്നി മുതിരക്കാലായിൽ അച്ചൻ വി.ബലി അർപ്പിച്ച് വചനം പങ്കുവച്ചു. വി.ബലിക്കു ശേഷം അത്താഴം. തുടർന്ന് കുരിശിന്റെ വഴി നടത്തി. 9 മണിക്ക് ജാഗരണ പ്രാർത്ഥന ശ്രീ. ജോർജ് അരഞ്ഞാണി നയിച്ചു. മ്യൂസിക് ടീം ആരാധന സജീവമാക്കുവാൻ ഹൃദയസ്പർശിയായ ഗാനങ്ങൾ ആലപിച്ചു. ധാരാളം പേർ പ്രാർത്ഥനയിൽ സംബന്ധിച്ചു. കർത്താവ് അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ച് ജാഗരിച്ച് പ്രാർത്ഥിച്ചവരെ അനുഗ്രഹിച്ചു. 12 മണിക്കു പ്രാർത്ഥന അവസാനിപ്പിച്ച് എല്ലാവരും നിദ്രക്കായി പോയി.

**ആദ്യശനി ഏകദിന കൺവെൻഷൻ 5-3-2011**

പതിവുപോലെ പ്രഭാതത്തിൽ 6 മണിക്കു മാതൃസവിധത്തിലെത്തി ജപമാല ചൊല്ലി പ്രാർത്ഥിച്ചശേഷം ഒരുക്കശുശ്രൂഷ നടത്തി. 8.30 ന് സ്റ്റേജിൽ സപ്ര, ജപമാല, സ്തുതി ആരാധന ഈ ശുശ്രൂഷകൾ സിയോൻ ടീം നയിച്ചു. 11 മണിക്ക് ബഹു. ജയ്സൺ C.Ss.R കുടുംബ ജീവിതത്തെപ്പറ്റി വചനം പങ്കുവച്ചു. 12 മണിയ്ക്ക് ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചൻ വി.ബലി അർപ്പിച്ച് വചന സന്ദേശം നൽകി.

ക്രൈസ്തവർ തന്റെ മാമ്മോദീസായുടെ ആഴവും അർത്ഥവും മനസ്സിലാക്കി പരിശുദ്ധാത്മ ചൈതന്യത്തിൽ നിറഞ്ഞുകവിയണം. നോമ്പുകാലം തിരിഞ്ഞുനോട്ടത്തിനുള്ള സമയമാണ്. ജീവിതവഴികളിൽ പരിപാലിച്ചതിന് ദൈവത്തിന് നന്ദി പറയണം. മുമ്പോട്ടുനോക്കി ദൈവത്തിലാശ്രയിക്കണം. ചുറ്റും നോക്കി സഹോദരരെ ആവശ്യങ്ങളിൽ സഹായിക്കണം. ചില കാര്യങ്ങൾ വേണ്ട എന്നുവയ്ക്കാൻ കഴിയണം. നമ്മുടെ ജീവിതത്തിൽ ഉള്ളിൽ നിന്നും വരുന്ന മാറ്റം നടക്കണം. ബഹു. അച്ചൻ ഉദ്ബോധിപ്പിച്ചു. ദിവ്യബലിക്കുശേഷം ലഘുഭക്ഷണം, അനുഭവസാക്ഷ്യങ്ങൾ ഇവയായിരുന്നു. തുടർന്ന് ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ പ്രദക്ഷണം, സൗഖ്യപ്രാർത്ഥന - തമ്പുരാൻ തൊട്ട അനുഭവമായിരുന്നു. കുമ്പസാരം, കൗൺസിലിംഗ് ഇവയ്ക്ക് അവസരം ഒരുക്കി. ക്രിസ്റ്റീൻ മക്കൾക്ക് സിയോൻ ചാപ്പലിൽ പ്രോഗ്രാം നടത്തി. 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു.

**രണ്ടാംശനി ശുശ്രൂഷകൾ (12-3-11) - ദമ്പതീ കൂട്ടായ്മ**

30 പേർ വന്നു സംബന്ധിച്ചു. ബഹു. സോണി വാഴകാട്ട് അച്ചൻ കുടുംബജീവിതത്തെക്കുറിച്ച് ക്ലാസ്സെടുത്തു, വി.ബലി അർപ്പിച്ച് വചന സന്ദേശം നൽകി.

**കൗൺസിലിംഗ് ദിനം**

80 പേർ വന്ന് കൗൺസിലിംഗ് നടത്തി ശാരീരികവും മാനസികവുമായ സൗഖ്യം നേടി പോയി.

**യുവജനദിനം**

40 യുവജനങ്ങൾ ശുശ്രൂഷയിൽ പങ്കെടുത്തു. ബഹു. മനോജ് കാക്കോനാൽ അച്ചൻ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**മൂന്നാം വെള്ളി - സൗഖ്യദിനം 18-3-2011**

10 മണിയ്ക്ക് ശുശ്രൂഷകൾ ആരംഭിച്ചു. ബഹു. ജോർജ് മേമന അച്ചൻ ഈശോയെ അൾത്താരയിൽ പ്രതിഷ്ഠിച്ചു. വി.ബലി അർപ്പിച്ച് വചന സന്ദേശം നൽകി. സൗഖ്യപ്രാർത്ഥന നടത്തി. ജപമാലയും സ്തുതിയാരാധനയും ശ്രീ. ചാക്കോച്ചൻ പുത്തൻപുര നയിച്ചു. കുമ്പസാരത്തിനും കൗൺസിലിംഗിനും അവസരം ഒരുക്കി.

**സിയോൻ ഏപ്രിൽ മാസത്തിൽ**

| | | |
|---|---|---|
| ഏപ്രിൽ 1 | - | സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| 2 | - | ആദ്യശനി ഏകദിന കൺവെൻഷൻ, കൗൺസിലിംഗ്, ക്രിസ്റ്റീൻ പ്രോഗ്രാം |
| 4-8 | - | യുവജനധ്യാനം (പാവന പാസ്റ്റർ സെന്റർ മാനന്തവാടി) |
| 9 | - | രണ്ടാംശനി - കൗൺസിലിംഗ് ദിനം, ദമ്പതീകൂട്ടായ്മ, യുവജനദിനം |
| 11-13 | - | ക്രിസ്റ്റീൻ ധ്യാനം |
| 15 | - | മൂന്നാംവെള്ളി - സൗഖ്യദിനം |
| 29 | - | ജാഗരണ പ്രാർത്ഥന - സുവിശേഷമുന്നണി |

**ജീസസ് യൂത്ത് മാനന്തവാടി സോൺ ഒരുക്കുന്ന യുവജന ധ്യാനം**

(പഠനമേഖലയിലല്ലാത്ത യുവജനങ്ങൾക്ക്)

**കാൽവരി 2011**

2011 ഏപ്രിൽ 4 തിങ്കൾ വൈകു. 5 മണി മുതൽ 8-ാം തീയതി വെള്ളിയാഴ്ച രാവിലെ 11.30 വരെ. സ്ഥലം: മാനന്തവാടി പാവന പാസ്റ്ററൽ സെന്ററിൽ വച്ച് (ജ്യോതി ഹോസ്പിറ്റലിനു സമീപം താഴെയങ്ങാടി)

ധ്യാനഫീസ്: 400 രൂപ. (ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്ക് മാത്രം)
ഫോൺ: ഫാ. മനോജ് കാക്കോനാൽ - 9446889469,
ബിനീഷ് കോട്ടായിൽ-9495410652, സിയോൻ ഓഫീസ്-04935-240922

**ഫാ. മനോജ് കാക്കോനാൽ**
സിയോൻ അസി. ഡയറക്ടർ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരീ സഹോദരങ്ങളെ,

കർത്താവ് സ്വന്തം ശരീരവും രക്തവും നമുക്ക് ഭക്ഷണപാനീയങ്ങളായി വിഭജിച്ചുതരുന്ന വിശുദ്ധ കുർബാന സ്ഥാപിച്ചതിന്റെ ഓർമ്മ ആചരിക്കുന്ന പെസഹാക്കാലത്തേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. നമുക്കും ഈ നോമ്പുകാലത്ത് നമ്മുടെ സഹജീവികൾക്കു വേണ്ടി നമ്മുടെ സമ്പത്തും സമയവും വിഭജിച്ചു നൽകുന്നതിൽ ഉത്സുകരാകാം. നമ്മുടെ സംഘടനയുടെ ഉദ്ദേശ ലക്ഷ്യങ്ങളിലേയ്ക്ക് നമുക്ക് ശക്തമായി ഇറങ്ങിചെല്ലാം. ഓരോരുത്തരും സ്വയം വിശുദ്ധീകരണത്തിനായി നോമ്പുകാല ജീവിതം നയിക്കുവാനും, ആ ജീവിത വിശുദ്ധി എന്നും നിലനിർത്താനും പരിശ്രമിക്കുമല്ലോ.

ഉപഭോഗ സംസ്കാരത്തിന്റെ സംഭാവനയായ 'തിരക്കിൽ' മറ്റുള്ളവരോട് സ്നേഹം പങ്കുവെയ്ക്കാനും, പാവപ്പെട്ടവരെ ശ്രദ്ധിക്കാനും ആർക്കും സമയമില്ല. ഈ നോമ്പുകാലത്ത് മറ്റുള്ളവർക്കുവേണ്ടി മാറ്റിവെയ്ക്കുവാൻ നമുക്കും അല്പം സമയം കണ്ടെത്താം. നോമ്പുകാലത്തിന്റെ ഇനിയുള്ള ദിവസങ്ങളിൽ അവരവരുടെ ഇടവകയിലെ രോഗികളും അവശരുമായ വൃദ്ധ ജനങ്ങളെ സന്ദർശിക്കുകയും കഴിയുംവിധം സഹായിക്കുവാൻ പരിശ്രമിക്കുകയും ചെയ്യണം. എല്ലാവർക്കും സമാഗതമാകുന്ന ഉയിർപ്പു തിരുനാളിന്റെ എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.

## സി.സി. യോഗവും തീരുമാനങ്ങളും

ആത്മീയോപദേഷ്ടാവ് ജോർജ്ജ് മേമന അച്ചന്റെ നേതൃത്വത്തിൽ ആരാധനയോടെ 12-03-2011 ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് യോഗം 10.00 a.m നു തന്നെ ആരംഭിച്ചു. പതിവിനു വിപരീതമായി മുഴുവൻ ദിവസ യോഗമായിരുന്നു അന്ന്. യോഗത്തിൽ എ.സി. പ്രസി

ഡന്റുമാരും വിവിധ റീജിയണൽ ചാർജജ് വഹിക്കുന്നവരും പ്രവർത്തനങ്ങളെ വിലയിരുത്തി റിപ്പോർട്ട് അവതരിപ്പിച്ചു. ഓരോ എ.സി കളിലും നിർജീവമായി കിടക്കുന്ന കോൺഫ്രൻസുകൾ ഉണ്ടെന്ന് യോഗം കണ്ടെത്തി. വരും കാലങ്ങളിൽ കോൺഫ്രൻസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നില്ലെങ്കിൽ ടിന്നിംഗ് അടക്കമുള്ള ധനസഹായം നിന്നുപോകുന്ന അവസ്ഥ സംജാതമാകുമെന്ന് പ്രസിഡന്റ് സൂചിപ്പിച്ചു. സംഘടനയുടെ അടിസ്ഥാന തത്വങ്ങളും മൂല്യങ്ങളും മുറുകെ പിടിക്കണമെന്ന് ജോർജ് മേമന അച്ചൻ ഉദ്ബോധിപ്പിച്ചു. പ്രസ്തുത സി. സി. യോഗത്തിൽ വെച്ച് അനീഷ് ജോസ് മാന്തോട്ടത്തിൽ, കൽപ്പറ്റ യൂത്ത് പ്രതിനിധിയായി സത്യപ്രതിജ്ഞ ചെയ്ത് ചാർജ്ജ് ഏറ്റെടുത്തു.

## സി.സി. വാർഷികം

മാനന്തവാടി രൂപതാ വിൻസെന്റ് ഡിപോളിന്റെ ഈ വർഷത്തെ വാർഷികം 17-05-11 ചൊവ്വാഴ്ച ദ്വാരക സെന്റ് അൽഫോൻസാ ദേവാലയത്തിൽ വച്ച് സമുചിതമായി ആഘോഷിക്കുവാൻ തീരുമാനിച്ചു. പിതാവിന്റെ മഹനീയ സാന്നിദ്ധ്യം അന്നേ ദിവസം ഉണ്ടായിരിക്കുന്നതാണ്. രാവിലെ 9.30 ന് കുർബാനയോടെ ആരംഭിക്കുന്ന വാർഷികാഘോഷ പരിപാടിയുടെ വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## ബത്തേരി എ.സി. വിൻസെൻഷ്യൻ കുടുംബസംഗമം

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾസ് ബത്തേരി എ.സി. പ്രവർത്തകരുടെ കുടുംബസംഗമം 2-3-11 ബത്തേരി അസംപ്ഷൻ H.S ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. അസംഷൻ ഫൊറോന വികാരി റവ. ഫാ. സ്റ്റീഫൻ കോട്ടക്കൽ സംഗമം ഉദ്ഘാടനം ചെയ്തു. പാവങ്ങളുടെ ഇടയിൽ ഇന്നും വിൻസെൻഷ്യൻ അംഗങ്ങളുടെ നിസ്വാർത്ഥമായ പ്രവർത്തനം അനിവാര്യമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. തദവസരത്തിൽ തന്റെ മുഖ്യ പ്രഭാഷണത്തിൽ നോമ്പുകാലത്ത് അംഗങ്ങൾ കൂടുതൽ തീഷ്ണതയോടെ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ബ്ര. തോമസ് മാങ്ങൻ ഊന്നി പറഞ്ഞു. എ. സി. പ്രസിഡന്റ് ബ്ര. തോമസ് തൈരംചേരിൽ അദ്ധ്യക്ഷത വഹിച്ച പ്രസ്തുത ചടങ്ങിൽ രൂപതാ ജനറൽ സെക്രട്ടറി അഗസ്റ്റിൻ കൊടിയംകുന്നേൽ, എ.കെ. സി.സി രൂപതാ പ്രസിഡന്റ് അഡ്വ. ജോയ് വാറുണ്ണി എന്നിവർ സൊസൈറ്റിയുടെ പ്രവർത്തന മേഖല വിശദീകരിച്ച് സംസാരിച്ചു. തുടർന്ന് റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര നയിച്ച ക്ലാസ്സ് സരസവും വിജ്ഞാനപ്രദവുമായിരുന്നു. മറ്റുള്ളവരിൽ പ്രത്യേകിച്ച് പാവങ്ങളിൽ, യേശുവിനെ കണ്ടുകൊണ്ട് അവർക്ക് നിസ്വാർത്ഥസേവനം ചെയ്യുമ്പോൾ, അത്തരം ചിന്തകൾ മനുഷ്യമനസുകളിൽ പരിപാലിക്കുമ്പോൾ,

ശരീരത്തിൽ ആരോഗ്യവും ഗുണപ്രദവുമായ ഹോർമോണുകൾ ഉണ്ടാകുന്നതായി ശാസ്ത്രീയമായി തെളിച്ചിയിച്ചിട്ടുണ്ടെന്ന് അദ്ദേഹം സമർത്ഥിച്ചു. ഉച്ചഭക്ഷണത്തിനുശേഷം സി. സി. ആത്മീയോപദേഷ്ടാവ് റവ. ഫാ. ജോർജ്ജ് മേമനയുടെ ദിവ്യബലി അർപ്പണമായിരുന്നു. ബലി മധ്യേ അദ്ദേഹം നടത്തിയ അനുഗ്രഹ പ്രഭാഷണത്തിൽ ബത്തേരി എ.സി. യുടെ കുടുംബസംഗമം മറ്റുള്ളവർക്കും പ്രചോദനമാകട്ടെ എന്ന് ആശംസിച്ചു. പ്രസ്തുത ചടങ്ങിൽ ആശംസകളർപ്പിച്ച് ബ്ര. ഫ്രാൻസീസ് പുലിക്കോട്ടിൽ, ബ്ര. ജെയിംസ് കുളപ്പുറത്ത്, ബ്ര. തോമസ് മാരായിക്കുളം, ബ്ര. ജോസ് വാദ്യാപ്പിള്ളി എന്നിവർ സംസാരിച്ചു. ചടങ്ങിന് ബ്ര. ജോളി മാത്യു കട്ടിക്കാനായിൽ സ്വാഗതവും എ. സി. ട്രഷറർ ബ്ര. അലക്സാണ്ടർ ആലംചേരി നന്ദിയും പറഞ്ഞു.

**അറിയിപ്പുകൾ**

1. 17-05-2011 ന് നടക്കുന്ന സി. സി. വാർഷികത്തിൽ ഓരോ എ. സി. യിൽ നിന്നും എത്രപേർ വീതം പങ്കെടുക്കുമെന്ന് എ. സി. പ്രസിഡന്റുമാർ സി. സി യെ അറിയിക്കേണ്ടതാണ്. പ്രസ്തുത വാർഷികത്തിന്റെ സുഗമമായ നടത്തിപ്പിന് ഓരോ കോൺഫ്രൻസും Rs. 150- നൽകേണ്ടതാണ്. തുക സ്വരൂപിച്ച് എ.സി. പ്രസിഡന്റുമാർ 27-4-2011 ന് നടക്കുന്ന സി.സി. മീറ്റിംഗിൽ ട്രഷററെ ഏൽപ്പിക്കേണ്ടതാണ്.
2. 27-4-2011 ന് ഓസ്സാനാംഭവനിൽ ഓസ്സാനാംഭവൻ ജനറൽബോഡി യോഗം കൂടുന്നതാണ്. രാവിലെ 10.00 a.m ന് ആരംഭിക്കുന്ന പ്രസ്തുത യോഗത്തിൽ എല്ലാ എ.സി പ്രസിഡന്റുമാരും, ഓസ്സാനാംഭവൻ ജനറൽബോഡി അംഗങ്ങൾ, സി.സി ബോർഡ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുക്കേണ്ടതാണ്.
3. എ.സി പ്രസിഡന്റുമാർ കോൺഫ്രൻസുകളിൽ നിന്ന് വാർഷിക റിപ്പോർട്ടുകൾ ശേഖരിച്ച് നിശ്ചിത വിഹിതങ്ങൾ സഹിതം 27-04-11 ന് ഓസ്സാനാംഭവനിൽ വെച്ച് ചേരുന്ന സി.സി. യോഗത്തിൽ എത്തിക്കുവാൻ ശ്രദ്ധിക്കുക.
4. അടുത്ത വർഷം രൂപതാ ബുള്ളറ്റിൻ ലഭിക്കേണ്ടവരുടെ അഡ്രസ്സ്, വിവരങ്ങൾ സി. സി. ഓഫീസിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവർക്കു മാത്രമേ രൂപതാബുള്ളറ്റിൻ ലഭിക്കുകയുള്ളു. ലിസ്റ്റ് പരിശോധിക്കുവാൻ എ.സി. പ്രസിഡന്റുമാർ പ്രത്യേകം ശ്രദ്ധിക്കുക.
5. ഓസ്സാനാംഭവൻ സംഭാവന, പ്രോജക്ട് റിപ്പോർട്ട് ഇനിയും നൽകാത്തവർ അത് വേഗം സി.സി. യിൽ എത്തിക്കുവാൻ ശ്രദ്ധിക്കുക.

**ഓസ്സാനാംഭവൻ സന്ദർശനം**

**കൽപ്പറ്റ എ.സി.**

| | | |
|---|---|---|
| സെന്റ് മേരീസ് വൈത്തിരി (വനിത) | - | 19-4-11 |
| സെന്റ് മേരീസ് വൈത്തിരി (പു) | - | 26-4-11 |

**കൊട്ടിയൂർ എ. സി**

1. സെന്റ് ജോസഫ് അടയ്ക്കാതോട് (പു) - 28-4-11
   അലക്സാണ്ടർ കുഴിമണ്ണിൽ
   അടയ്ക്കാതോട് പി. ഒ., കേളകം 670674
2. സെന്റ് ജോർജ്ജ് അമ്പായത്തോട് (പു) - 30-4-11
3. സെന്റ് മേരീസ് അമ്പായത്തോട് (വ) - 2-5-11
4. ഫാത്തിമ മാതാ ചുങ്കക്കുന്ന് (പു) - 4-5-11
5. സെന്റ് അൽഫോൻസ ചുങ്കക്കുന്ന് (വ) - 6-5-11
6. സാൻജോസ് കേളകം (മിക്സഡ്) - 7-5-11
7. സെന്റ് സെബാസ്റ്റ്യൻ കൊട്ടിയൂർ (പു) - 9-5-11
8. സെന്റ് തോമസ് കൊട്ടിയൂർ (യൂത്ത്) - 11-5-11
9. സെന്റ് അൽഫോൻസ നെല്ലിയോടി(പു) - 13-5-11
10. സെന്റ് ജൂഡ് നെല്ലിയോടി (പു) - 14-5-11
11. സെന്റ് അൽഫോൻസ ഒറ്റപ്ലാവ് (പു) - 15-5-11
12. ബ്ലസഡ് കെ.ഇ. പാൽച്ചുരം (പു) - 16-5-11
13. സെന്റ് തെരേസ പാൽച്ചുരം (വ) - 17-5-11
14. സെന്റ് ഫ്രാൻസീസ് അസ്സീസ്സി വെള്ളൂന്നി(പു) - 18-5-11

ഏവർക്കും ഈസ്റ്റർ ആശംസകൾ നേർന്നുകൊണ്ട്,

**ബ്ര. എം.സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡന്റ്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**മദ്യവിരുദ്ധ വാരാചരണം - വിജയികൾ**

1 -ാം സ്ഥാനം : സെന്റ് പോൾസ് & സെന്റ് പീറ്റർ ചർച്ച്, മാനന്തവാടി
2 -ാം സ്ഥാനം : സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, കുറുമണി
3 -ാം സ്ഥാനം : സെന്റ് തോമസ് ചർച്ച്, തോമാട്ടുചാൽ

ഒന്നാം സ്ഥാനത്തിന് 3001 രൂപയും ട്രോഫിയും, രണ്ടാം സ്ഥാനത്തിന് 2001 രൂപയും ട്രോഫിയും, മൂന്നാം സ്ഥാനത്തിന് 1001 രൂപയും ട്രോഫിയും നൽകുന്നതാണ്.

ധാരാളം ഇടവകകൾ മദ്യവിരുദ്ധ വാരാചരണം വളരെ സമുചിതമായി ആഘോഷിച്ചു. ഏവർക്കും ഹൃദയപൂർവ്വകമായ നന്ദി രേഖപ്പെടുത്തുന്നു.

**സെന്റ് പോൾസ് & പീറ്റർ ഇടവകയിലെ പ്രധാന പ്രവർത്തനങ്ങൾ**

കുട്ടികൾക്കും മുതിർന്നവർക്കും കഥ, കവിത, ഉപന്യാസം, ചിത്രരചന എന്നിവയിൽ രചനാ മത്സരങ്ങൾ നടത്തി. വാർഡുതലത്തിൽ ക്വിസ്സ് മത്സരവും, പ്രസംഗമത്സരവും നടത്തി. ഇടവകയിൽ വാർഡുതല പ്രാർത്ഥനാ സമ്മേളനം നടത്തുകയും ബോധവത്ക്കരണ പരിപാടിയും നടത്തി. വാർഡിൽ സ്കിറ്റ് അവതരണം നടത്തി. 3 ദിവസം പ്രാർത്ഥനാ ദിനാചരണം നടത്തി. വീടുകളിൽ മദ്യവിരുദ്ധ പ്രാർത്ഥനാ കാർഡുകൾ അച്ചടിച്ച് നൽകി. ഇടവകയിൽ മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റ് രൂപീകരിച്ചു. 5000 ലഘുലേഖ പ്രിന്റ് ചെയ്ത് ഇടവകയിലും ടൗണിലും അടുത്തുള്ള വിദ്യാലയങ്ങളിലും വിതരണം ചെയ്തു. പെരുവകയിൽ പൊതുജനങ്ങൾക്കായി മോചന ലഹരിവിരുദ്ധ സെമിനാർ നടത്തി. മദ്യവിരുദ്ധ ഞായർ ദിവസം ടൗണിലൂടെ മദ്യവിരുദ്ധ റാലി നടത്തി.

## സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, കുറുമണി

വിദ്യാർത്ഥികൾക്കും മുതിർന്നവർക്കും ഉപന്യാസം, കഥ, കവിത, മുദ്രാവാക്യരചന, പ്രസംഗം എന്നിവയിൽ രചനാ മത്സരങ്ങൾ നടത്തി. പോസ്റ്റർ പ്രിന്റ് ചെയ്ത് വിവിധ സ്ഥലങ്ങളിൽ പ്രചരണം നടത്തി. ലഘു ലേഖ പ്രിന്റ് ചെയ്ത് വിതരണം ചെയ്തു. മുതിർന്നവർക്കായി ബോധ വൽക്കരണ പരിപാടി നടത്തി. എ.എ. ഗ്രൂപ്പ് ആരംഭിക്കാൻ ശ്രമമാരം ഭിച്ചു. മദ്യവിരുദ്ധ ഞായർ ദിനം റാലിയും പൊതുസമ്മേളനവും നട ത്തി. ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തു. ജാഗ്രതസമിതി രൂപീകരിച്ചു. കുടുംബപ്രാർത്ഥനകൾ നടത്തി.

## സെന്റ് തോമസ് ചർച്ച്, തോമാട്ടുചാൽ

ജനുവരി 23 ന് മദ്യവിരുദ്ധവാരാചരണം ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികൾക്കായി പോസ്റ്റർ നിർമ്മാണം, കൊളാഷ്, കഥ, കവിത, ചിത്രരചന, ഉപന്യാസം എന്നിവയിൽ മത്സരം നടത്തി. തോമാട്ടുചാൽ, ആണ്ടൂർ എന്നിവിടങ്ങളിൽ മദ്യവിരുദ്ധ ബോധവത്ക്കരണ പരിപാടി നടത്തി. ജനുവരി 26 ന് അർദ്ധദിന സെമിനാർ നടത്തി. 28-ാം തീയതി വെള്ളിയാഴ്ച പ്രാർത്ഥനാദിനമായി ആചരിച്ചു. ശനിയാഴ്ച സൺഡേ സ്കൂൾ, സി.എം.എൽ എന്നിവയുടെ നേതൃത്വത്തിൽ ആയിരത്തോളം ഭവനങ്ങൾ സന്ദർശിച്ച് ലഘുലേഖ വിതരണം ചെയ്തു. മദ്യവിരുദ്ധ ഞായർ സമുചിതമായി ആചരിച്ചു. തോമാട്ടുചാലിലേക്ക് ലഹരിവിരുദ്ധ റാലി നടത്തി. പൊതുസമ്മേളനവും ഉണ്ടായിരുന്നു.

## സെന്റ് ജോസഫ് ചർച്ച്, മച്ചിക്കൊല്ലി

മദ്യവിരുദ്ധ ഞായറാഴ്ച വർണ്ണ ശബളമായ മദ്യവിരുദ്ധ റാലി നടത്തി. മറ്റു ലഹരിവിരുദ്ധ പരിപാടികളും സംഘടിപ്പിച്ചു.

## സെന്റ് ജോസഫ് ചർച്ച്, റിപ്പൺ

മദ്യവിരുദ്ധ ഞായറാഴ്ച റാലി നടത്തി. മുതിർന്നവർ അടക്കം ധാരാളം ആളുകൾ റാലിയിൽ പങ്കെടുത്തു.

## മോചന 2011 – പെരുവക

മാനന്തവാടി ടൗൺ പള്ളിയുടെ നേതൃത്വത്തിൽ പെരുവകയിൽ പൊതുജനങ്ങൾക്കായി മോചന 2011 ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടി നടത്തി. രൂപതാ ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടു ക്കുന്നേൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ മോചന 2011 ന് നേതൃത്വം നൽകി.

## മോചന 2011 – കല്ലോടി

കല്ലോടി ഉണർവ്വ് ചാരിറ്റബിൾ ട്രസ്റ്റിന്റെ നേതൃത്വത്തിൽ മാർച്ച്

19 ന് മോചന 2011 നടത്തി. ഉണർവ്വിന്റെ പ്രസിഡന്റ് ശ്രീ. സേവ്യർ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. ജോർജ്ജ് നാക്കുഴിക്കാട്ട് പരിപാടികൾ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ.ഫാ. തോമസ് കുറ്റിക്കാട്ടുക്കുന്നേൽ, സി. ജോവിറ്റ എന്നിവർ ആശംസകളർപ്പിച്ചു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ മോചന 2011 ന് നേതൃത്വം നൽകി.

## രൂപതാ നേതൃത്വ സമ്മേളനം

മദ്യവിരുദ്ധ സമിതി മാനന്തവാടി രൂപതാ നേതൃത്വ സമ്മേളനം മാർച്ച് 19 ന് മാനന്തവാടി ടൗൺ പള്ളിയിൽ ചേർന്നു. മദ്യവിരുദ്ധ വാരാചരണത്തിന്റെ റിപ്പോർട്ടുകൾ പരിശോധിച്ചു. 2011 വർഷത്തെ പ്രവർത്തന പരിപാടികൾ ചർച്ച ചെയ്തു. ഏപ്രിൽ മാസങ്ങളിൽ ഇടവകകൾ സന്ദർശിക്കുവാൻ തീരുമാനിച്ചു. യൂണിറ്റ് ശാക്തീകരണം നടത്തുവാൻ തീരുമാനിച്ചു.

## സെന്റ് ജോസഫ് ടി.ടി.ഐ ക്ക് അഭിനന്ദനങ്ങൾ

ലഹരി വിരുദ്ധ പ്രവർത്തന രംഗത്ത് സജീവ സാന്നിധ്യമാകുന്ന മാനന്തവാടി സെന്റ് ജോസഫ്സ് ടി.ടി.ഐ യിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ അർപ്പിക്കുകയാണ്. അധികാരികൾക്ക് 1011 കത്തുകളയച്ചും മാസ്ഡ്രില്ലിലൂടെ ലഹരിവിരുദ്ധ സന്ദേശം നൽകുകയും കുട്ടികൾക്കായി പോസ്റ്റർ നിർമ്മാണം, ക്വിസ്സ് മത്സരം എന്നിവയിൽ മത്സരം നടത്തിയും ലഹരിവിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നു. മാനന്തവാടി ടൗണിലേക്ക് നടത്തിയ ലഹരിവിരുദ്ധ റാലി ഏറെ ആകർഷകമായിരുന്നു. ലഘുലേഖകൾ വിതരണം ചെയ്തതും കുട്ടികൾക്ക് ലഹരിക്കെതിരെ ചിന്തിക്കുവാൻ സഹായകരമായി. 33 കുട്ടികൾ രചിച്ച 'ഹൃദയം പി.ഒ.' എന്ന പുസ്തകം വളരെ ശ്രദ്ധേയമായ പ്രവർത്തനമായിരുന്നു. കുട്ടികൾ തങ്ങളുടെ അറിവുകളും അനുഭവങ്ങളും കത്തുകളുടെയും, കഥകളുടെയും, കവിതയുടെയും രൂപത്തിൽ എഴുതിയ മനോഹരമായ ലഹരിവിരുദ്ധ സന്ദേശമായി സമൂഹത്തിന് നൽകി.

വിദ്യാലയത്തിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന പ്രിൻസിപ്പാൾ ശ്രീ. എം.സി. വിൻസെന്റ്, അദ്ധ്യാപകൻ ശ്രീ.ജോസ് പള്ളത്ത്, പിന്തുണ നൽകുന്ന മാനേജർ റവ. ഫാ. ജോർജ്ജ് മൈലാടൂർ, അദ്ധ്യാപകർ, പി.റ്റി.എ. ഭാരവാഹികൾ ഏവർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്



# ജയിൽ മിനിസ്ട്രി

2011 ഫെബ്രുവരി 27 –ന് വൈത്തിരി സബ്ജയിൽ സന്ദർശിക്കാൻ നെടുമ്പാല പള്ളിയിൽ നിന്നും ബഹു. തോമസ് പൊൻതൊട്ടിയച്ചന്റെയും ബഹു. SH സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ ഇടവകയിലെ മിഷൻലീഗ് അംഗങ്ങളായിരുന്നു വന്നത്. മാനസിക ഉല്ലാസമേകുന്ന കലാപരിപാടികളും ധാർമ്മികമൂല്യങ്ങൾ ഉൾക്കൊള്ളുന്ന സന്ദേശങ്ങളും മതാത്മകജീവിതപ്രസക്തി വ്യക്തമാക്കുന്ന പ്രാർത്ഥനയും സൗഹൃദ സംഭാഷണങ്ങളും തടവറ മക്കളുടെ മനസ്സുകളിൽ പരിവർത്തനത്തിന്റെ മാറ്റൊലി സൃഷ്ടിച്ചു. അൽപ്പനേരം ഏകാന്തതയിൽ നിന്നും അകലാൻ, സ്നേഹസൗഹാർദ്ദ അന്തരീക്ഷത്തിലേക്കാഴാൻ അവർക്കു സാധിച്ചു. ഇതിനു നേതൃത്വം കൊടുത്ത നെടുമ്പാല പള്ളി വികാരിയച്ചൻ ബഹു. തോമസച്ചനും ബഹു. സിസ്റ്റേഴ്സിനും രൂപതാ ജയിൽ മിനിസ്ട്രിയുടെ നന്ദി അറിയിക്കുന്നു. സഹകരിച്ച വൈത്തിരിയിലെ SH സിസ്റ്റേഴ്സിനും നന്ദി.

**ഫാ. ബിനു പൈനുങ്കൽ**

# റേഡിയോ മാറ്റൊലി 90.4 mhz

1. കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയവും കമ്മ്യൂണിററി റേഡിയോ ഫോറവും ചേർന്ന് മുംബെയിൽ മാർച്ച് 6 മുതൽ 8 വരെ നടത്തിയ കപ്പാസിററി ബിൽഡിംഗ് വർക്ക്ഷോപ്പിൽ റേഡിയോ മാറ്റൊലി അസി. ഡയറക്ടർ ഫാ. ജോസ് കാവുങ്കൽ പങ്കെടുത്തു.
2. മാർച്ച് 11-ന് ഡൽഹിയിൽ വച്ച് നടന്ന കമ്മ്യൂണിററി റേഡിയോ ഫോറത്തിന്റെ വാർഷികസമ്മേളനത്തിൽ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഡോ. തോമസ് ജോസഫ് തേരകം പങ്കെടുത്തു.
3. മാർച്ച് 19 ന് റേഡിയോ മാറ്റൊലിയുടെ മാനേജ്മെന്റ് കമ്മിറ്റി മീറ്റിംഗ് നടന്നു. 19 അംഗങ്ങൾ പങ്കെടുത്തു. മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ മാനേജ്മെന്റ് കമ്മിറ്റി ചെയർമാൻ ആയി ചാർജ് എടുത്തതിനുശേഷം നടന്ന ആദ്യ മീറ്റിംഗ് ആയിരുന്നു ഇത്. മാറ്റൊലിയുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് 'വയനാടൻ ദൃശ്യങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി മേയ് മാസത്തിൽ ഒരു ഫോട്ടോഗ്രാഫി മത്സരം നടത്താനും ജൂൺ 1 ന് ഒരു സുവനീർ പ്രസിദ്ധീകരിക്കുവാനും കവി സമ്മേളനം നടത്താനും തീരുമാനമായി.
4. നബാർഡിന്റെ സാമ്പത്തികസഹകരണത്തോടെ മാറ്റൊലി പ്രക്ഷേപണം ചെയ്യുന്ന വർദ്ധിനി പരിപാടിയുടെ മൂന്നാം ഘട്ട റിവ്യൂ മീറ്റിംഗ് മാർച്ച് 21 ന് കൽപ്പറ്റയിൽ നടന്നു.

**ഫാ. ജോസ് കാവുങ്കൽ**
അസി.ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

### മീഡിയ കമ്മീഷൻ മീറ്റിംഗ്

2011 ഫെബ്രുവരി 23-ന് മീഡിയ കമ്മീഷന്റെ യോഗം ബഹു. വികാരി ജനറാളച്ചന്റെ അധ്യക്ഷതയിൽചേർന്നു. നിലവിലുള്ള മീഡിയാ കമ്മീഷൻ അംഗങ്ങളോടൊപ്പം വിവിധ ഫൊറോനകളിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട വൈദികരും യോഗത്തിൽ പങ്കെടുത്തു. നമ്മുടെ രൂപതയിലെ മീഡിയാ കമ്മീഷന്റെ പ്രവർത്തന പദ്ധതികൾക്ക് രൂപം നൽകാൻ വിവിധ രൂപതകളിലെ മീഡിയാ സെന്ററുകൾ സന്ദർശിച്ചതിന്റെ റിപ്പോർട്ട് യോഗത്തിൽ അവതരിപ്പിച്ചു.

കർണ്ണാടക റീജണൽ ബിഷപ്സിന്റെ കീഴിൽ പ്രവർത്തിക്കുന്ന സന്ദേശ (മാംഗ്ലൂർ), ഇൻഡോറിലെ സത്പ്രകാശൻ, കൽക്കത്തയിലെ ചിത്രവാണി എന്നിവ സന്ദർശിച്ചതിന്റെ റിപ്പോർട്ട് ഫാ. തോമസ് ജോസഫ് തേരകവും, കാഞ്ഞിരപ്പള്ളി അമല കമ്മ്യൂണിക്കേഷൻസ്, പാലാ കമ്മ്യൂണിക്കേഷൻസ്, ചങ്ങനാശ്ശേരി മീഡിയ വില്ലേജ് എന്നിവ സന്ദർശിച്ചതിന്റെ റിപ്പോർട്ട് ഫാ. ജെയ്സ് ബേബി ചെട്ട്യാശ്ശേരിയും അവതരിപ്പിച്ചു.

തുടർന്ന് രൂപതാ മീഡിയാ കമ്മീഷനുവേണ്ടി ഒരു ഹ്രസ്വകാല പദ്ധതിയും ദീർഘകാല പദ്ധതിയും ആവിഷ്ക്കരിക്കുന്നതിനെക്കുറിച്ചു ചർച്ച ചെയ്തു.

### മീഡിയ കൗൺസിൽ

മീഡിയ സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് അല്മായ പ്രതിനിധികൾ, സിസ്റ്റേഴ്സ്, കലാകാരന്മാർ, സംഘടനാ പ്രതിനിധികൾ എന്നിവരടങ്ങിയ ഒരു മീഡിയാ കൗൺസിൽ രൂപീകരിക്കുവാൻ യോഗത്തിൽ തീരുമാനമുണ്ടായി.

### മീഡിയ കമ്മീഷന് പേര് നിർദ്ദേശിക്കുക

രൂപതാ മീഡിയാ കമ്മീഷന് ഉചിതമായ പേര് കണ്ടെത്തുന്നതിന് ഒരു മത്സരം നടത്താൻ ഉദ്ദേശിക്കുന്നു. ഏറ്റവും നല്ല പേരു നിർദ്ദേശിക്കുന്ന വ്യക്തിക്ക് ആകർഷകമായ സമ്മാനം നൽകുന്നതായിരിക്കും. പേര് നിർദ്ദേശിക്കാനുള്ള അവസാന തീയതി ഏപ്രിൽ 30.

വിലാസം : The Director
Media Commission
Nirmala Shopping Complex
Nalloornadu P.O., Dwaraka - 670645

**ഫാ. ജെയ്സ് ബേബി ചെട്ടിയാശ്ശേരി**
വൈസ് ചെയർമാൻ, മീഡിയാ കമ്മീഷൻ

**Tidings from Mary Matha College**

1. Sri Muhammed Shafi, the DYSP and his team had an interface with our Students on *Cyber Crimes* on 21 February. Students have been warned against 'friends turned enemies!'
2. Rs. 2,10,000/= as Stipend has been distributed to 121 deserving students.
3. Rs. 1,40,000/= as Conveyance Allowance has been distributed to 51 deserving students.
4. Dr. Maria Martin Joseph, the IQAC Coordinator of the College attended the Inter National Conference on *Quality Assurance in Higher Education: Expectations and Achievements* organized by the Asia Pacific Quality Network (APQN) and hosted by the National Assessment and Accreditation Council (NAAC) @ Hotel Matthan, Bengaluru from 2 - 4 March.
5. Ms Lisha A. and Sri Bipin Jose have been inducted as Asst Professors in Computer Science, Sri Regi Francis, Ms Rajitha Xavier, and Ms Ramya Krishnan have been inducted as Asst Professors in Commerce.
6. Nobi Eldo and Kiran V. attended the *Live in Exposure Camp* organized by the National Service Scheme, Kannur Univ.@the University Campus@ Mangattuparamba from 10-13 March.
7. The Patron, Rt.Rev. Dr. Jose Porunnedom addressed the Staff on 14 March.
8. The Students' Union organized a Debate on the *Relevance of the Indian Judiciary* for the First Year Students.
9. Ms Sherine Philip Guest Faculty in Chemistry has been selected to do M Phil in the M.G. University Centre for Nano Technology @ the Priya Darshini Hills, Kottayam.
10. The College is indebted to the Services of the Guest Faculty, who would be leaving the College on 31 March.
11. The College Annual Day is scheduled for the 22 March.

**Dr. Raju George**
Principal

## CEADOM (സിഡോം)-വിദ്യാഭ്യാസരംഗം

കോർപ്പറേറ്റിൽ 2011–14 കാലഘട്ടത്തിൽ ഒഴിവു വരുന്ന അധ്യാപക തസ്തികകളിലേക്ക് നിയമനത്തിനുവേണ്ടി നടത്തിയ എഴുത്തു പരീക്ഷയുടെ അടിസ്ഥാനത്തിൽ സെലക്ഷന്റെ അടുത്ത ഘട്ടത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു. ലിസ്റ്റ് സംബന്ധിച്ച് ആക്ഷേപങ്ങളോ പരാതികളോ ഉള്ളവർക്ക് 15–04–2011 വരെ ഓഫീസിൽ നേരിട്ട് വന്ന് ആയത് ബോധിപ്പിക്കുന്നതിനും, ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുന്നതിനും അവസരം ഉണ്ടായിരിക്കുന്നതാണ്.

### LIST OF SELECTED CANDIDATES
**visit www.ceadom.org**

**ENGLISH**

1. Deepthi T.J.
2. Jeena K.J.
3. Jaisy V.J.
4. Tintu Maria Thomas
5. Sherin Francis
6. Gentry Paul
7. Binesh Baby
8. Bindu John
9. Taniya Mathew
10. Pressy Mathew
11. Swapna James
12. Bincy E.F.
13. Shani P.J.
14. Rijesh P.S.
15. Suneesh P Jose
16. Anumol Mathew
17. Reesha V.M.
18. Soumya Mathew
19. Silby T.J.
20. Teena M.J.
21. Linoj Joseph
22. Sr. Janet SCV
23. Binoy P.J.
24. Shibu George
25. Neena George N.
26. Tintu Mathew
27. Lency TM
28. Kavitha Anjali C

**MATHAMATICS**

29. Aneesh K.M
30. Sindu K.J.
31. Sheena K.P.

**MALAYALAM**

32. Lincy Lukose
33. Reena K.K.
34. Mini Thomas
35. Santhosh T George
36. Jaison P John
37. Divya Mariya
38. Johnson E.V.
39. Smitha Philip
40. Mariyakutty Kurian
41. Praveen George
42. Beena P.K.
43. Shilly E.J.
44. Manju P.J.
45. Biju K.V.
46. Sony Jacob
47. Priyamole V.M.
48. Ajitha Antony K.
49. Elizabath V.J.
50. Sheeba P.G.
51. Shyni T.M.
52. Nicemol Markose

**NS**

53. Lincy Abraham
54. Jeseentha K.V.
55. Neethu Rose Joseph
56. Joseph K.V.
57. Vineetha Joseph
58. Jincy P.J.

**PS**

59. Shiny Thomas
60. Priyanka M.S.
61. Josni Jose
62. Divya Abraham
63. Golda Louis
64. Bijoy C.J.
65. Christina Joseph
66. Sr. Asoontha Mathew
67. Jesna Jose K
68. Jinesh Salas
69. Jisha K. Dominic
70. Bincymol Thomas
71. Deepthi Kuriakose
72. Aneesh Thomas
73. Dhanya K George
74. Smitha E.K.
75. Jincy N.P.
76. Sheeja Abraham
77. Sumi Chacko
78. Roy Chacko
79. Mohan George
80. Lucy P.L.
81. Shiny George
82. Deepa E.P.

**TTC**

1. Ajeesh Varghese
2. Anu Thomas
3. Babitha E.S.
4. Binaya Joseph
5. Jesna K.R.
6. Jisha George
7. Tintu Abraham
8. Jincy M Paul
9. Sini K.M.
10. Smitha Joseph
11. Soumya Lopez
12. Dhanya P.J.

| | | | |
|---|---|---|---|
| 13. | Dinto Davis | 32. | Nayana Syamaraj |
| 14. | Jessy C.J. | 33. | Bejamine Moloise |
| 15. | Sr. Biji Paul CMC | 34. | Christian Mathew |
| 16. | Anila P Joseph | 35. | Jainimol M.V. |
| 17. | Dilna K.C. | 36. | Bindu Chacko |
| 18. | Flowerin Jose | 37. | Renimol Joseph |
| 19. | Jubin P.E. | 38. | Sheeja Simon |
| 20. | Leena P Antony | 39. | Shellmol M.C. |
| 21. | Ramachandran K.K. | 40. | Sr. Deepa Antony SKD |
| 22. | Mintu P.M. | 41. | Sr. Beena V.J. SH |
| 23. | Shafrin Saju | 42. | Sr. Dhanya FCC |
| 24. | Mable Paul | 43. | Sr. Lissy K.J. SH |
| 25. | Neethu Johny | 44. | Sr. Bindu M.F. SABS |
| 26. | Sona P.S. | 45. | Sr. Elsy Thomas FCC |
| 27. | Amalda Emmanuvel | 46. | Sr. Sheeja Sebastian SH |
| 28. | Joicy P Paul | 47. | Sr. Annamma T.V. SABS |
| 29. | Reeja Joseph | 48. | Sr. Ancy Thomas CMC |
| 30. | Swapna P.T. | 49. | Sr. Ancy Jose CMC |
| 31. | Relgy Varkey | | |

**ഫാ. റോബിൻ വടക്കൻചേരിൽ**
കോർപ്പറേറ്റ് മാനേജർ

# ‘ദയാവധം ഏതുവിധത്തിലായാലും കൊലപാതകമാണ്

ആകെ ചിന്താക്കുഴപ്പമുണ്ടാക്കുന്ന ഒരു വിധിയായിപ്പോയി ദയാവധത്തെ സംബന്ധിച്ച് സുപ്രീംകോടതിയുടെ പുതിയവിധി. ചില ചാനലുകളും പത്രങ്ങളും ‘ദയാവധം ഈ രാജ്യത്ത് അനുവദിക്കില്ല’ എന്ന തലക്കെട്ടും തുടർന്ന് മരുന്നും ഭക്ഷണവും നൽകാതെ ആ ജീവൻ അവസാനിപ്പിക്കാൻ വേണ്ടവ ചെയ്യാമെന്നും പറഞ്ഞിരിക്കുന്നു. ഇത് ദയാവധം തന്നെയാണ്. ദൈവദാനമായ ജീവൻ തിരിച്ചെടുക്കാനുള്ള അവകാശം അതിന്റെ ദാതാവും ഉടയവനുമായ ദൈവത്തിൽ നിക്ഷിപ്തമാണ്. ജീവൻ അവരവരുടെ സ്വന്തമാണ് എന്ന മിഥ്യാധാരണയിലാണ് അത് അവസാനിപ്പിക്കുന്ന ദയാവധം അനുവദിക്കാനൊരുങ്ങുന്നത്. “നിന്റെ സ്വന്തജീവൻപോലും നിന്റേതല്ലാതായിരിക്കെ മറ്റൊരാളുടെ ജീവൻ അവസാനിപ്പിക്കാൻ അനുവദിക്കുക” - ആർക്കാണവകാശം. ഒരു ജസ്റ്റീസിനും ഭരണാധികാരികൾക്കും അതിനവകാശമില്ല.

‘ലക്ഷ്യങ്ങളും മാർഗ്ഗങ്ങളും എന്തായാലും വൈകല്യമുള്ളവരുടെയും രോഗികളുടെയും മരണാസന്നരുടെയും ജീവിതം അവസാനിപ്പിക്കുന്നതാണ് പ്രത്യക്ഷമായ ദയാവധം. അത് ധാർമ്മികമായി സ്വീകാര്യമല്ല. (കത്തോലിക്കാ സഭയുടെ മതബോധനം CCC 2277) ജീവിതത്തിൽ ബലക്ഷയവും രോഗവുമുള്ളവർ പ്രത്യേകം ബഹുമാനം അർഹിക്കുന്നു. കഴിയുന്നിടത്തോളം സാധാരണ ജീവിതം നയിക്കുവാൻ രോഗികളെയും വൈകല്യമുള്ളവരെയും നാം സഹായിക്കേണ്ടതാണ് (CCC 2276).

വെജിറ്റേറ്റീവ് അവസ്ഥയിലായിരിക്കുന്ന രോഗികൾ വർഷങ്ങൾക്ക് ശേഷം സാധാരണ ജീവിതത്തിലേയ്ക്ക് ആരോഗ്യാവസ്ഥയിലേയ്ക്ക് തിരിച്ച് വന്ന സംഭവങ്ങൾ ലോകത്ത് പലയിടത്തും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1996 ജൂൺ 7 ലെ ബ്രിട്ടീഷ് മെഡിക്കൽ ജെർണലിൽ നിഷ്ക്രിയരായിരുന്ന 40 രോഗികളിൽ 17 രോഗികൾ തിരികെ ബോധാവസ്ഥയിലേയ്ക്ക് വന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ദയാവധത്തെ സംബന്ധിച്ച സഭയുടെ ഔദ്യോഗിക കാഴ്ചപ്പാട് ജോൺ പോൾ രണ്ടാമൻ മാർപാപ്പ വ്യക്തമാക്കിയിട്ടുണ്ട്. “കത്തോ

ലിക്കാ സഭയുടെ മെത്രാന്മാരുമായുള്ള ഐക്യത്തിൽ, കാരുണ്യവധം ദൈവപ്രമാണത്തിന്റെ ഗൗരവാവഹമായ ലംഘനമാണെന്ന് ഞാൻ ഉറപ്പിച്ചു പ്രസ്താവിക്കുന്നു. കാരണം, അത് മനുഷ്യവ്യക്തിയുടെ മനപൂർവ്വവും അസ്വീകാര്യവുമായ വധമാണ്. ഈ സിദ്ധാന്തം സ്വാഭാവിക നിയമത്തിലും ലിഖിതമായ ദൈവവചനത്തിലും അടിയുറപ്പിച്ചിട്ടുള്ളതും സഭയുടെ പാരമ്പര്യം പകർന്ന് തന്നിട്ടുള്ളതും സാധാരണവും സാർവ്വത്രികവുമായ പ്രബോധന അധികാരം പഠിപ്പിച്ചിട്ടുള്ളതുമാണ്. ഈ പ്രവൃത്തിക്ക് സാഹചര്യങ്ങളെ ആശ്രയിച്ച് ആത്മഹത്യയുടെയോ കൊലയുടെയോ തിന്മയുണ്ട്" (ജീവന്റെ സുവിശേഷം 65)

എല്ലാ ദയാവധവും ആത്മഹത്യയോ കൊലപാതകമോ ആണ്. ഡോക്ടറുടെ സഹായത്തോടെ നടക്കുന്നതാണെങ്കിലും അല്ലെങ്കിലും അത് കൊലപാതകം തന്നെയാണ്. വ്യക്തി അറിഞ്ഞുള്ളതാണെങ്കിൽ മറ്റുള്ളവരുടെ സഹായത്തോടെ നടത്തുന്ന ആത്മഹത്യയുമാണ്. വീട്ടുകാർ മരുന്നും ഭക്ഷണവും നൽകാതിരുന്ന് ആ വ്യക്തിയെ കൊല്ലുക തന്നെയാണ് ചെയ്യുന്നത്. ദയാവധം അനുവദിക്കുകയില്ലെന്നും ഭക്ഷണവും മരുന്നും നൽകാതിരുന്ന് ജീവൻ അവസാനിപ്പിക്കാമെന്നും പറയുന്നത് വൈരുദ്ധ്യമാണ്. അത് ദയാവധം തന്നെയാണ്. വിധികർത്താക്കൾ ധാർമ്മികത നിയമത്തിൽ നിന്ന് മാറ്റി ചിന്തിക്കുന്നതുകൊണ്ട് സംഭവിക്കുന്നതാണിത്. ബലമുള്ളവൻ ബലഹീനനെ നശിപ്പിക്കാൻ അനുവദിക്കുന്ന ക്രൂരതയുടെ നിയമമാണ് ദയാവധം. ഇത് മരണസംസ്ക്കാരത്തിന്റെ വിജയമാണ്.

**എബ്രഹാം പുത്തൻകളം**
(കെ.സി.ബി.സി. പ്രൊലൈഫ് സമിതി സെക്രട്ടറി)
9447508187
e-mail:krupaprolifers@gmail.com



# അറിയിപ്പുകൾ

## 1) ബഹു. വികാരിയച്ചന്മാരുടെ പ്രത്യേകശ്രദ്ധയ്ക്ക്

### ദൈവശാസ്ത്ര കോഴ്സ് പി.ഒ.സി യിൽ

പാലാരിവട്ടം പി.ഒ.സി. യിൽ 2010-2011 അധ്യയന വർഷത്തെ **'ഏകവർഷ ദൈവശാസ്ത്ര റസിഡൻഷ്യൽ ഡിപ്ലോമ കോഴ്സ്' 2011 ജൂൺ 12 ന് ആരംഭിക്കുന്നു.** ദൈവശാസ്ത്രം, ബൈബിൾ, ആദ്ധ്യാത്മികത, മതബോധനം, മാധ്യമപരിശീലനം, സംഘടനാപ്രവർത്തനം, നേതൃത്വകല, വ്യക്തിത്വവികാസം എന്നിവ മുഖ്യവിഷയങ്ങളാക്കി നടത്തുന്ന ഈ കോഴ്സിൽ ഓരോ വിഷയത്തിലും പ്രാവീണ്യം നേടിയിട്ടുള്ളവർ ക്ലാസ്സുകൾ നയിക്കുന്നു. സമഗ്രമായ പരിശീലനമാണ് ഈ കോഴ്സിന്റെ ലക്ഷ്യം. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും കാലിക്കറ്റ് സർവകലാശാലയുടെയും ഡിപ്ലോമ ലഭിക്കുന്നു. NCVT സർട്ടിഫിക്കറ്റിനർഹമായ കമ്പ്യൂട്ടർ പരിശീലനവും നൈപുണ്യ ഇന്റർനാഷണലിന്റെ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സുകളും ഇതോടൊപ്പം നൽകുന്നതാണ്. 17 നും 35 നും മദ്ധ്യേ പ്രായമുള്ളവരും പ്ലസ്ടു വിദ്യാഭ്യാസം എങ്കിലും പൂർത്തിയാക്കിയവരുമായ എല്ലാവർക്കും അപേക്ഷിക്കാവുന്നതാണ്. അർഹരായ അല്മായർക്ക് ഫീസിൽ സമ്പൂർണ്ണമായ ഇളവും സന്യസ്തർക്ക് ഭാഗികമായ ഇളവും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷാഫോറം 2011 മെയ് 30 നു മുമ്പ് ഓഫീസിൽ ലഭിച്ചിരിക്കണം.

കഴിവുറ്റ അത്മായ നേതൃത്വനിരയെ പരിശീലിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അച്ചന്റെ ഇടവകയിൽ നിന്ന് യോഗ്യരായ വ്യക്തികളെ ഈ കോഴ്സിലേക്ക് പറഞ്ഞയയ്ക്കാൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അപേക്ഷാ ഫോറങ്ങൾക്കായി രൂപതാ കച്ചേരിയുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾ 0484 2805722 ൽ നിന്നോ w.w.w.kcbcsite.com എന്ന വെബ്സൈറ്റിൽ നിന്നോ ലഭ്യമാണ്.

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**

പ്രോട്ടോസിഞ്ചെല്ലൂസ്

## 2) SPECIAL RENEWAL PROGRAMMES FOR SPIRITUAL LEADERS

**At DIVINE RETREAT CENTRE - JULY 2011**

**1. "INNER HEALING RETREAT" - FOR PRIESTS** (in English)

2011, July 3, Sunday 6.00 p.m. to July 8, Friday 2.00 p.m.

***Directed by***

Rev.Fr. Mathew Naickomparambil VC, Rev.Fr.Augustine Vallooran VC
Rev. Fr. Joseph Erambil VC, Rev. Fr. Michael Payyappilly VC.

**Retreat Fee :** Rs. 350/- Prior registration is not required

**2. RETREAT & FORMATION FOR SPRITUAL LEADERSHIP**

for priests, Religious & Lay Leaders in Ministry (In English)
2011, July 10, Sunday 6.00 p.m. to July 15, Friday 2.00 p.m.

***Directed by***

Rev.Fr.Augustine Vallooran VC, Rev. Fr. Joseph Erambil VC,
Rev. Fr. Michael Payyappilly VC

**Retreat Fee :** Rs. 350/- Prior registration is not required

***For more details:***

Rev. Fr. Augustine Vallooran Vc,
Divine Retreat Centre,
Muringoor P.O., Chalakudy - 680 316, Kerala
Tel: 0480 2708098 / 2708193, Fax: 0480 2708097
E-mail: divineretreatcentre@gmail.com, Website: www.drcm.org

●●

## 3) ജീസസ് മിഷൻ ധ്യാനം – കുട്ടികൾക്ക്

വിൻസെൻഷ്യൻ വൈദികർ നയിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള ജീസസ് മിഷൻ ധ്യാനം ഏപ്രിൽ മെയ് മാസങ്ങളിൽ നടത്തുന്നു. ധ്യാനപ്രസംഗങ്ങൾക്ക് പുറമെ ദിവ്യബലി, ആരാധന, ഗാനശുശ്രൂഷ. കൗൺസിലിംഗ്, Role Play, Action Songs, Bible Ralley, Video Visual Programme, സ്നേഹവിരുന്ന് തുടങ്ങിയ പരിപാടികളും ധ്യാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അച്ചന്റെ ഇടവകയിലെ കുട്ടികൾക്കായി മൂന്ന് ദിവസത്തെ ധ്യാനം നടത്തുവാൻ താൽപര്യം ഉണ്ടെങ്കിൽ അറിയിക്കുമല്ലോ.

അഡ്രസ്സ്: **Director** Jesus Mission,
Vincentian Vidyabhavan, UC College P.O.,
Alwaye, Pin 683102, Phone : 0484-2604404

## 4) NOBI COMMUNICATIONS (NORBERTINE FATHERS)

*St. Augustine Study House*
*Carmelaram P.O., 560 035, Kasavanahally - Bangalore*
*Tel: 080-25920481, 9986724381, E-mail:jmurickan@gmail.com*

### Communications workshop

'Nobi Communications' in association with the CBCI Commission for Social Communications is glad to announce one-week course/ workshop for priests and religious on **Communications for Pastoral Leadership.** It is scheduled from **15-21 May 2011** at Nobi Communications, Bangalore. The course will be a blend of theory and practice and the participants will be empowered to integrate communications into the various apostolates of the Church.

- The course is recommended for those in formation and pastoral ministry.
- The participants are expected to know the basics of computer.
- It is highly recommended to carry personal laptops.

### Course outline

- Communications and media
- Spirituality of social communications
- Media education
- Basic video production and editing
- Basic animation with PowerPoint
- Image editing in Photoshop
- Church and the media
- Pastoral communication: aptitude & skills
- Media languages: journalism, film and internet
- New media and social net working

ONLY 20 participants are admitted. Hurry up...Ensure your seat....Call or write on the above address.

**Date : 15-21 May 2011, Place: Bangalore, Fee: Rs. 3500/-, Seats Available: 20**

Dr. Jose Murickan O.Praem
National Coordinator for Formation in Communications

●●

**5) സപിയെൻസ്യാ ഇഗ്നോ കമ്മ്യൂണിറ്റികോളേജിൽ വിവിധ കോഴ്സുകൾ**

കോതമംഗലം രൂപതയിൽ മുതലക്കോടം ഇടവകയിൽ 10 വർഷ പ്രവർത്തന പാരമ്പര്യമുള്ള സപിയെൻസ്യ കൗൺസലിംഗ് സെന്ററിനെ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി **"കമ്മ്യൂണിറ്റി കോളേജ്"** എന്ന നിലയിലേക്കുയർത്തി.

ദേശീയ അന്തർദേശീയ അംഗീകാരമുള്ള സർട്ടിഫിക്കറ്റുകൾ, ഡിപ്ലോമകൾ IGNOU തന്നെ ആണ് പഠിതാക്കൾക്ക് നൽകുക.

**കോഴ്സുകൾ:**

**1. ഡിപ്ലോമ ഇൻ കൗൺസലിംഗ് ആന്റ് സൈക്കോതെറാപ്പി (DCPT)**

സ്കൂൾ, കുടുംബങ്ങൾ, വിവിധ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ വൈദഗ്ധ്യത്തോടെ കൗൺസിലിംഗ് നടത്തുവാനുതകുന്ന മാസ് കൗൺസിലിംഗ്, തെറാപ്പികളുടെ പരിശീലനം, ഇമോഷണൽ ലിറ്ററസി തുടങ്ങിയവയുടെ പഠനവും പ്രായോഗികതയും ഈ കോഴ്സിന്റെ പ്രത്യേകതകളാണ്. വിദൂരപഠനവും റസിഡൻഷ്യൽ പഠനവും ഈ കോഴ്സിനുണ്ട്.

റസിഡൻഷ്യൽ പഠനം തീർച്ചയായും പ്രാവീണ്യമുള്ള സൈക്കോ തെറാപ്പിസ്റ്റാകുവാൻ ഏറെ പ്രയോജനപ്പെടും. ഏതെങ്കിലും ഡിഗ്രി കഴിഞ്ഞവരാണെങ്കിൽ D. C. P. T. or DIG കഴിഞ്ഞവർക്ക് IGNOU യുടെ നിബന്ധനയനുസരിച്ച് MSc in Counselling ന് ചേർന്ന് പഠിക്കാവുന്നതാണ്.

**2. ഡിപ്ലോമ ഇൻ വിമൻ എംപവർമെന്റ് ആന്റ് ഡെവലപ്മെന്റ് (DWED)**

സ്ത്രീകളെ സമൂഹത്തിന്റെ മുൻപന്തിയിലെത്തിക്കുന്നതിനുപയുക്തമായ നേതൃത്വ പരിശീലനം ഈ കോഴ്സിൽ ഉൾപ്പെടുന്നു.

**3. ഡിപ്ലോമ ഇൻ ഗൈഡൻസ് (DIG)**

അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്കായി പ്രത്യേകം രൂപീകരിച്ച പഠന പദ്ധതിയാണിത്.

**4. സർട്ടിഫിക്കറ്റ് ഇൻ ജെറിയാട്രിക് കെയർ ആന്റ് മാനേജ്മെന്റ് (DGCM)**

രോഗം, മക്കളുടെ അസാന്നിദ്ധ്യം, വാർദ്ധക്യം എന്നീ അവസ്ഥകളിൽ സേവനനിരതരാകുന്ന നേഴ്സുമാർ, യുവതിയുവാക്കൾ തുടങ്ങിയവരെ ഈ കോഴ്സ് പ്രത്യേകമായി മുന്നിൽ കാണുന്നു.

**യോഗ്യത:**

ഡിപ്ലോമ കോഴ്സുകൾ - +2/ തത്തുല്യം പാസ്/ കൗൺസലിംഗ് എക്സ്പീരിയൻസ് + SSLC പാസ്

സർട്ടിഫിക്കറ്റ് കോഴ്സുകൾ - SSLC പാസ്

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **"ഏപ്രിൽ 30"**

വിദൂര പഠനക്ലാസുകൾ അവധി ദിവസങ്ങളിൽ ആയിരിക്കും. ശനി, ഞായർ മറ്റ് ഒഴിവുദിനങ്ങൾ പഠിതാക്കളെ പരിഗണിച്ച് രൂപപ്പെടു ത്തുന്നു.

à ഡിപ്ലോമ കോഴ്സ് ഫീസ് - 5000 രൂപ

à സർട്ടിഫിക്കറ്റ് കോഴ്സ് ഫീസ് - 2500 രൂപ

à റെസിഡൻഷ്യൽ കോഴ്സ്സ് ഫീസ് - 5500 രൂപ per month

**അപേക്ഷ ഫോറം ലഭിക്കുന്ന സ്ഥലങ്ങൾ**

à സപിയെൻസ്യ ഇഗ്നോ കമ്മ്യൂണിറ്റി കോളേജ്, മുതലക്കോടം തൊടുപുഴ, ഫോൺ: 224046, 220909

à ഹോളി ഫാമിലി നേഴ്സിംഗ് സ്കൂൾ, മുതലക്കോടം തൊടുപുഴ ഫോൺ: 04862 - 224596

à സെന്റ് സെബാസ്റ്റ്യൻ യു.പി. സ്കൂൾ, തൊടുപുഴ, ഫോൺ: 04862 - 220570

à ഉപാസന ജ്യോതി സൂപ്പർ ബസാർ, തൊടുപുഴ ഫോൺ: 04862 - 223286

**കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക**

ι സി. അക്വീന ഇംപാലിൽ എസ്.എച്ച്. പ്രിൻസിപ്പൽ,
സപിയെൻസ്യ ഇഗ്നോ കമ്മ്യൂണിറ്റി കോളേജ്,
ഫോൺ: 04862, 224046, 220909
email: sr aquina@gmailcom., www.sapientia community college mt.org.

ι മി. പി. ജെ. സെബാസ്റ്റ്യൻ കോ - ഓർഡിനേറ്റർ
Mobile: 9447734020

ι മിസ്. അശ്വതി ചന്ദ്രൻ, ഓഫീസ് മാനേജർ
Mobile: 9526518578

●●



# Programme

## PASTORAL CENTRE, DWARAKA

### *April- 2011*

| | | |
|---|---|---|
| *01 Fri* | - | *Zion CRC : Night Vigil* |
| *02 Sat* | - | *Zion CRC : Prayer Day, Christeen Prayer Day* |
| *04 Mon-05 Tue* | - | *CML : Kallody Forane Camp* |
| *06 Wed* | - | *CML : Executive* |
| *08 Fri-10 Sun* | - | *Catechism: Valuation Camp* |
| *09 Sat* | - | *Zion CRC : Jesus Youth Prayer Day* |
| *10 Sun* | - | *KCYM : Secretariat / Syndicate* |
| *11 Mon-13Wed* | - | *Christeen Retreat* |
| *12 Tue* | - | *CMA and Women's Commission Meeting* |
| *14 Thu* | - | *KCYM : Vanithasangamam* |
| *15 Fri-18 Mon* | - | *Marriage Preparation Course* |
| *19 Tue* | - | *Directors' Meeting; Marian Singles* |
| *20 Wed-25 Mon* | - | *Easter* |
| *26 Tue-29 Fri* | - | *Marriage Preparation Course* |
| *30 Sat* | - | *CML : Managing Committee; HDC* |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

***March 17-April 14 :*** *Rome*

| | | |
|---|---|---|
| *April 15 Fri* | .... | *Out of Station* |
| *16 Sat* | ............... | *Engaged* |
| *18 Mon* | ............. | *Minor Seminary : Minor Orders* |
| *20 Wed* | ............ | *Chemperi : Vimal Jyothi Engineering College* |
| *21 Thu* | ............. | *Cathedral : Maundy Thursday* |
| *22 Fri* | ............. | *Cathedral : Good Friday* |
| *24 Sun* | ............. | *Cathedral : Easter* |
| *25 Mon* | ............. | *Minor Seminary : Interview* |
| *26 Tue* | ............. | *Rippon : First Communion and Confirmation* |
| *27 Wed* | ............. | *Kakkanad : Mount St. Thomas* |
| *28 Thu* | *Morning* | *Karackamala : Ordination of Dn.Sherit Kappiyarumalayil MST* |
| | *Afternoon* | *St. Joseph's Hospital Mananthavady, Blessing of New Block* |
| *29 Fri* | ............. | *Out of Station* |
| *30 Sat* | ............. | *Dwaraka : Vestition and First Profession of SABS Novices, Final Profession of SH Sisters, Silver & Golden Jubilee of SH & SABS Sisters* |

***May 2011***

| | | |
|---|---|---|
| *1 Sun* | ............... | *Mangalam : Pastoral Visit* |
| *2 Mon* | ............... | *Hinkal : Diocesan Day of Mandya Diocese* |

| | | |
|---|---|---|
| 3 Tue | Morning | Kappiset : Ordination of Dn.Mathew (Siby) Palakkunnel (Precious Blood Congregation) |
| | Afternoon | Kallumukku : Blessing of Presbytery |
| 4 Wed | .............. | Dwaraka : Diocesan day |
| 5 Thu | .............. | Valiyakolly : Blessing of Convent |
| 6 Fri | .............. | Out of Station |
| 7 Sat | Morning | Dharmagiri : Blessing of Presbytery |
| | Afternoon | Valavayal : Final Profession of DC Sisters |
| 8 Sun 10 Tue | ......... | Seminarians' Gathering |
| 11 Wed | ............. | Thrissilery : Ordination of Dn. Sebastian Veliyappillil PSDP |
| 12 Thu | ............... | Poolapadam : Blessing of Presbytery |
| 13 Fri | ............... | Out of Station |
| 14 Sat | ............... | Kayakkunnu : Blessing of SD Convent |
| 15 Sun | ............... | Arinchermala : First Communion & Confirmation |
| 16 Mon | .............. | Mannuvayal : Blessing of School |
| 17 Tue | .............. | Dwaraka : Anniversary of Vincent De Paul Society |
| 18 Wed | ............ | Parathottam : Ordination of Dn. Binu Annathukuzhy C.Ss.R |
| 19 Thu | .............. | Deepthi Bhavan : Superiors' Meet |
| 20 Fri | .............. | Out of Station |
| 21 Sat | Morning | Cheriyamkolly : First Profession and Silver Jubilee Celebration of the Foundation of Rogationist Congregation in India |
| | Afternoon | Thonichal : SKD Generalate Superiors' Meet |
| 22 Sun | ............. | Kurumbalakotta: Blessing of Presbytery |
| 23 Mon | ............ | Dwaraka : Corporate Teachers' Convention |
| 24 Tue | ............. | Vestition : Vincentgiri |